KRISHNA MENON ORU THEERTHAYATHRA

U8·N2 32H2

U8:2:N2
32H2

MUL
165376

MADRAS UNIVERSITY LIBRARY

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

18 OCT 1964

# ഒരു തീർത്ഥയാത്ര

For favour of consideration
by the Board of Studies, Madras

ഗ്രന്ഥകർത്താ

ടി. കെ. കൃഷ്ണമേനോൻ

രണ്ടാംപതിപ്പ്.

UNIVERSITY LIBRARY
24 AUG 1955
MADRAS

പ്രകാശകന്മാർ

ബി. വി. ബുക്ക്ഡിപ്പോ & പ്രിൻറിങ്ങ് വർക്ക്സ്,

തിരുവനന്തപുരം — തൃശ്ശിവപേരൂർ.

1118] [വില 12 ണ,

165376
38304
U8:2:N2
32H2

# സമർപ്പണം

ശ്രീമതി

വി. കെ. ലക്ഷ്മിക്കുട്ടി നേത്യാരമ്മ

അവർകൾക്ക്.

(ഷഷ്ട്യബ്ദപൂർത്തി സ്മാരകം)

"ധ്യാനത്തിൻെറ കെടാവിളക്കു തെളിയി-
ച്ചാമോദവത്ഭക്തിയാം
സൂനത്താൽ പദപൂജ ചെയ്തു്,"
ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള
ദേവീദേവന്മാരോടായിക്കൊണ്ടു്,

മഹാമഹിമ

"ശ്രീ യുവമാടരാജദയിതയ്ക്കേകേണമേ മംഗളം."
എന്നിങ്ങനെ ഈയുള്ളവൻ,
ഈ സുദിനത്തിൽ, പ്രാർത്ഥിച്ചുകൊള്ളുന്നു.

൧൧൨൭—൧൨—൨൭

UNIVERSITY LIBRARY
24 AUG 1955
MADRAS

# അഭിപ്രായങ്ങൾ

---

**Prof. P. Sankaran Nambiyar, M. A.,**

(*In the "Cochin Argus"*)

Mr. T. K. Krishna Menon's pilgrimage to places of religious and historical interest in North India has resulted in the addition of a fascinating little volume to the Literature of Travel in Malayalam which is now comparatively very meagre. He has given us a vivid and inspiring description of the far-famed cities of Upper India, and the charms, natural and man-made, associated with them. While invariably giving them the praise that is their due, he never allows himself to be carried off his feet by any ebullition of enthusiasm for mere novelty. The book is rich in observations and comments on men and things which unmistakably bear out the author's balanced mind and mature judgement. Wherever he roams, whatever he sees, Mr. Krishna Menon remains an essentially patriotic Malayalee, imbued with exemplary pride and passion for the glories of Kerala. He never fails to impress upon his readers the desirability of emulating the various institutions of social, literary and scientific value that he has had occasion to visit, but he has the courage of conviction to declare unhesitatingly that, for the sheer virtue of promoting spiritual excellence, the neat and elegant temples of Kerala still stand unparalelled, while their counterpart elsewhere betray a deplorable decadence characteristic of a materialistic age.

At the sight of localities and institutions of historical or puranic interests, the scholarly pilgrim feels a natural heart-throb which finds vent in the wealth of literary reminiscences embellishing almost every page of the book. Its interest has been further diversified by the introduction of apt stories supplied by the tradition and folklore centering round the scenes described. Above all, the author has taken care to embody in the book many valuable suggestions of practical utility for the help and guidance of pilgrims, especially in

the places where callous robbers masquerade in the guise of cicerones, taxidrivers, beggars and priests! The whole is written in easy, effortless and elegant language, which has a plain, unadorned beauty about it as expression coming straight from the heart,—a language such as ensures the perusal of the complete volume at a single setting. One cannot, however, help remarking that the printing and get-up of the book leave room for improvement, consistent with the quality of its contents, and that the addition of a sketch-map of the places of pilgrimage, together with blocks of some of the most important places and institutions described, would have manifestly enchanced the attractiveness and usefulness of the publication.

**Prof. L. V. Ramaswamy Iyer, M. A., B. L., L. T.,**

(*In the Madras "Educational Review"*)

Mr. Tottakkat Kunhi Krishna Menon, the *doyen* among Kerala antiquarians and scholars today, has recorded in this book his impressions of an All-India pilgrimage which he undertook recently. As Mr. Krishna Menon is not a narrow sectarian, his pilgrimage was at once religious and cultural. The itinerary included not only well-known religious centres but also places of historical and cultural interest. In simple and forcible language, Mr. Menon recounts impressions, gives counsel and recalls hoary traditions. The book is a reflex of Mr. Krishna Menon's venerable personality, his piety, his scholarship, his passion tor history and his deep reverence for the culture of India in general and that of Kerala in particular. The paucity of travel books in modern Malayalam literature makes Mr. Menon's brochure doubly welcome.

'തീൎത്ഥയാത്ര' മുഴുവനും രസിച്ചു വായിച്ചു. ഒരു തീൎത്ഥയാത്രക്കാരൻ അറിഞ്ഞിരിക്കേണ്ട പല കാൎയ്യങ്ങളും പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതു് ഉപകാരം തന്നെയാണു്. ഓരോ ദേശത്തെപ്പററിയും മുൻപു അറിഞ്ഞിട്ടില്ലാത്ത പല കാൎയ്യങ്ങളും ഗ്രഹിക്കുവാൻ കഴിയുന്നു എന്നതു ഈ പുസ്തകംകൊണ്ടു ലഭിക്കുന്ന മറെറാരു സഹായമാകുന്നു. ക്ലേശലേശം സ്പൎശിക്കാത്തതും ശുചിതപം തികഞ്ഞതും രസപുഷ്ടവും ആയ 'തീൎത്ഥയാത്ര'യിലെ ഭാഷയും എന്നെ ക്രമത്തിലധികം ആകൎഷിച്ചു. ഒരു തീൎത്ഥയാത്ര പോകണമെന്നുള്ള അതിന്റെ ആശാങ്കുരത്തിനു വളംവച്ചു വളൎച്ചനല്കി എന്ന കാൎയ്യവും ഈ പുസ്തകത്തെപ്പററി പറയേണ്ടതുണ്ടു്.

ഹിന്ദി, ഉത്തരരാമചരിതവും ഷേക്സ്പീയരും ഷായും, എന്നിവയെപ്പററി പുസ്തകത്തിൽ പറഞ്ഞ അഭിപ്രായം എന്നെ കണക്കിലേറെ രസിപ്പിച്ചു. ഇങ്ങനെ സ്വാഭിപ്രായം തുറന്നു പറയുവാൻ ധൈൎയ്യമുള്ള രണ്ടുപേർകൂടി കേരളത്തിൽ ഉണ്ടായിരുന്നു എങ്കിൽ എന്തു ഭാഗ്യമാകുമായിരുന്നു. ആകപ്പാടെ തീൎത്ഥയാത്ര ഒരു നല്ല ഗദ്യകാവ്യമായിട്ടുണ്ടു്. അതു വായിച്ചു തീരുമ്പോൾ 'ഇത്ര വേഗം ഇതു വായിച്ചു തീൎന്നല്ലോ!' എന്ന കുണ്ഠിതമേ ഉണ്ടാകുകയുള്ളു.

ശ്രീമാൻ വടക്കുങ്കൂർ രാജരാജവൎമ്മരാജാവവർകൾ.

---

# വിഷയവിവരം


| അദ്ധ്യായം | വിഷയം | ഭാഗം |
|---|---|---|
| 1 | പൺഡ്രാപുരം | 1 |
| 2 | പൂന | 6 |
| 3 | ബാംബേ, നാസിക്-പഞ്ചവടി | 19 |
| 4 | നാഗ്പൂർ, നമ്മദ, ഭോപാൽ | 26 |
| ൫ | ഉജ്ജയിനി | 31 |
| 6 | ധാരം—മണ്ഡു | 36 |
| 7 | ഇൻഡോർ, ബറോഡ | 42 |
| 8 | രാജപുട്ടാണ, അജ്മിയർ, ജയിപ്പൂർ, ഉദയ്പ്പൂർ, ചിററൂർ, ജാഡ്പൂർ | 51 |
| 9 | ആഗ്ര | 57 |
| 10 | മധുര, ഗോകുലം, വൃന്ദാവനം | 63 |
| 11 | ഡൽഹി, കുരുക്ഷേത്രം | 68 |
| 12 | ഹരിദ്വാരം, ഋഷീകേശം, ഗുരുകുലം | 72 |
| 13 | ലക്നോ, നൈമിശാരണ്യം, പ്രയാഗ | 78 |
| 14 | കാശി, സാരനാഥ് | 84 |
| 15 | ഗയ | 95 |
| 16 | കൽക്കട്ട, ബോസ് ഇൻസ്റ്റിട്യൂട്ട്, രാമകൃഷ്ണാശ്രമം, സരോജനളിനിസഭ, വ്രതചാരിസ്ഥാപനം | 98 |
| 17 | പൂരി—ജഗന്നാഥം | 108 |

# ഒരു തീൎത്ഥയാത്ര

## അദ്ധ്യായം ൧.

ചെറിയൊരു മുഖവുര.

പണ്ഡരീപുരം.

ഇതെഴുതുവാനുള്ള ഹേതു "ദീപം" പത്രാധിപരാണ്. ഞാൻ തീൎത്ഥാടനത്തിനായിക്കൊണ്ടു പുറപ്പെട്ടസമയം, യാത്രയെക്കുറിച്ചുള്ള ഒരു ചുരുക്കവിവരണമെങ്കിലും അയച്ചുതരേണമെന്ന് അദ്ദേഹം എന്നോടാവശ്യപ്പെടുകയുണ്ടായി. തരിച്ചെത്തീട്ടാലോചിക്കാം എന്നു മറുവടിയും പറഞ്ഞു. മടങ്ങിവന്നതിനുമേലും, അദ്ദേഹത്തിൻെറ ആഗ്രഹത്തെ എന്നെ ഒന്നുരണ്ടുപ്രാവശ്യം അറിവിച്ചു; മററുപലരും വിവരണം വേണമെന്നാവശ്യപ്പെട്ടു. എന്നാൽ പത്രാധിപരുടെ സ്നേഹപൂൎവ്വമായ നിർബന്ധത്തിൻെറ ഫലമാണിതു്. ഭാഷയുടെ ഭംഗി ദീക്ഷിക്കുവാൻ എനിക്കു കഴിയുകയില്ല; എല്ലാം തെററാതെ ഓൎത്തു ശരിയായി കുറിപ്പാനും സാധിക്കുമെന്നു തോന്നുന്നില്ല. ഓൎമ്മയുള്ള സംഗതികളിൽ മുഖ്യങ്ങളായ ചിലതുകളെ സൌകൎയ്യംപോലെ എഴുതിഅയയ്ക്കാം എന്നേററു.

എൻെറ യാത്രാക്രമത്തെയൊ കാൎയ്യപരിപാടിയെയൊ ആരും അനുകരിക്കണമെന്നില്ല. കുളി, ഈശ്വരഭജനം, ഊണു്, എന്നിവയ്ക്കു അനുകൂലമായ സ്ഥലത്തു് കാലത്തിറങ്ങും; പുരാണപുരിയാണെങ്കിലും പുണ്യക്ഷേത്രങ്ങളുണ്ടെങ്കിലും താമസിക്കും, അല്ലെങ്കിൽ വൈകുന്നേരംതന്നെ വീണ്ടും വണ്ടികയറും. രണ്ടുംമൂന്നും ക്ലാസ്സുകളു

ടെ ഇടയ്ക്കൊരു ക്ലാസ്സുണ്ട്. അത്തരം മുറികളിലാണ് ഞാൻ ഏറിയക്രമം യാത്രചെയ്തിട്ടുള്ളതു്. വളരെ കുറച്ചു ദിക്കിൽമാത്രമേ തിരക്കുകൊണ്ട് രണ്ടാംക്ലാസ്സുവണ്ടിയെ അഭയംപ്രാപിക്കേണ്ടതായി വന്നിട്ടുള്ളു. ഇറങ്ങി താമസിച്ചിട്ടുള്ള ഒട്ടുമുക്കാലും സ്ഥലങ്ങളിൽ സ്നേഹിതന്മാരുണ്ടായിരുന്നതുകൊണ്ട്, കാറിനും ഭക്ഷണത്തിനും ഒരിടത്തും ബുദ്ധിമുട്ടേണ്ടതായി വന്നിട്ടില്ല. അവരുടെ സഹായംകൊണ്ട് ഭാഷ അറിയാതിരുന്നതുനിമിത്തമുള്ള ദോഷവും വളരെ ഉണ്ടായില്ല; പാണ്ടമാരുടെ ശല്യത്തിൽ നിന്നു മോചനവും കിട്ടി.

ഹിന്ദി അറിഞ്ഞിരുന്നാൽ നന്ന്. വണ്ടിയിലിരിക്കുമ്പോഴും ഓരോ സ്ഥലങ്ങളിൽ ചെന്നാലും, ആളുകളായി ലൌകികനിലയിൽ പെരുമാറുന്നതിനും സാമാനങ്ങൾ വാങ്ങുന്നതിനും ഹിന്ദിഭാഷ സഹായിക്കാതിരിക്കുകയില്ല. നമ്മുടെ ആളുകൾ അതു സംസാരിക്കുവാൻ പഠിച്ചാൽ ധാരാളം മതിയാകുന്നതാണ്. അതല്ലാതെ, അവനവൻെറ മാതൃഭാഷയേയും സംസ്കൃതത്തേയും തീരെ അവഗണിച്ച്, രാഷ്ട്രവിശാരദനാകുവാനും ഉപരിപരീക്ഷകൾക്ക് ഹിന്ദിയെ ഉപഭാഷയായി എടുക്കുവാനും മററും തുടങ്ങുന്നതു അവിവേകമാണെന്ന് ആലോചിച്ചാൽ എളുപ്പത്തിൽ മനസ്സിലാകും.

ഹിന്ദികൊണ്ട് ഇക്കാലത്ത് എല്ലായിടങ്ങളിലും സുഖമായി സഞ്ചരിക്കാം എന്നു കരുതേണ്ട. ബങ്കാളം, മഹാരാഷ്ട്രം, ഗുജറാത്ത്, എന്നിഭൂഭാഗങ്ങളിൽ ആ ദിക്കുകളിലെ ഭാഷയറിഞ്ഞാലേ അവിടത്തുകാരുടെ സ്നേഹബഹുമാനങ്ങൾ സമ്പാദിക്കുവാൻ സാധിക്കൂ. ബിലാത്തിയിൽ പോയിവന്നവരാകട്ടെ, വലിയ ഉദ്യോഗപദവിയിലുള്ളവരാകട്ടെ, രണ്ടുപേർ കൂട്ടിമുട്ടിയോ, പിന്നെ അവരുടെ മാതൃഭാഷയിലേ അവർ സംസാരിക്കൂ. അവരുടെ

ഭാഷാഭിമാനം അത്രയ്ക്കുണ്ട്. നമ്മുടെ നവീനന്മാരുടെ മാതിരി, പകുതിഇംഗ്ലീഷും പകുതി നാട്ടുഭാഷയും കൂടിയ ഭാഷ അവർ ഉപയോഗിക്കുകയുമില്ല, പ്രമാണികളായ സാഹിത്യകാരന്മാരും ശാസ്ത്രജ്ഞന്മാരും അവരുടെഭാഷയിലാണ് അവിടങ്ങളിൽ അധികവും ബുക്കുകൾ എഴുതുന്നതു്. ടിലാക്ക്, ടാഗോർ, ഡട്ട്, ഇവരൊക്കെ എൻെറ വാക്കിനെ സാധൂകരിക്കുന്നതാണ്. ബങ്കാളത്തു് "വംഗീയ സാഹിത്യപരിഷത്തു്" എന്നൊരു പഴയ സ്ഥാപനമുണ്ട്. വിദ്യാസമ്പന്നന്മാരായ ബങ്കാളികളെല്ലാം അതിലെ അംഗങ്ങളായിരിക്കും. അതാണ് പതിവു്. പരിഷത്തിൻെറ വാർഷികറിപ്പോർട്ടുകളിൽ ഓരോ സംവത്സരത്തിൽ പ്രസിദ്ധപ്പെടുന്ന ബുക്കുകളുടെ പട്ടികകൾ കാണാം. ഇവയെ കാണുന്നസമയം, മലയാളഭാഷാഭിജ്ഞന്മാൎക്കു തലതിരിച്ചിലുണ്ടാകും! ബറോഡരാജ്യത്തു ഉദ്യോഗസ്ഥന്മാൎക്ക് സൎക്കാർ സംബന്ധമായ എഴുത്തുകുത്തുകളിൽ ഉപയോഗിക്കുന്നതിനു വേണ്ട പദങ്ങളെ ശേഖരിച്ച് "ശ്രീസായാജീശാസനകല്പതരു" എന്നൊരു വലിയ ആംഗലഗുജരാത്തി കോശത്തെ ഗവമ്മേണ്ടുതന്നെ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ഈ ശബ്ദസംഗ്രഹത്തെ ഉണ്ടാക്കുന്ന യോഗത്തിൽ ഗൈക്കുവാർ മഹാരാജാവുതിരുമനസ്സുകൊണ്ടുതന്നെ ഒരു അംഗമായിരുന്നു; മററുള്ളവരിൽ കൂടുതലായി അദ്ദേഹം ബുദ്ധിമുട്ടുകയും ചെയ്തിട്ടുണ്ട്,' എന്ന് അതിലൊരു അംഗം എന്നോടു പറയുകയുണ്ടായി. ഭാഷാസ്നേഹംകൊണ്ടു് അപ്രകൃതത്തിൽ അകപ്പെട്ടതാണ്.

യാത്ര തുടങ്ങുന്നതിനു മുമ്പ് ഒന്നുകൂടി പറയുവാനുണ്ട്. ആയതു വ്യായാമത്തെയും ഭക്ഷണത്തെയും കുറിച്ചാണ്. വ്യായാമം അത്യാവശ്യമാണ്. പതിവുള്ള എൻെറ വ്യായാമത്തിനു പുറമെ, ഞാൻ കഴിയുന്നതും നടന്നിരുന്നു. വെയിലും മഴയും കൊള്ളാതെയും ക്ഷീണിക്കാതെയും നട

ക്കേണ്ടതാണു്. ഊണു് ഒരുനേരംമതി; അതു രാവിലെയാണു നല്ലതും. വൈകുന്നേരം പാലും ഫലവും കഴിച്ചാൽ ഒട്ടും പോരായ്മയില്ല. മിതമായ ഭക്ഷണം ശരിയായ സമയത്തു കഴിക്കുകയും ദേഹത്തിനു വേണ്ട വ്യായാമം ചെയ്കയും ചെയ്താൽ, ഉറങ്ങുവാനായി കിടന്നു ക്ലേശിക്കേണ്ടിവരില്ല. തോന്നുമ്പോഴൊക്കെ കണ്ടതെല്ലാം വാങ്ങിത്തിന്നുകയും നിത്യകൃത്യങ്ങളെ നിരാകരിക്കയും ചെയ്താൽ തീൎത്ഥക്കരപ്പാപിയായി ആശുപത്രിയെ അന്വേഷിച്ചു കഴിച്ചുകൂട്ടാം. അല്പം മനസ്സുവെച്ചാൽ, സുഖമായി തിരിച്ചുവരുവാൻ യാതൊരു പ്രയാസവുമില്ല.

എറണാകുളത്തുനിന്നു് ഉച്ചതിരിഞ്ഞു വണ്ടികയറി. കാലത്തു് അഞ്ചരമണിക്കു് ആൎക്കോണത്തു് ഇറങ്ങി കുളിയും ഊണും കഴിഞ്ഞപ്പോഴയ്ക്കും. മദിരാശിയിൽനിന്നു ബോംബായിക്കുള്ള വണ്ടിവന്നു അതിൽ കയറി. പിറേറന്നു വെളുപ്പിനു കർഡുവാടിയിൽ എത്തി. നാലുമണിക്കു് പണ്ഡ്രാപുരത്തേക്കുള്ള വണ്ടിയിൽ പോകുവാനാണു് പുറപ്പെട്ടതു്. മിറാജ് തീവണ്ടി പറമ്പിക്കുളത്തേക്കുള്ള വണ്ടിപോലെ, ഒരു ചെറിയ വണ്ടിയാണു്. രണ്ടാം ക്ലാസ്സുവണ്ടി അടച്ചിട്ടിരുന്നു. ഒരു ജനവാതിൽ തുറന്നതോടുകൂടി കയ്യിന്മേൽ വാതിൽ വീണു. വണ്ടിയിലുണ്ടായിരുന്ന ഇൻസ്പെക്ററർ വണ്ടിനിൎത്തി, ഡാക്ററരെ വരുത്തി, വിരൽ കഴുകി മരുന്നുവെച്ചിട്ടേ വണ്ടി പുറപ്പെടുവാൻ അനുവദിച്ചുള്ളു. എൻെറ അളവററ കൃതജ്ഞതയെ ഞാൻ അദ്ദേഹത്തെ അറിയിച്ചു. "നിങ്ങൾ കമ്പനിയുടെ മേൽ നഷ്ടത്തിനു വ്യവഹാരം കൊടുത്താൽ, ഞാൻ സാക്ഷിപറയേണ്ടിവരില്ലേ?" എന്നദ്ദേഹം ചിരിച്ചുംകൊണ്ടു മറുപടിപറഞ്ഞു. പണ്ഡ്രാപുരത്തു വിട്ടോബ എന്ന നാമത്തോടുകൂടി ശ്രീകൃഷ്ണൻെറ ഒരു ക്ഷേത്രമുണ്ടു്. ഇതു വളരെ കീൎത്തികേട്ടിട്ടുള്ള ഒരു മഹാ ക്ഷേത്രമാണു്. ഭീമ എന്ന പുഴയുടെ ഒരു ഭാഗമായ ചന്ദ്രഭാഗയുടെ

അരികത്തായിട്ടാണു് ക്ഷേത്രം. ഏകാദശിദിവസം ക്ഷേത്രത്തിൽ നല്ല തിരക്കായിരിക്കും. ബാലഗംഗാധരതിലകൻ, മഹാദേവഗോവിന്ദറാണഡി, കാശിനാഥ ത്ര്യെയംബകതേലങ്ങ്, തുടങ്ങിയ മഹാന്മാർ ഭജനക്കാരൊരുമിച്ചു സ്തോത്രങ്ങൾ പാടിക്കൊണ്ടു് അവിടെ പ്രദക്ഷിണം വെക്കാറുണ്ടായിരുന്നു. ഭക്തശിരോമണികളായ തുക്കാറാം, നാമദേവൻ, കബീർദാസ്, മുതലായ കവികൾ വിട്ഠോബയെ വിഷയമാക്കി അനവധി കീത്തനങ്ങളെ നിമ്മിച്ചിട്ടുണ്ടു്.

സകള ഹീ പാപേം ഗേലിം ദിഗന്തരീം
വൈകുണ്ഠ പുണ്ഡരീ ദേഖിലീയാ-
സകള ഹീ തീർത്ഥം ഘഡതീ ഏകവേളാ
ചന്ദ്രഭാഗാ ഡോളാം ദേഖിലിയാ-
സകള ഹീ സംതാം ഏകവേള ഭേടീ
പുണ്ഡലീക ദൃഷ്ടീ ദേഖിലീയാ-
തുകാമ്മണേ ജന്മാ ആല്യാചോ സാത്ഥക
വിട്ഠല ചീ ഏക ദേഖിലീയാ.

(തുക്കാരാമിൻെറ ഒരു അഭംഗം)

രാമനാമഹരിനാമ ഭജോ ഗുരു
രാമ മിട്ഠായി ഖായിരേ,
വിട്ഠലനാമകി പൂരണബോളീ
നരസിങ്കനാമ സിരോഞ്ചീരേ

ഋഷികേശനാമകി ശക്രപനായാവു
രാമനാമ സഭ പായോരേ. (രാമ)
കൃഷ്ണ നാമ കി കീർഭനായാവു
ശങ്കര നാമ ജിലേവീരേ
മാധവനാമ കി പേണിരേ ലഡ്ഢുവാ
കേശവനാമ വഡാസീരേ (രാമ)
ഇഡാ പിംഗളാ ഔര സുഷുമ്ന
കരലാ ജാനീ ഭീകാരെ

കഹദ കബിര സുന ഭായി സാധു
കരസാ ഫേ ബക്ക ബീക്കീരാ. (രാമ)
(കബീർദാസ്)

യേഗ യേഗ വിട്ംബാ ഈ
ആവമാം അനാഥാം ചേ ആ ഈ
ഭീമാ ആണി ചന്ദ്രഭംഗാ
തുഝ്യാ ചരണീ ച്യോ ഗംഗാ.
ഇതുക്യാം സഹിത ത്വാം ബായം വേം
മഝാരംഗ തുഝ്യാ ഗുണീം
ഷമണെ നാമായ ചീ ജനി.
(നാമദേവൻ)

നാലുമണിക്കുള്ള വണ്ടിക്കു പോയാൽ, കുളിയും തൊഴലും ഊണും കഴിച്ച് അന്നുതന്നെ മടങ്ങാം. വെളുപ്പിനുള്ള വണ്ടിക്കു പുറപ്പെട്ടാൽ, കാലത്തു ആറുമണിക്കു പൂനയിൽ ചെല്ലും.

---

## അദ്ധ്യായം ൨

### പൂന.

പൂന സുഖവാസയോഗ്യമായൊരു സ്ഥലമാണ്. അതുകൊണ്ടു തന്നെയായിരിക്കേണം പൂനയെ ഒരു ബ്രിട്ടീഷ് സൈന്യവാസനഗരമായി ഇൻഡ്യാഗവൎമ്മെണ്ടു തീർച്ചയാക്കീട്ടുള്ളതു്. ബൊമ്പായി ഗവൎണ്ണരും കൊല്ലത്തിൽ കുറെ കാലം അവിടെ താമസിച്ചുവരുന്നു. നഗരത്തെ നല്ല വൃത്തിയായി വെച്ചുവരുന്നു; പട്ടാളമുള്ളഭാഗം വളരെ ശുചിയായിരിക്കുന്നു. വീതിയുള്ള വഴികളും, കൌതുകമുള്ള കെട്ടിടങ്ങളും, തോട്ടങ്ങളും, ഫലവൃക്ഷങ്ങളും

എന്നിവയെക്കൊണ്ടു പൂന അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഭംഗിയുള്ള സാരി ഉടുത്തു്, കുങ്കുമപ്പൊട്ടുംതൊട്ടു്, തല എടുപ്പോടുകൂടി മഹാകലാശാലയിലേക്കു പോകുന്ന അനവധി വിനയാന്വിതകളായ വിദ്യാർത്ഥിനികൾ ഏതു മലയാളിയേയും കേരളത്തെ ഓർമ്മിപ്പിക്കാതിരിക്കുകയില്ല. അവിടത്തെ പുരുഷന്മാർ കർമ്മധീരന്മാരാണ് എന്നുള്ള സംഗതി ഓരോ സ്ഥാപനങ്ങൾ ഉച്ചത്തിൽ വിളിച്ചുപറയുന്നു. പൂനയിലുള്ളതുപോലെ അത്ര അധികം ചവിട്ടുവണ്ടി മറെറാരിടത്തും ഉണ്ടെന്നു തോന്നുന്നില്ല. ഓരോ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നേ അവസരത്തിൽ, ഇതിനുള്ള ഹേതുവെന്താണെന്നു ഞാനൊരു സ്നേഹിതനോടു ചോദിക്കുകയുണ്ടായി. എന്റെ ചോദ്യത്തിനുള്ള മറുപടി ഈവിധമായിരുന്നു: "ഞങ്ങൾക്കു മററുതരം വണ്ടി വാങ്ങി ഉപയോഗിക്കുവാൻ പണമില്ല. ഉള്ള പണം പരോപകാരത്തിനായിട്ടു ചിലവഴിക്കുന്നു. പിന്നെ, മററൊരു കാരണവും കൂടി പറയാം. പൂനയുടെ നാലുപുറവും നോക്കു; മുട്ടപ്പാറക്കുന്നുകളെയല്ലെ നിങ്ങൾ അധികവും കാണുന്നതു്? ഉന്നതിക്കു അവനവൻതന്നെ നല്ലപോലെ ചവിട്ടിക്കയറേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ചവിട്ടുവണ്ടി ആ തത്വത്തെ എപ്പോഴും ഓർമ്മിപ്പിക്കുമല്ലോ.?

മഹാരാഷ്ട്രക്കാർ നല്ല നെഞ്ചുറപ്പും, ചുണയുമുള്ള ഒരു ജാതിക്കാരാണ്. അവർ ശിവാജിയുടെ വംശജന്മാരായിരിക്കുവാൻ യോഗ്യന്മാരാണ്. ശിവാജിയെ അവർ വലിയൊരു ആരാദ്ധ്യപുരുഷനായിട്ടാണ് കരുതിവരുന്നതു്. എവിടെ നോക്കിയാലും സ്വദേശസ്നേഹത്തിന്റെയും ലോകസേവേച്ഛയുടെയും ലക്ഷണങ്ങൾ പ്രത്യക്ഷമായിരിക്കും. നിഷ്കാമകർമ്മമഠം, ഹിന്ദുസ്ത്രീകൾക്കുള്ള സർവ്വകലാശാല, ഫർഗ്ഗുസൻ കോളജ്, ഭാരതഭൃത്യസം

ഘലം, ഭാരത-ഇതിഹാസ സംശോധകമണ്ഡലം, ഭണ്ഡക്കർ ഒറിയൻറൽ ഇൻസ്റ്റിട്യൂട്ട്, മഹാരാഷ്ട്രീയമണ്ഡലം, എന്നിവ എൻെറ നിവേദനത്തിനു ഉദാഹരണങ്ങളാണ്.

ഒടുവിൽ കൊടുത്തിട്ടുള്ളതു്, വ്യായാമപരിശീലനത്തിനായി, 1924 ൽ 17 ചെറുപ്പക്കാർ കൂടി തുടങ്ങിയ ഒരു സംഘമാണ്. ഇന്നതൊരു റജിസ്റ്റ്രൂ്ചെയ്ത സംഘമാണ്. അറുന്നൂറിൽ അധികം അംഗങ്ങളുമുണ്ട്. ബൊമ്പായി സംസ്ഥാനത്തുള്ള പ്രമാണികളിൽ മിക്കവരും ധനംകൊണ്ടും കെട്ടിടങ്ങൾ ഉണ്ടാക്കിയും ഉപകരണസാമഗ്രികളെ വാങ്ങിയും അതിനെ ഓരോ പ്രകാരത്തിൽ സഹായിച്ചുവരുന്നു. വ്യായാമശാല, പുസ്തകശാല, ശരീരശാസ്ത്രം, പലതരം വ്യായാമങ്ങൾ, അപകടസംഭവങ്ങൾക്കുള്ള ചികിത്സ, എന്നിവയെ പഠിപ്പിക്കുവാനുള്ള സ്ഥലം; കളികൾ നടത്തുവാൻ വിശാലമായൊരു പറമ്പ്—ഇവയെല്ലാം സംഘംവകയായുണ്ട്. കാലത്തും വൈകുന്നേരവും അഞ്ചുമണിമുതൽ ഏഴരമണിവരെ, സംഘസ്ഥലത്തു പോയാൽ, കുട്ടികളും വലിയവരും, അവരവക്കനുസരിച്ച പലതരം വ്യായാമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുകാണാം. ശരിയായും ക്രമമായും അപകടം കൂടാതെയും ഇവയെ എടുപ്പിക്കുന്നതിനു വിദഗ്ദ്ധന്മാർ കൂടെ ഉണ്ടായിരിക്കും. സമ്പ്രദായം നാടനാണ്. യുദ്ധശാസ്ത്രത്തേയും ആയുധവിദ്യയേയും സംഘം പഠിപ്പിക്കുന്നുണ്ട്. സംഘംവക അദ്ധ്യാപകന്മാരുടെ വൈദഗ്ദ്ധ്യം കണ്ടു്, പല മഹാകലാശാലകളിലും ഇവരുടെ ശിഷ്യന്മാരെ വ്യായാമം പഠിപ്പിക്കുവാൻ ആക്കിയിരിക്കുന്നു. ഗവമ്മേണ്ടു സംഘസ്ഥലത്തിൻെറ കരം ഇളവുചെയ്തും നഗരസഭ സഹായധനം കൊടുത്തും സംഘത്തെ അനുഗ്രഹിക്കുന്നു. സൂൿഷ്മസംസ്കാരത്തെ പ്രചരിപ്പിക്കുന്നതിൽ അത്യുത്സാ

ഹം ചെയ്തുവരുന്ന ആണ്ടിലെ അധിപതിയെയാണ് സംഘം അതിന്റെ നേതാവായി വരിച്ചിട്ടുള്ളതു്.

രാമകൃഷ്ണഗോപാല ഭണ്ഡക്കരുടെ പേർ കേൾക്കാത്ത ഭാരതീയരുണ്ടോ? സംസ്കൃതം പഠിക്കുന്നവരിൽ അദ്ദേഹത്തിന്റെ ഏതെങ്കിലും ബുക്കു വായിക്കാത്തവരുണ്ടോ? രണ്ടുതരക്കാരും ഉണ്ടാവില്ലെന്നാണ് എന്റെ വിശ്വാസം. ഭണ്ഡക്കർ വിശ്വവിശ്രുതനായിരുന്ന ഒരു സംസ്കൃതപണ്ഡിതനായിരുന്നു. സംസ്കൃതഭാഷാപോഷണത്തിനും ഹൈന്ദവശാസ്ത്രാഭിവൃദ്ധിക്കും ആയി ആ മഹാന്റെ നാമധേയത്തിൽ ആരംഭിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് ഭണ്ഡക്കർ ഒറിയൻറൽ ഇൻസ്റ്റിട്യൂട്ട്. വിലപിടിച്ച അനവധി ഗ്രന്ഥങ്ങളെ ഇതു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അച്ചിൽപ്പെടുത്തുവാൻ പലതും അവിടെ പണി എടുത്തുവരുന്ന പ്രമാണികളായ സംസ്കൃതവിദ്വാന്മാർ തയ്യാറാക്കി വരുന്നുണ്ട്. തെററുകൾ തീർത്തു, പല പാഠങ്ങളോടുകൂടി അവിടെനിന്നു് ഓരോ പർവ്വമായി പുറത്തുകൊണ്ടുവരുന്ന മഹാഭാരതത്തിന്റെ നിസ്തുല്യമായ ഗുണം വിദ്വാവിശിഷ്ടന്മാർ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിലെ ത്രൈമാസികം ഗവേഷണപടുക്കളുടെ കേളീരംഗമായിതീർന്നിട്ടുണ്ട്. ഈ ഇൻസ്റ്റിട്യൂട്ടുവകയായൊരു വലിയ കെട്ടിടവും അപൂർവ്വഗ്രന്ഥങ്ങളടങ്ങിയ ഒരു പുസ്തകശാലയും ഉണ്ട്. ഇവയെ വളരെ ഭദ്രമായി സൂക്ഷിച്ചുവരുന്നു.

മേൽവിവരിച്ച സ്ഥാപനം സംസ്കൃതത്തെ എന്നപോലെ ഭാരത- ഇതിഹാസസംശോധകമണ്ഡലം മഹാരാഷ്ട്രഭാഷയെ പ്രത്യേകിച്ചും സഹായിച്ചുവരുന്നു. പുരാണവസ്തുശാസ്ത്രജ്ഞനായിരുന്ന വിശ്വനാഥകാശിനാഥരാജവോഡാണ് ഇതിനെ 1910-ൽ ആരംഭിച്ചതു്. കാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടുപോകേണ്ടതിനും

സ്ഥാപനത്തിന്റെ സ്ഥിരപ്രതിഷ്ഠയ്ക്കുമായി ഇതിനെയും രജിസ്ത്രാക്കീട്ടുണ്ട്. ഇതിന്റെ ഉദ്ദേശങ്ങൾ ചരിത്രസംബന്ധമായി രേഖകൾ, പലതരത്തിലുള്ള പഴയ നാണ്യങ്ങൾ, വിലപിടിച്ച ചിത്രങ്ങൾ, എന്നിവയെ ശേഖരിക്കുകയും, പ്രാചീനാൎയ്യാവൎത്തചരിത്രത്തിൽ കാട്ടുപിടിച്ചും ഇരുളടഞ്ഞും കിടക്കുന്ന ഭാഗങ്ങളെ അവിതൎക്കങ്ങളായ ലക്ഷ്യങ്ങളുടെ സഹായത്തോടുകൂടി വെട്ടിത്തെളിയിച്ചു പ്രകാശിപ്പിക്കുകയും ആകുന്നു. പേഷവമാർ, ആദ്യകാലത്തെ ഗവൎണ്ണർ ജനറൽമാർ, ശിവാജി, പഴയകാലത്തു് പേർ എടുത്തിട്ടുള്ള ഇൻഡ്യയിലെ മറാഠനവാബ് മഹാന്മാർ എന്നിവരുടെ കയ്യെഴുത്തിലുള്ള എഴുത്തുകൾ, പല പ്രാചീന രാജകുടുംബങ്ങളിലെ ഗ്രന്ഥവരികൾ, മൊഗൾ ചക്രവൎത്തിമാരുടെ മൂലശാസനങ്ങൾ, എന്നിവയെ ഇതിൽ സൂക്ഷിച്ചിട്ടുണ്ടു്. ചിത്രകാരന്മാരുടെ പാടവത്തെ നിസ്സംശയമായി പ്രകടിപ്പിച്ചിട്ടുള്ള അനവധി പടങ്ങൾ വരച്ചു ചേൎത്തിട്ടുള്ള മഹാഭാരതം, ഗുലിസ്താൻ, സൌന്ദൎയ്യലഹരി, എന്നിവയുടെ കയ്യെഴുത്തുപുസ്തകങ്ങൾ ഏതാളിലും അത്ഭുതത്തെ ഉണ്ടാക്കാതിരിക്കയില്ല. ഹിന്ദുക്കളുടെ ഇടയിൽ ഭാവരാഗമേളങ്ങൾക്കെല്ലാം അധിഷ്ഠാനദേവതകളുണ്ടെന്നാണല്ലൊ വിശ്വാസം. മധുരമീനാക്ഷിയെ സ്തുതിക്കുന്നതായൊരു കീൎത്തനത്തിൽ ദീക്ഷിതർ കൂടി ഈ വിശ്വാസത്തെ പ്രകാശിപ്പിച്ചിട്ടുണ്ടല്ലൊ. ചില രാഗമേളങ്ങളുടെ ദേവതകളുടെ കമനീയങ്ങളായ ചെറിയ ഛായാപടങ്ങളും അവയുടെ താഴെ അതാതു രാഗമേളങ്ങൾക്കു ശരിയായുള്ള വായത്താരികൾ അടങ്ങിയ ശ്ലോകങ്ങളും ഞാനവിടെ കണ്ടു്, സന്തോഷവും ആശ്ചൎയ്യവുംകൊണ്ടു് മതിമറന്നു് അവയുടെ മുമ്പിൽ നില്ക്കുകയുണ്ടായിട്ടുണ്ടു്. പലയോഗ്യന്മാരും മണ്ഡലത്തിലെ അപൂൎവ്വ വസ്തുക്കളെ കണ്ടിട്ടുണ്ടായിട്ടുള്ള അവരുടെ ചിത്തവൃത്തികളെ അവി

ടെ സൂക്ഷിച്ചിട്ടുള്ള പുസ്തകങ്ങളിൽ രേഖപ്പെടുത്തീട്ടുണ്ടു്. ഈവക വസ്തുക്കളെ എന്നെന്നേക്കും സൂക്ഷിച്ചു രക്ഷിക്കുവാൻ, തക്കതായൊരു കെട്ടിടമുണ്ടാക്കുവാൻ ഡാക്ടർ ജസ്റ്റിൻ ഈ ആബട്ടു് എന്നൊരു ഉദാരനായ അമേരിക്കൻ, ചോദിക്കാതെതന്നെ, മുപ്പതിനായിരം ഡാളർ മണ്ഡലത്തിലേക്കു സംഭാവനചെയ്തിട്ടുണ്ടു്. ഭാരതഭൃത്യസംഘത്തിൻെറയും (Servants of India Society) ഗർഗുസർ കാളജിന്റെയും ചരിത്രങ്ങൾ സവ്വവിദിതങ്ങളാണു്. രാമകൃഷ്ണഗോപാലഗോഖലെയാണു് ഇവയുടെ കീർത്തിക്കു ഹേതുഭൂതൻ. എല്ലാ കാലത്തും മഹാകലാശാലയിൽ പഠിപ്പിക്കുന്നവരിൽ പലരും ഭാരതഭൃത്യന്മാരായിരിക്കും. മാസം അറുപതു രൂപ ശമ്പളത്തിനു ഇരുപതുകൊല്ലം പഠിപ്പിക്കണമെന്നാണു് അവരുടെ നിശ്ചയം. സംഘത്തിന്റെ അനുമതിയില്ലാതെ ഈ വ്രതത്തെ ആരും ഭഞ്ജിക്കുവാൻ പാടില്ല. ഗോഖലെയും പറാഞ്ച്പൈയും ഇങ്ങനെ ഇതിൽ പഠിപ്പിച്ചിട്ടുണ്ടു്. പറാഞ്ച്പൈ ഗണിതശാസ്ത്രവിദ്യയിൽ അദ്വിതീയപദം സമ്പാദിച്ച ഒരു പണ്ഡിതനാണു്. അദ്ദേഹം സീനിയർ റാങ്ഗ്ലർ ആയിരുന്നുള്ളു. ഇപ്പോഴത്തെ പ്രധാനാദ്ധ്യാപകനായ മഹാജനി അതിന്നു പുറമെ സ്മിത്ത്സ് പ്രൈസ്മാൻ കൂടിയാണു്. ചെറുപ്പക്കാരനായ അദ്ദേഹത്തിനു ഏതു സർവ്വകലാശാലയിലും ഇന്നു രണ്ടുമൂവ്വായിരം രൂപ ശമ്പളം കിട്ടുവാൻ ഒരു പ്രയാസവുമുണ്ടാകയില്ല. "ഗണിതശാസ്ത്രത്തിൽ ഉപരിപഠനത്തിനൊ ചിന്തനത്തിനൊ സമയം കിട്ടുന്നുണ്ടോ?" എന്നു ഞാൻ ചോദിച്ചപ്പോൾ, അല്പം വ്യസനത്തോടുകൂടി, അദ്ദേഹം തന്ന മറുപടി ഈ വിധമായിരുന്നു: "മേലധികാരിയുടെ നിലയിൽ, ഉറുപ്പിക, അണ, പൈസയുടെ ഉപരിപഠനമാണു് ഇവിടെ നടക്കുന്നതു്. അത്യാവശ്യങ്ങൾക്കുകൂടി പണം പോരാതെ വരു

മ്പോളുള്ള കുഴപ്പം; മററുവല്ലതിലും കുറച്ചുകാലത്തിൽ വഴക്കും; ഇങ്ങനെ കാലം കഴിക്കുന്നു. എന്താചെയ്യുക? ഈ ചുമടെടുക്കുവാനും ആളുവേണ്ടെ?" ഇതു കേട്ടസമയം, എന്റെ കണ്ണുകളിലും വെള്ളം വന്നു. അവരാണ് കമ്മയോഗികൾ. ആ പരമാൎത്ഥം ഭാരതഭൃത്യസംഘത്തിന്റെ ഘടനാചാതുൎയ്യത്തിൽ നല്ലപോലെ കാണാം. വിദ്യാസമ്പന്നരും സത്സ്വഭാവികളും ആയ സ്വദേശാഭിമാനികൾക്കു മാത്രമേ സംഘത്തിൽ സ്ഥലമനുവദിക്കുകയുള്ളൂ. മൂന്നു സംവത്സരകാലത്തെ പരീക്ഷണം കഴിഞ്ഞിട്ടേ അവരേയുംതന്നെ അതിൽ ചേൎക്കുകയുള്ളൂ. ചേരുന്ന സമയം സംഘം കൊടുക്കുന്ന ശമ്പളവും വാങ്ങി, സ്വാൎത്ഥമായൊരു സമ്പാദ്യത്തിനും പ്രവൎത്തിക്കാതെ, സ്വരാജ്യത്തെ എപ്പോഴും സേവിച്ചുകൊള്ളാമെന്നും, ജാതിമതഭേദമില്ലാതെയും ആരോടും വഴക്കിടാതെയും എല്ലാ ഇൻഡ്യക്കാരോടും ഭ്രാതൃഭാവത്തിൽ എന്നും അനുവൎത്തിച്ചുകൊള്ളാമെന്നും മററുമുള്ള പ്രതിജ്ഞകൾ ഗൌരവമായി ചെയ്യേണ്ടതുണ്ട്. സംഘത്തിൽ ചേൎന്നവരെ രാഷ്ട്രവിധികൾ, ധനശാസ്ത്രം എന്നിവ പഠിപ്പിക്കുവാനും ലോകസേവനം പരിശീലിപ്പിക്കുവാനും അതേപ്പാടുചെയ്തിട്ടുണ്ട്. അതിന്റെ വകയായി ലോകവിശ്രുതമായൊരു പുസ്തകശാലയുമുണ്ട്. രാഷ്ട്രകാൎയ്യങ്ങളിൽ ആ സംഘക്കാരെ വിദ്വാന്മാരായ ദേശാഭിമാനികൾ നേതാക്കന്മാരായി വരിച്ചിരിക്കുന്നു. ഭാരതഭൃത്യർ ചെയ്യുന്ന പണികൾക്കൊരു കയ്യും കണക്കുമില്ല. ഭൂകമ്പം, ക്ഷാമം, ജലപ്രളയം, പകൎച്ച വ്യാധിയുടെ പടൎന്നുപിടി, എവിടെയുണ്ടോ, അവിടെയെല്ലാം ആളുകൾക്കു വേണ്ട സഹായം ചെയ്‌വാൻ അവർ പണവും മററുപകരണങ്ങളുമായി ഹാജരുണ്ട്. വലിയ ലഹളയും സമാധാനലംഘനവുമുള്ള ദിക്കിൽ സമാധാനാക്കന്മാരായി ഭാരതഭൃത്യരുണ്ടാകും. ഈ വക

കാർണങ്ങളാലാകുന്ന ഭാരതഭൃത്യന്മാർ ലോകരുടെയും സക്കാരിൻെറയും ആരാധ്യരായിതീൎന്നിട്ടുള്ളതു്. ഭാരതഭൃത്യസംഘത്തിൻെറ വ്യവസായങ്ങളെ എല്ലാം തൊട്ടെണ്ണി എന്നു ആരും വിചാരിക്കേണ്ട. അവയുടെ മുഖ്യ ജോലികളുടെ ഒരു പട്ടിക വേണമെങ്കിൽ കൊടുക്കാമെന്നല്ലാതെ എല്ലാം എടുത്തു വിവരിക്കണമെങ്കിൽ, ഒരു വലിയ ബുക്ക തന്നെ എഴുതേണ്ടതായിവരും. ഇൻഡ്യാരാജ്യത്തേക്ക് ഉപയോഗപ്രദങ്ങളായ നിയമങ്ങളേയും ഏൎപ്പാടുകളേയും ഉണ്ടാക്കുന്നതിനു ശ്രമിക്കുക; ദോഷഹേതുക്കളായവയെ തടയുക; പുറംരാജ്യങ്ങളിലുള്ള ഇൻഡ്യാക്കാരുടെ അവശതകളെ നശിപ്പിക്കുവാൻ അവരെ സഹായിക്കുക; പരസ്പരസഹായസംഘങ്ങളേയും സേവാസദനങ്ങളേയും സ്ഥാപിക്കുക, വേണ്ടപോലെ കൊണ്ടുനടത്തുക; ഹരിജനങ്ങളെ ഉദ്ധരിക്കുക; കള്ളപ്പുള്ളികളെയും കള്ളുകുടിയന്മാരെയും നന്നാക്കിക്കൊണ്ടുവരിക; പ്രാചീന ഗ്രാമഭരണത്തെ നവീനരീതിയിൽ എല്ലാ ദിക്കിലും നടപ്പിൽ വരുത്തുക; എന്നീ കൃത്യങ്ങളെ എല്ലാം ഭാരതഭൃത്യർ എപ്പോഴും ശ്രദ്ധയോടുകൂടി നിൎവ്വഹിച്ചുവരുന്നു. ഇവരുടെ ജോലികളെയും പ്രചരണവേലകളെയും സഹായിക്കുന്നതിനു ഇവർ "ഭാരതഭൃത്യൻ", "ജ്ഞാനപ്രകാശം", "ഹിതവാദി" എന്നീ പേരുകളോടുകൂടിയ മൂന്നു പത്രങ്ങളേയും നടത്തുന്നുണ്ടു്. ഭാരതഭൂമിയെ സേവിച്ചുകൊണ്ടു് ഭാരതഭൃത്യസംഘം എന്നും വിജയിക്കുമാറാകട്ടെ. ആ സംഘത്തിന്റെ മാതിരി ഒരു സ്ഥാപനം കേരളത്തിലുണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു ഇപ്പോളിവിടെ അധികം കാണുന്ന നേതാക്കന്മാർ മുമ്പിൽ പഞ്ചപുച്ഛവും പിമ്പിൽ ശകാരവും സ്വാതന്ത്ര്യത്തിനു സല്ക്കാരവും ആയി തെയ്യാറുള്ള കസേരക്കാരാണു്. ആ അദ്ധ്യായമവിടെ ഇ

രിക്കട്ടെ അതു തുറന്നാൽ തകരാറാണ്. വായനക്കാരെ, നമുക്കു പൂനയിൽതന്നെ കുറച്ചുകൂടി കഴിച്ചുകൂട്ടുക.

"തീൎത്ഥയാത്ര"യെന്ന പേരുംകൊടുത്ത് എന്തെല്ലാമാണ് ഈ മനുഷ്യൻ എഴുതിവിടുന്നത് എന്നു ചിലർ ചോദിച്ചു തുടങ്ങീട്ടുണ്ടാകും. തീൎത്ഥശബ്ദത്തിനു വിമല ജലം, പുണ്യക്ഷേത്രം, പരിപൂതമായസ്ഥലം, ധാൎമ്മിക നായ മനുഷ്യൻ, എന്നെല്ലാം അൎത്ഥമുണ്ടെന്നുമാത്രം അവരെ ഞാൻ ഓൎമ്മിപ്പിക്കുന്നു.

*നിപാനാഗമയോസ്തീൎത്ഥ
മൃഷിജ്ജുഷ്ടജലേഗുരൌ"

എന്ന് 'അമരകോശത്തി'ലെ 'നാനാൎത്ഥപ്രകാരണ' ത്തിലും,

"തീൎത്ഥംശാസ്ത്രാദ്ധ്വരക്ഷേത്രോ-
പായനാരീരജസ്സുച
അവതാരഷിജ്ജുഷ്ടാംബു-
പാത്രോപാധ്യായമന്ത്രിഷു"

എന്നു 'മേദിനി'യിലും കാണും. ദോഷൈകദൃക്കുകൾക്ക് ഈ വക സമാധാനം ഒന്നും മതിയാകുകയില്ല. അതു കൊണ്ടു് നമുക്ക് പൂനയിൽ പോയി ലോകഹിതൈഷികളായ ദേശഭക്തന്മാരേയും അവരുടെ സ്ഥാപനങ്ങളേയും കണ്ടു വന്ദിക്കുക.

ഇതിനു മുമ്പിൽ വിവരിച്ചിട്ടുള്ള സ്ഥാപനങ്ങളെല്ലാം പലരിൽനിന്നും പണം പിരിച്ചുതുടങ്ങി, നടത്തിവരുന്നവയാണ്. ഫൎഗ്ഗുസൺ കോളേജുപോലെ ബി. എ., എം. എ., മുതലായ വലിയ പരീക്ഷകൾക്കു വിദ്യാൎത്ഥികളെ പഠിപ്പിക്കുന്ന മറെറാരു മഹാകലാശാലയുണ്ടു്.

---

* നിപാനം=[കുളക്കടവു്], ആഗമം[=ശാസ്ത്രം], ഋഷിജ്ജുഷ്ടജലം(=ഋഷികളാൽ സേവിക്കപ്പെട്ടജലം], ഗുരുനാഥൻ എന്നീ അൎത്ഥങ്ങൾ തീൎത്ഥശബ്ദത്തിനുണ്ടു്.

അതൊരാറം തനിച്ചു തുടങ്ങീട്ടുള്ളതാണ്. അതുപോലെ തന്നെ, ഓരോ സ്വദേശാഭിമാനികൾ തനിച്ചു തുടങ്ങീട്ടുള്ളതായി നിയമം പഠിപ്പിക്കുവാനും, കച്ചവടസംബന്ധമായ കാര്യങ്ങളിൽ ഉപരിവിദ്യാഭ്യാസം കൊടുക്കുവാനും ഓരോ മഹാവിദ്യാലയങ്ങളുമുണ്ട്. ഇവയെല്ലാം ഗവർമ്മെണ്ടിൽനിന്നു സഹായധനം കൊടുത്തുവരുന്നുണ്ട്.

പൂനയിൽ സർവോപരി നാം അറിഞ്ഞിരിക്കേണ്ട സ്ഥാപനങ്ങളാണു ശ്രീമാൻ ഖാർവെ തുടങ്ങി നടത്തിവരുന്നവ. ഖാർവ്വെ അവർകളുടെ പേർ പരിഷ്കൃതരാജ്യങ്ങളിലെല്ലാം ചെന്നിട്ടുണ്ട്. അദ്ദേഹത്തിന് 79 വയസ്സായി എങ്കിലും, ഇന്നും ആ കർമ്മയോഗി ലോകോപകാരത്തിന്നായി പ്രവർത്തിച്ചുകൊണ്ടുതന്നെ ദിവസം കഴിക്കുന്നു.

ഉദ്ദേശം നാല്പതു സംവത്സരങ്ങൾക്കുമുമ്പ്, ഹിന്ദു വിധവകളുടെ കഷ്ടസ്ഥിതി കണ്ടു് അദ്ദേഹം അവരിൽ ചിലരെ സഹായിക്കുവാൻ പുറപ്പെട്ടു. ആ ആരംഭത്തിൻെറ ഫലമായിട്ടു് രണ്ടു മഹാസ്ഥാപനങ്ങൾ ഉണ്ടായി, നല്ല നിലയിൽ വളൎന്നുവരുന്നുണ്ട്. ഇൻഡ്യയിൽവെച്ചും മറുരാജ്യങ്ങളിൽ പോയിയും ഉപരിവിദ്യാഭ്യാസം കഴിഞ്ഞിട്ടുള്ള അനവധി സ്ത്രീപുരുഷന്മാർ ഇവയെ കൊണ്ടു നടക്കുന്നതിനു അക്ഷീണമായി പണിയെടുക്കുന്നുണ്ടെന്നുള്ള സംഗതി ഇവയുടെ മാഹാത്മ്യത്തെയും ഉപയോഗത്തേയും വെളിവാക്കുന്നുണ്ട്. പല സ്ഥലങ്ങളിൽനിന്നും അനവധി ആളുകൾ ഇവയ്ക്കായി ധനസഹായവും പതിവായി ചെയ്തുവരുന്നുണ്ടു്. വിധവാശ്രമം, ഇൻഡ്യൻ-വനിതാ- സർവ്വകലാശാല എന്നിവയാണ് സ്ഥാപനങ്ങൾ. വിധവാശ്രമത്തോടു അനുബന്ധിച്ചൊരു മഹിളാപാഠശാലയുണ്ടു്. സർവ്വകലാശാലയ്ക്കു പതിനഞ്ചുലക്ഷം രൂപ ഒരു മൂലധനമായി കൊടുക്കാമെന്നും, ആ സംഖ്യ ഏല്പിക്കുന്നതുവരെ ആണ്ടുതോറും 52,500രൂപ അതിൻെറ പ

ലിശവകയായി കൊടുക്കാമെന്നും ഏററ ആ ഉദാരപുരുഷൻെറ ഹിതമനുസരിച്ചു സൎവ്വകലാശാലയെ ശ്രീമതി നാത്ഥിബായി ദാമോദർ തക്കെസി ഇൻഡ്യൻവനിതാ സൎവ്വകലാശാലാ എന്നു വിളിച്ചുവരുന്നു. ഇതിൻെറ കീഴിൽ അനവധി വിദ്യാലയങ്ങളും ഒരു അദ്ധ്യാപികശാശയും ഉണ്ടു്. ഈ രണ്ടു മുഖ്യ സ്ഥാപനങ്ങളേയും എത്ര കൃത്യമായും, എത്ര വൃത്തിയായും, നിഷ്കൎഷയോടുകൂടിയും, ആക്ഷേപരഹിതമായും നടത്തിവരുന്നുണ്ടെന്നുള്ളതു് എത്ര വിവരിച്ചതുകൊണ്ടും ആവില്ല. കണ്ടറിയേണ്ടതാണു്.

പാഠ്യവിഷയങ്ങൾ സ്ത്രീകൾക്കാവശ്യമുള്ളവയാണു്. അതല്ലാതെ കണ്ണിൽ കണ്ടവയെല്ലാം പഠിപ്പിച്ചു് അവരുടെ സമയം വെറുതെ കളയുന്നില്ല. പാഠക്രമങ്ങളും ദിനചൎയ്യയും എല്ലാം വളരെ മനസ്സിരുത്തി തയ്യാറാക്കിയിട്ടുള്ളവയാണു്. പഠിപ്പിക്കുന്നതു മറാത്തി ഭാഷയിലുമാണു്.

ഇൻഡ്യയിലും അമേരിക്കയിലും യൂറോപ്പിലും സഞ്ചരിച്ചു ധനം ശേഖരിച്ചാണു് ശ്രീമാൻ ഖാവ്വെ അവർകൾ ഇവയ്ക്കൊരു സ്ഥിരപ്രതിഷ്ഠ കൊടുപ്പാൻ ശ്രമിച്ചിട്ടുള്ളതു്. ആ മഹാശയൻെറ ഈ വ്യവസായത്തെ എത്രതന്നെ പ്രശംസിച്ചാലും മതിയാകുകയില്ല. അദ്ദേഹം കൊച്ചിരാജ്യത്തു വന്നസമയത്തു് എനിക്കു് അദ്ദേഹത്തെ സൽക്കരിക്കുവാനും ഹിന്ദുവനിതാ സൎവ്വകലാശാലാസമിതിയുടെ ഒരു അംഗമായിരിക്കുവാനും സാധിച്ചതിൽ ഞാൻ സന്തോഷിക്കട്ടെ.

മഹാരാഷ്ട്രനായകനായിരുന്ന ശിവാജിയുടെ അധികാരസീമയിൽ പെട്ടിരുന്ന ദേശത്തു് ഇന്നും അനവധി കൎമ്മധീരന്മാർ ഉണ്ടായിക്കൊണ്ടേ ഇരിക്കുന്നുണ്ടു്. രാമദാസിൻെറ ശിഷ്യനായിരുന്ന അദ്ദേഹം ഒരു അതിഭക്തനായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. പൂനയിൽ അദ്ദേഹം പോയി ദർശനം ചെയ്തിരുന്ന രണ്ടു ക്ഷേത്രങ്ങ

ളുണ്ടു്. ഒന്നു പൂനയുടെ ഒന്നരനാഴിക തെക്കുകിടക്കുന്ന ഒരു കുന്നിന്മേലാണു്. കുന്നിന്മേൽ, പല ദേവന്മാരുടേയും ദേവിമാരുടേയും ക്ഷേത്രങ്ങളുണ്ടെങ്കിലും, അവയിൽ പ്രധാനമായതു ശ്രീപാർവ്വതിയുടേതാകയാൽ, കുന്നിനു പാർവ്വതിക്കുന്നെന്നാണു പേർ. പൂനയിലുള്ള പല ഹിന്തുക്കളും സായംകാലത്തു അതൊരു വിശ്രമസ്ഥാനമായിട്ടാണു് കരുതിയിരിക്കുന്നതു്. കുന്നിൻമുകളിൽ കയറുന്നതിനു കല്പടകൾ ഉണ്ടു്. കയറുന്നതു ശ്രമാവഹമാണെങ്കിലും, മുകളിൽ ചെന്നാലുള്ള കാററും നയനാനന്ദകരമായ കാഴ്ചയും ക്ഷീണത്തെയെല്ലാം തിരെ കളയും. പാർവ്വതിക്കുന്നിൽ പോകുന്നതിന്നു് വ്യായാമവും വിശ്രമവും ക്ഷേത്രദശനവും എല്ലാം സാധിക്കും.

മറേറക്ഷേത്രം പൂനയിൽനിന്നു മൂന്നുനാഴിക വടക്കുപടിഞ്ഞാററായിട്ടു പാഷാൺ ഗ്രാമത്തിലാണു് കിടക്കുന്നതു്. അതൊരു ശിവക്ഷേത്രമാണു്. ശിവരാത്രിനാൾ വെളുപ്പിനു് അഞ്ചുമണിമുതൽ രാത്രി പത്തുമണിവരെ അവിടേക്കു് ആളുകൾ കൂട്ടംകൂട്ടമായി പോകുന്നതു കണ്ടിരിക്കുന്നു. അന്നവിടെ പോയി പോന്നിട്ടുള്ളവരുടെ സംഖ്യ നാലഞ്ചുലക്ഷത്തിൽ കുറയുകയില്ല. എന്തു തിരക്കു്! പലതരത്തിലുള്ള വാഹനങ്ങളെത്ര! മൂന്നുനാഴിക കാറിൽ പോകുന്നതിനു എനിക്കും സ്നേഹിതന്മാക്കും ഒന്നരമണിക്കൂറിൽ കുറയാതെ വേണ്ടിവന്നു. കാറിൻെറ തരക്കേടല്ലേ. കാറു നിന്ന ദിക്കിൽനിന്നു് ക്ഷേത്രത്തിലേക്കു് ഞങ്ങൾക്കു അരനാഴിക നടക്കേണ്ടതായി വന്നു. ജനസമ്മർദ്ദനംമൂലം അതു മുക്കാൽ മണിക്കൂറുകൊണ്ടേ സാധിച്ചുള്ളു. നിലനിരപ്പിനു താഴെ ഒരു അറപോലെ ഒരു മുറിയിലാണു് ശിവലിംഗത്തെ പ്രതിഷ്ഠിച്ചിട്ടുള്ളതു്. പോലീസുകാരും ശിപായിമാരും അനവധിപേരുണ്ടായിരുന്നു. അവർ സ്വാമിദർശനത്തിനു വന്നവക്കു് അതിന്നുവേണ്ട

സൌകര്യമൊന്നും ഉണ്ടാക്കിവെച്ചിട്ടുള്ളതായി കണ്ടില്ല. എല്ലാംകൂടി ഒരു ബഹളമാണു് അവിടെ കണ്ടതു്. ഞങ്ങൾ നല്ല നാടൻ മട്ടിലായിരുന്നു പോയിരുന്നതു്. അതു കണ്ടിട്ടോ എന്തോ ഞങ്ങളിൽ ചിലരുടെ നേരെ അവർ ല്പം ദയവുകാണിച്ചു. അതുകൊണ്ടന്നു തൊഴുതുപോന്നു. അല്ലെങ്കിൽ, പലരും ചെയ്തിരുന്ന മട്ടിൽ ഞങ്ങൾക്കും ക്ഷേത്രദർശനം കഴിച്ചു മടങ്ങുവാനെ തരമുണ്ടായിരുന്നുള്ളു. സ്വാമിസന്നിധിയിൽ മങ്ങിക്കൊണ്ടു രണ്ടു വിളക്കു കത്തുന്നുണ്ടായിരുന്നു. പുറത്തുനിന്നു കാറ്റും കൂവളത്തിലയും ആളുകൾ അകത്തേക്കു എറിയുന്നതു വേർതിരിച്ചു പുറത്തേക്കു മാററുവാൻ താഴത്തിരുന്നവരെക്കൂടി വെളിച്ചം സഹായിച്ചിരുന്നില്ല. ഒരു കാര്യം തുറന്നുപറയുന്നതിനു് എനിക്കു യാതൊരു സംശയവുമില്ല: ഒരു ഭക്തൻെറ ആദ്ധ്യാത്മികമായ അഭിവൃദ്ധിക്കു് കേരളത്തിലെ ക്ഷേത്രങ്ങൾ സഹായിക്കുന്നതുപോലെ അതിനു മറെറാരുദിക്കിലെ ക്ഷേത്രങ്ങളും ഉപയോഗപ്പെടുമെന്നു കണ്ടേടംകൊണ്ടു് എനിക്കു തോന്നുന്നില്ല. നമ്മുടെ ദേവാലയങ്ങളിലെ വൃത്തിയും വെട്ടപ്പും വെളിച്ചവും പൂജാക്രമങ്ങളും ഒന്നു വേറെയാണു്. മററു പല സ്ഥലങ്ങളിലും, പൂർവന്മാർ ആർജ്ജിച്ചുവച്ചിട്ടുള്ള മാഹാത്മ്യം ഇന്നത്തെ ശാന്തിക്കാരും പാണ്ടമാരും നശിപ്പിക്കുന്നില്ലയോ എന്നു സംശയിക്കുവാൻ വഴിയുണ്ടു്. ഇവയുടെ പരിസരപ്രദേശങ്ങളും അവക്കനുകൂലമായിരിക്കുന്നു. കലികാലവൈഭവം എന്നല്ലാതെ എന്തു പറയട്ടെ.

പൂന വിടുന്നതിനുമുമ്പു് ഒരു സംഗതികൂടി പറയുവാനുണ്ടു്. അവിടെ "ഡെക്കാൻ കാളനി" എന്നൊരു സ്ഥലമുണ്ടു്. അതിൻെറ ചരിത്രം ഉപദേശപ്രദമായിട്ടുള്ള ഒന്നാണു്. പരസ്പരസഹായസംഘത്തിൻെറ മാതിരി കുറെ പ്രമാണികൾ ചേൎന്നു് ഉപയോഗശൂന്യമായി കിട

ന്നിരുന്ന കുറെ അധികംസ്ഥലം അവർ ഗവൎമ്മേണ്ടിൽ നിന്നും പതിച്ചുവാങ്ങി. എന്നിട്ടതിനെ നിരത്തി നന്നാക്കി ഭംഗിയിൽ വഴികളുമുണ്ടാക്കി ഇട്ടു. പിന്നെ വീട്ടുകളുണ്ടാക്കി പാൎക്കുന്നതിനു അതിൽനിന്നു ഓരോരുത്തർ ആവശ്യപ്പെടുന്ന സ്ഥലം വിററുതുടങ്ങി. സ്ഥലവില ഇരുപതുവർഷംകൊണ്ടു കൊടുത്തുതീൎത്താൽ മതി. സ്ഥലത്തിന്റെ പ്ലാൻ ഇവരു സമ്മതിച്ചതിനു ശേഷം മാത്രമേ നഗരസഭയ്ക്കയച്ചുകൂടൂ. ഇപ്പോൾ "കാളനി"യിൽ കെട്ടാവുന്നേടത്തോളം വീടുകൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. വീടുകൾക്കു പുറമെ, അവിടെ വ്യായാമസ്ഥലം, നാടകശാല, തോട്ടങ്ങൾ, എന്നിവയുണ്ടു്. പല സാമാനങ്ങൾ, മരുന്നുകൾ, എന്നിവ വിൽക്കുന്ന ഷാപ്പുകൾ ഉണ്ടു്. ഇവയിൽ ഒററവിലയ്ക്കേ വിററുകൂടൂ. അവിടെയുള്ള കമ്പിത്തപാലാപ്പീസ്സു് ബമ്പായിസംസ്ഥാനത്തുള്ള ആപ്പീസ്സുകളിൽ ഒന്നാംതരത്തിൽ ഒന്നാണത്രെ.

---

# അദ്ധ്യായം നാലു

---

ബാംബേ; നാസിക്ക്—പഞ്ചവടി.

ബോമ്പായി, മദിരാശി, കൽക്കത്താ, എന്നീ വലിയ പട്ടണങ്ങളെ ശരിയായി വിവരിച്ചു് അവയെ കാണാത്തവൎക്കു, അവയുടെ ഒരു സ്വരൂപജ്ഞാനം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതു് അസാദ്ധ്യമായൊരു കാൎയ്യമാണു്. അവയെല്ലാം കണ്ടറിയേണ്ടവയാണു്. കച്ചവടസ്ഥലങ്ങളൊരുഭാഗത്തു്; അവിടെ തിക്കും തിരക്കുമായിരിക്കും. സുഖവാസത്തിനുള്ള മണിമേടകൾ മറെറാരുദിക്കിൽ; അവിടെ പൂങ്കാവനങ്ങളും ശുചിയും വീതിയുമുള്ള വഴികളും ഉണ്ടായിരിക്കും. നെയ്ത്തുശാലകളും യന്ത്രശാ

ലകളും മൂന്നാമതൊരിടത്തു്. ഇതെല്ലാംകൊണ്ടും പട്ടിക പൂർത്തിയായിട്ടില്ല; പൂർത്തിയാക്കുവാനും പ്രയാസം. പല തരത്തിലുള്ള വിദ്യാലയങ്ങൾ, കാഴ്ചബംഗ്ലാവുകൾ, പുസ്തകശാലകൾ, പള്ളികൾ, പാളയം, കള്ളപ്പുള്ളികൾക്കുള്ള ജയിൽ, ആശുപത്രികൾ, നാടകാഗാരങ്ങൾ, നഗരസ്ഥാനങ്ങൾ, കൂപങ്ങൾ, കുളങ്ങൾ, കേട്ടുകൾ കൂടാതുള്ള കേളീസൌധാദികളും; ഇങ്ങനെ എഴുതിത്തുടങ്ങിയാൽ അവസാനിക്കുകയില്ല.

സായ്പുമാർ, നാട്ടുകാർ, കൂലിവേക്കാർ എന്നിവരുടെ സങ്കേതസ്ഥാനങ്ങളെ വേർതിരിച്ചറിയുന്നതിന്നു് ആർക്കും ബുദ്ധിമുട്ടു നേരിടുകയില്ല. പലതരത്തിലുള്ള വാഹനങ്ങൾ എവിടെയും വഴികളിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കും. വൈകന്നേരം ചില മാർഗ്ഗങ്ങളെ കാൽനടയായി തരണംചെയ്യുന്നതു നല്ല പരിചയമുള്ള സമർത്ഥന്മാരുടെ സഹായത്തോടുകൂടിയല്ലാതെ തരമില്ല.

വാസ്തവം പറയുകയാണെങ്കിൽ പട്ടണവാസം എനിക്കു സുഖകരമായി തോന്നീട്ടില്ല. ഞാൻ ബോമ്പായിൽ താമസിച്ചില്ല; അതിനുസമീപമുള്ള ഡാഡർ എന്ന സ്ഥലത്താണു് താമസിച്ചതു്. പട്ടണത്തിൽ പണിയുള്ളവരും പല വലിയ കച്ചവടക്കാരും മററും ബോമ്പായിയുടെ പ്രാന്തപ്രദേശങ്ങളിലാണു് താമസിക്കുന്നതു്. തെക്കേഇൻഡ്യയിൽനിന്നു പോയിട്ടുള്ള അനവധിപേർ മാട്ടുങ്കൽ എന്നൊരു പ്രദേശത്താണു് ഒരു ഗ്രാമമെന്ന മട്ടിൽ കൂടീട്ടുള്ളതു്. ഇങ്ങനെ ദൂരെ താമസിക്കുന്നതുകൊണ്ടൊരു ദോഷവും നേരിടുവാനില്ല. പതിപ്പത്തു മിനിട്ടും ചിലസമയത്തു് അയ്യഞ്ചുമിനിട്ടും കൂടുമ്പോൾ ഇലക്ട്രിക്ക് ട്രെയിൻ (വിദ്യുച്ഛക്തിയുടെ സഹായത്താലോടുന്ന വണ്ടി) ഉണ്ടു്. പുറമെ, ട്രാമും എപ്പോഴുമുണ്ടാകും.

ഞാൻ ദിവസവും വൈകുന്നേരം സ്നേഹിതന്മാരൊരുമിച്ചു പട്ടണത്തിൽ പോയിരുന്നു. അവിടത്തെ തുറമുഖം കേളികേട്ടിട്ടുള്ളതാണല്ലൊ. ഒരിക്കൽ ഒരു ബോട്ടിൽ കയറി അവിടെ കുറേനേരം അവിടെയുമിവിടെയും പോയി. എന്തൊരു ചേതോഹരമായ കാഴ്ച! നേരം ഇരുൾ അടയുവാൻ തുടങ്ങിയിരുന്നു. സന്ധ്യാഭ്രങ്ങളുടെ തെരുതെരെ മാറിക്കൊണ്ടിരുന്ന നിറങ്ങൾ; അങ്ങുമിങ്ങും മിനുങ്ങിയിരുന്ന ചില നക്ഷത്രങ്ങൾ; കപ്പലുകളിലും കരയിലും ഉള്ള വിളക്കുകളുടെ പ്രകാശം; ഇവയെല്ലാം ആ കാഴ്ചയുടെ ശോഭയെ തെളിയിച്ചു. ടാജ് ഹൊട്ടലിൽ താമസക്കാരായിരിക്കേണം ഈ ശോഭയുടെ ഭംഗിയെ കൂടുതലായി അനുഭവിക്കുന്നവർ. ടാജ് ലോകവിശ്രുതമായിട്ടുള്ള ഒരു ഹൊട്ടലാണ്. 15 രൂപ മുതൽ 250രൂപവരെ ഒരുദിവസം, സകല ചിലവടക്കം, കൂലി പിരിയുന്ന മുറികൾ അതിലുണ്ടു്. കുളി, ഊണ്, കളി എന്നിവയ്ക്കെല്ലാം അവിടെ സൌകര്യങ്ങളുണ്ടു്. ഇതുപോലെതന്നെ കാണേണ്ട ഒരു ദിക്കാണ് മലബാർ ഹിൽ. ആ പേർ മലയാളികൾക്ക് അഭിമാനകരമായിട്ടുള്ള ഒന്നാണ്. മലബാർഹിൽ കോടീശ്വരന്മാരുടെ വാസസ്ഥാനമാണ്. അർദ്ധവൃത്താകൃതിയിലുള്ള കടലോരത്തിൻെറ ഒരു വശത്താകുന്നു കിടക്കുന്നതു്. വ്യായാമത്തിനായി നടക്കുന്നതിനും കാററുകൊണ്ടു വിശ്രമിക്കുന്നതിനും സൈ്വരസല്ലാപത്തിനും മററുമായി ദിവസവും വൈകുന്നേരം അവിടെ എത്ര അധികം സ്ത്രീ പുരുഷന്മാർ വന്നുചേരുന്നു! ആ പ്രദേശത്തിൻെറ പ്രകൃതിരമണീയതയ്ക്കു പ്രത്യേകമൊരു വിശേഷമുണ്ട്. അകലെയല്ലാതെ ഉള്ള മഹാലക്ഷ്മീക്ഷേത്രത്തിലെ ദേവിയുടെ മാഹാത്മ്യമായിരിക്കും ഇതിനു കാരണമെന്ന് എൻെറ കൂടെ ഉണ്ടായിരുന്നവരിലൊരാൾ പ്രസ്താവിക്കുക ഉണ്ടായി.

കടലോരത്തു നടക്കുവാനും മററും അതികേമമാ യൊരു വഴി, പുതുതായി നികത്തി ഉണ്ടാക്കിയ സ്ഥലത്തു, തയ്യാറാക്കി വരുന്നതേയുള്ളു. അതും ബോമ്പായിലെ തീ വണ്ടിആപ്പീസും കാണേണ്ടവയാകുന്നു.

അങ്ങാടികളിൽ ചുററിത്തിരിയുക എന്നൊരു തരം നേരമ്പോക്കിനുള്ള മാർഗ്ഗത്തെ ഞാൻ മാനിക്കാറില്ല.

എങ്കിലും ബൊമ്പായിലെ ജാവേരി ബസാർകാണാ തെ കഴിയുകയില്ലെന്നും പറഞ്ഞു് എൻെറ കൂട്ടുകാർ എ ന്നെ നിർബ്ബന്ധിച്ച് അവിടെ ഒരു വൈകുന്നേരം കൊ ണ്ടുപോയി. വീതികുറഞ്ഞ വഴി; ഇരുപുറവും പൊക്കമു ള്ള കെട്ടിടങ്ങൾ. ആൾത്തിരക്കു സഹിച്ചുകൂടാ. അതിനു പുറമെ, എത്ര വണ്ടികളാണു് ഉത്തരഫലത്തെ ആലോ ചിക്കാതെ വേഗത്തിൽ ഓടിച്ചുപോകുന്നതു്. ഇതൊന്നും പോരാഞ്ഞിട്ടോ എന്നുതോന്നും, ആനക്കുട്ടികളെപ്പോലെ യുള്ള പശുക്കളും കാളകളും, യാതൊരു ക്രുസലുമില്ലാതെ സാവധാനത്തിൽ, അതുമിതും ചവച്ചുതിന്നുകൊണ്ടു നട ക്കുന്നുണ്ടു്. ബസാറിൽ കിട്ടാത്ത സാമാനമില്ലെന്നാണു് തോന്നുക. അതിൻെറ ഒരററം കണ്ടു ഞാൻ ഒരുവിധം തിരിച്ചുപോന്നു. എങ്കിലും കാണേണ്ട കാഴ്ചയാണെന്നു ഞാനും തലകുലുക്കിത്തന്നെ സമ്മതിച്ചു.

* * * *

ബൊമ്പായിൽനിന്നു ഞാൻ നാസിക്ക്-പഞ്ചവടി യിലേക്കാണു് പോയതു്. അഗസ്ത്യമഹർഷിയുടെ ഉപദേ ശമനുസരിച്ച്, വനവാസകാലത്തു ശ്രീരാമൻ ആശ്രമം കെട്ടി വളരെ നാൾ താമസിച്ചതു പഞ്ചവടിയിലാണ ല്ലൊ.

"മഹർഷിയരുളിച്ചെയ്ത-
പോലിദ്ദേശത്തിലെത്തിനാം;
ഇതാ പഞ്ചവടീദേശം
സൌമ്യ! പുഷ്പിതപാദപം.

കൺനടത്തുക കാടെങ്ങും
ഭവാൻ നിപുണനല്ലയോ?
എവിടത്താണു നമ്മൾക്കു
ബോദ്ധ്യപ്പെട്ടവതാശ്രമം?

എങ്ങോ രമിക്കും വൈദേഹി
നീ ഞാനുമായി ലക്ഷ്മണ!
ആമട്ടെഴും സ്ഥലം നോക്കു
ജലാശയമടുത്തതായ്,

കാടുനന്നായിരിക്കേണം
സ്ഥലം നന്നായിരിക്കണം
അടുത്തുണ്ടാവണം ദർഭ
പൂവും ചമത വെള്ളവും".

ഈ വിധമാണു ശ്രീരാമൻ ലക്ഷ്മണനോടു പറഞ്ഞതു്. പക്ഷെ, സ്ഥലം തീർച്ചയാക്കേണ്ട ഭാരം അനുജൻ ജ്യേഷ്ഠനിൽത്തന്നെ വെച്ചു. ഒടുവിൽ, ശ്രീരാമൻ നിശ്ചയിച്ച ദിക്കിൽ ലക്ഷ്മണൻ ആശ്രമം തീർത്തു.

"നിരപ്പായ്പ്പൂത്ത വൃക്ഷങ്ങൾ
ചൂഴമീസ്ഥലമസ്സലാം
ഇങ്ങാശ്രമപദം സൌമ്യ!
വേണ്ടും പോലെ ചമയ്ക്കു നീ

ത്തുമണം പൂണ്ട സൂര്യാഭ
ത്താമരപ്പൂക്കളൊത്തിതാ
ചാരേ കാണുന്നതഴകിൽ
പത്മശോഭിതപത്മിനി,

രമ്യഗോദാവരിയിതാ
പൂമരങ്ങൾ ചുഴന്നതായ്

* * * * *

അകന്നും തൊട്ടുമല്ലാതേ
മൃഗക്കൂട്ടം തിമിൎത്തവ
* * * * *
കാണുന്നു സൌമ്യ! ശൈലങ്ങൾ
പൂമരങ്ങൾ ചുഴന്നുമേ
* * * * *
ഇതേ പുണ്യമിതേ ശുദ്ധ
മിതേ പക്ഷിമൃഗാകുലം
ഇങ്ങിപ്പക്ഷിയൊടൊന്നിച്ചു
സൌമിത്രേ! പാൎത്തുകൊള്ളുവൻ.
* * *
"കായ്കൾവാച്ചാസ്ഥലത്തേറെ
സുഖംപാൎപ്പായ് ജിതേന്ദ്രിയൻ
ധൎമ്മാത്മാവാമവൻ സീത
ലക്ഷ്മണന്മാരൊടൊപ്പമേ
തെല്ലുനാളവിടെപ്പാൎത്തു
വിണ്ണിൽ ദേവൻ കണക്കിനേ."

ഇതാണു് നാസിക്-പഞ്ചവടിയുടെ മാഹാത്മ്യത്തിനുള്ള മുഖ്യമായ കാരണം.

തീവണ്ടി ആപ്പീസിൽ നിന്നു് നാലുനാഴിക ദൂരെയാണു് നദിയും ക്ഷേത്രങ്ങളും. തപോവനം അവയ്ക്കും അല്പമകലെക്കിടക്കുന്നു. തീൎത്ഥയാത്രക്കാരുടെ പെരുമാററംകൊണ്ടും സഗരസഭയുടെ നിഷ്കൎഷം പോരാഞ്ഞിട്ടും ക്ഷേത്രങ്ങളുടെ പരിസരപ്രദേശങ്ങൾ ഒരുമാതിരി മോശമായിട്ടാണു് കിടക്കുന്നതു്. സ്റ്റേഷ്യൻ മുതൽ ആ ഭാഗംവരെ വൃത്തിയായി കണ്ടു. അവിടെ താമസിച്ചാൽ ദേഹസുഖം ഉണ്ടായിക്കൊള്ളും. നാസിക്കു് അത്ര നല്ല ദിക്കാണു്. നാസിക്കിനേയും സമീപമുള്ള ദിക്കുകളേയും സുഖവാസയോഗ്യങ്ങളായ ഭൂഭാഗങ്ങളായിട്ടാണു് മിഷ്യണറിമാരും ഗവൎമ്മെണ്ടും ആദരിച്ചുവരുന്നതു്.

തപോവനപ്രദേശത്തിന് ഇന്നും ഒരു ചൈതന്യവും അവ്യാജസൌന്ദര്യവും ഉള്ളതായിതോന്നും. എന്നാൽ, വാല്മീകിരാമായണവും ഉത്തരരാമചരിതവും വായിച്ചു തഴക്കം വന്നിട്ടുള്ള എനിക്ക് ആകപ്പാടെ ഒരു ആശാഭംഗമാണുണ്ടായത്. മററു പല സ്ഥലങ്ങളിലും ഈ അനുഭവമാണ് എനിക്കുണ്ടായത്. അന്നുമിന്നുമുള്ള വ്യത്യാസം അത്രയ്ക്കുണ്ട്. എന്റെ മനസ്സമാധാനത്തിനാണ് ഞാൻ രാമായണത്തിൽ നിന്നു കുറെ വരികളെ ഇവിടെ പകൎത്തിയതു്. അങ്ങനെയെങ്കിലും, മററുചിലർ ഇവയെ വായിക്കുകയും ചെയ്യട്ടെ.

ശൂൎപ്പണഖയുടെ മൂക്കും മുലയുമരുത്തതും ഖരദൂഷണത്രിശിരസ്സുകളെ സംഹരിച്ചതും രാവണൻ സീതയെ അപഹരിച്ചതുമെല്ലാം ഈ ദിക്കിൽവെച്ചാണല്ലൊ. ഉത്തരരാമചരിതത്തിലെ ഒന്നും മൂന്നും അങ്കങ്ങൾ എനിക്കുവേണ്ടി ഈ സന്ദർഭത്തിൽ ചിലരെങ്കിലും വായിച്ചാൽ ഞാൻ എത്ര ധന്യനായി! ആ നാടകം ഒന്നു വായിക്കേണ്ടതാണ്. ഒരു ഷായും ഷേക്സ്പീയരും കൈ അതിനോടെതിത്താൽ തോററു തലതാഴ്ത്തുവാനേ തരമുള്ളു. അതിലെ ഒരു ശ്ലോകം ഞാൻ ഇവിടെ ചേൎത്തു് ഈ അദ്ധ്യായം അവസാനിപ്പിക്കാം.

അക്കാലം സുഖമോട്ടമഗ്ഗിരിയിൽ നാം
സൌമിത്രിചെയ്യുന്ന നൽ
സല്ക്കാരത്തെ വഹിച്ചുകൊണ്ടു ബഹുനാൾ
വാണുള്ളതോൎക്കുന്നുവോ
മൽക്കാന്തേ! മധുരാംബുചേൎന്നൊഴുകുമ-
ഗ്ഗോദാവരീസിന്ധുവും
തൽക്കൂലങ്ങളിൽ നാം കളിച്ചതുമയേ
മയ്ക്കണ്ണി! യോൎക്കുന്നുവോ?

# അദ്ധ്യായം ४.

## നാഗ്പൂർ, നമ്മദ, ഭോപാൽ.

നാസിക്ക വിട്ടിട്ട് പിന്നെ ഞാൻ എറങ്ങിയ സ്ഥലം നാഗപുരമാണ്; അതായതു് ഭൂമിശാസ്ത്രപുസ്തകങ്ങളിലെ നാഗ്പൂർ. രണ്ടു പഴയ മിത്രങ്ങളെ കാണുക എന്നതായിരുന്നു ഇവിടെ എറങ്ങിയതിനുള്ള മുഖ്യമായുള്ള കാരണം. കാലത്തു് കുളി മുതലായവ കഴിപ്പാനുള്ള ഒരു താവളവും കൂടിയായി അതു കലാശിച്ചു. ഇൻഡ്യയിലെ മദ്ധ്യസംസ്ഥാനത്തിന്റെ പ്രധാന പട്ടണമാണിതു്. എന്നു പ്രസ്താവിച്ചതോടുകൂടി, കോടതികൾ, കച്ചേരികൾ, നിയമസഭാമന്ദിരം, സർവ്വകലാശാലാ കെട്ടിടങ്ങൾ എന്നുള്ള അനുസംധാനങ്ങളെല്ലാം അവിടെയുണ്ടെന്നു നിശ്ചയമായി ഊഹിക്കാമല്ലൊ. പക്ഷെ, അവിടത്തെ മധുരനാരങ്ങ ഒരു പൊതിച്ച തേങ്ങയോളം ഉണ്ടായിരിക്കുമെന്നു പ്രത്യേകം പറഞ്ഞാൽതന്നെ അറിയൂ. എവിടെപോയാലും അതു കൂട്ടിയിരിക്കുന്നതു കാണാം. വലുതായി എന്നതുകൊണ്ടു സ്വാദിന്നൊരു കുറവും കാണുകയില്ല. ഉദ്യോഗസ്ഥന്മാൎക്കു താമസിക്കുവാൻ ഗവമ്മെണ്ടിൽനിന്നു ബെങ്ക്ളാവുകൾ കെട്ടിയിട്ടിട്ടുണ്ടു്. അവയുള്ള പ്രദേശം എല്ലാപ്രകാരത്തിലും വാസയോഗ്യമായിട്ടുള്ളതാണ്. ഒഴിവുള്ള ദിവസങ്ങളിൽ, ഈ പുരിയിലുള്ള പലരും ഏകദേശം ഇരുപതുനാഴിക അകലെയുള്ള രാംടേക്, അല്ലെങ്കിൽ രാമതെക്കാ, എന്ന ദിക്കിൽ വിശ്രമസുഖാനുഭവത്തിനു പോകുക പതിവാണ്. അവിടെ ഫലവൃക്ഷങ്ങളുള്ള ഒരു ഭംഗിയുള്ള കുന്നും അതിന്മേലൊരു ശ്രീരാമക്ഷേത്രവും ഉണ്ടു്. ഇതു ചിത്രകൂടപർവ്വതത്തിന്റെ ഒരു ഭാഗമാണെന്നു ചിലർ പറയുന്നു. ഇവിടെ സീതയോടുകൂടി രാമലക്ഷ്മണ

ന്മാർ താമസിച്ചിട്ടുണ്ട് എന്നാണ് ഐതിഹ്യം. കണ്ടാലാരും അവിടെ താമസിക്കാതിരിക്കുകയില്ല. 'മേഘസന്ദേശ'ത്തിലെ യക്ഷനെ, അളകയിൽനിന്നു, പിഴചെയ്കയാൽ, വൈശ്രവണൻ ഈ ദിക്കിലേക്കാണ് നാടുകടത്തിയതു്. സന്ദേശത്തിലെ ആദ്യത്തെ ശ്ലോകം നോക്കു:

"ഏന്തോതാൻ പിഴചെയ്കയാൽ ദയിതയും
ശ്രീയും പിരിഞ്ഞൊററയാ
യോരാണ്ടോള മരണ്യവാസമരശൻ
കൽപ്പിക്കയാലാതുരൻ
ഏകൻനൽകുളർകാവകക്കുടികളിൽ
ശ്രീ സീത നീരാടിനോ-
രോമൽതീർത്ഥമെഴുന്നരാമഗിരിമേൽ
മേവീടിനാൻ ഗുഹ്യകൻ."

പിന്നെ, മേഘം പുറപ്പെടുന്ന അവസരത്തിൽ ഇങ്ങനെ പറയുന്നു:

"സൈ്വരം യാത്രയുരക്കേടോ രഘുവരൻ
ദേവന്റെ തൃക്കാലടി-
പ്പാടിന്നും മുടിമേലണിഞ്ഞുയരുമ-
ശ്ശൈലം പുണർന്നിട്ടടൻ."

നാഗപുരത്തെ വിടുന്നതിനു മുമ്പ് ഒരു സംഗതി കൂടി നമുക്ക് ഓർക്കേണ്ടതുണ്ട്. നാഗപട്ടണം, നാഗൂര്, നാഗർകോയിൽ എന്ന മാതിരി, ഇതും നാഗന്മാരുടെ ഒരു സങ്കേതസ്ഥാനമായിരുന്നു. ഗവേഷണപടുക്കളായ പണ്ഡിതന്മാരാരെങ്കിലും നാഗന്മാരെക്കുറിച്ചൊരു ബുക്ക് എഴുതേണ്ടതാണ്. ആദിമകാലങ്ങളിൽ ആൾപാർപ്പുള്ള ഭൂഭാഗങ്ങളിലെല്ലാം നാഗന്മാരായിരുന്നു. ഭാരതം, ഹരിവംശം, വിഷ്ണുപുരാണം, മാർക്കണ്ഡേയപുരാണം, മഹാവംശം, ആര്യമഞ്ജുശ്രീമൂലകല്പം എന്നിവയിലെല്ലാം നാഗ

ന്മാരെക്കുറിച്ചു പറയുന്നുണ്ടു്. ശ്രീമാൻ രാമൻതമ്പിയുടെ ജന്മികുടിയാൻ കമ്മിററിയുടെ റിപ്പോർട്ടിൽ ഈ ജാതിക്കാരേപ്പററി പല സംഗതികളും എടുത്തു കാണിച്ചിട്ടുണ്ടു്. ദ്രാവിഡരിൽ നായന്മാരായിത്തീൎന്ന തമിഴരുടെ പൂൎവ്വഗാമികളത്രെ നാഗന്മാരെന്നാണു് ചിലരുടെ മതം. ബാസ്ക്, ബ്രഹൂയി വർഗ്ഗക്കാർ നാഗന്മാരുടെ ശാഖകളാണു്.

മഹാഭാരതയുദ്ധകാലത്തു് നാഗന്മാരുടെ ശക്തി ക്രുടി അവർ തക്ഷശിലയിൽ സ്ഥാനമുറപ്പിച്ചു. പരീക്ഷിത്തിനെ കൊന്നതു, നാഗന്മാരാണു്. നൎമ്മദാനദിയുടെ തീരത്തുവെച്ചു ഹേഹയന്മാരായി ഉണ്ടായ യുദ്ധത്തിനുശേഷം, കുറെപ്പേർ കാമരൂപത്തിലേക്കു പോയി; ശേഷം പേർ തെക്കോട്ടു കേരളത്തിലേക്കും പോന്നു. ക്ഷത്രിയരായി ഉണ്ടായ യുദ്ധത്തിൽ പരശുരാമനു നാഗന്മാരുടെ സഹായമുണ്ടായിരുന്നു. പക്ഷെ, അദ്ദേഹം കേരളത്തെ കൈകയറുവാൻ വന്ന സമയം, നാഗന്മാർ ആദ്യം അദ്ദേഹത്തേയും ക്രൂരവുകാരേയും ഓടിച്ചു. പിന്നെ, ലൌകികനിലയിൽ, പൂൎവ്വശിഖയും മററുമായി വന്നപ്പോൾ മാത്രമേ കുടിപാൎക്കുവാൻ അനുവദിച്ചുള്ളു. നായന്മാരുടെ പൂൎവ്വശിഖ സർപ്പപടത്തിൻെറ അടയാളമെന്നാണു് വെയ്പു്.

സിലോൺ ആദ്യകാലത്തു് നാഗന്മാരുടെ വാസഭൂമിയായിരുന്നു. അതിനു നാഗദ്വീപെന്നുള്ള പേരുമുണ്ടു്. ആസാമിൽ [പഴയ കാമരൂപം, പ്രാഗ് ജ്യോതിഷം]ഉള്ള മലകളിൽ ഇന്നും നാഗന്മാരാണല്ലോ പ്രധാനന്മാർ. അവർ കാർമ്മുകപാണികളാണു്. പത്തുപതിനെട്ടുതവണ അവർ വില്ലുമമ്പുമായി ബ്രിട്ടീഷുപട്ടാളത്തിനോടു് മല്ലിട്ടുനിന്നിട്ടുണ്ടു്. രാജതരംഗിണിപ്രകാരം, കാശ്മീരത്തെ ആദിമനിവാസികൾ നാഗന്മാരായിരുന്നു.

സർപ്പമാതാവായ കദ്രുവിൻെറ മകൻ നഹുഷൻ; യയാതി നഹുഷൻെറ മകൻ. യാദവപൌരന്മാരുടേയും കുരുപാണ്ഡവന്മാരുടേയും വംശങ്ങൾ യയാതിയിൽ നിന്നാണല്ലൊ ഉത്ഭവിച്ചിരിക്കുന്നത്. കുന്തിദേവിയുടെയും വസുദേവരുടെയും അച്ഛൻ ശൂരൻെറ മുത്തച്ഛൻ അയ്യകനെന്നൊരു നാഗപ്രഭുവായിരുന്നു. ഇന്ദ്രസാരഥിയായിരുന്ന മാതലിയുടെ മകൾ ഗുണകേശിയെ നാഗസുമുഖനാണ് വിവാഹം ചെയ്തുകൊടുത്തത്. രാവണൻ ഒരു നാഗരാജാവായിരുന്നു. ഇന്ദ്രജിത്തിൻെറ കൊടിയടയാളം, ദുര്യോധനൻെറ എന്ന പോലെ, ഒരു നാഗമായിരുന്നു. പുലസ്ത്യൻ വിശ്രവസ്സിൻെറ സഹോദരനും രാവണൻെറ അമ്മാവനുമല്ലേ? അഗസ്ത്യമഹർഷി പുലസ്ത്യൻെറ വംശജനുമാണ്. സമുദ്രതരണം ചെയ്തയാലും നാഗകന്യകയെ വേട്ടതിനാലുമാണ് അഗസ്ത്യമഹർഷിയെ കൂട്ടുകാർ തെക്കേദിക്കിൽതന്നെ മാററിനിർത്തിയത്.

നാഗപുരത്തുനിന്നു ഞാൻ ഹൊഷങ്ങ്ബാദ് എന്ന സ്ഥലത്തേക്കുപോയി. അതു നർമ്മദാസ്നാനത്തിനായിട്ടായിരുന്നു. പല നദീതീരങ്ങളിലും കുളിക്കുവാനായി കല്പടകെട്ടി എറക്കിക്കണ്ടു. എന്നാൽ ഇതുമാതിരി ഉറപ്പായും കൌതുകമായും മറെറാരു ദിക്കിലും അതു കാണുകയുണ്ടായിട്ടില്ല. അവിടെ ഉള്ളിലോട്ടു വളഞ്ഞുള്ള വെള്ളത്തിന്റെ കിടപ്പും ചേതോഹരമായിതോന്നി.

പിന്നെ പോയതു് ഭോപാലിലേക്കാണ്. ഉജ്ജയിനിയിൽ നല്ല നേരത്തെത്തുവാനും അല്പം വിശ്രമിക്കുവാനും മാത്രമായി ആ തീവണ്ടി ആപ്പീസിൽ എറങ്ങിയന്നേയുള്ളു. സ്റ്റേഷൻ മാസ്റ്റർ തലശ്ശേരിക്കാരൻ ഒരു സായ്പാണ്. അദ്ദേഹത്തിൻെറ പരിചയം സമ്പാദിച്ചതോടുകൂടി, ആ ഉദാരശീലനായ സായ്പ് എനിക്കുവേണ്ട സകല സൌകര്യങ്ങളും ഏർപ്പെടുത്തിത്തന്നു. ഒരു സ്റ്റേറവ

കാർ വരുത്തി ആ പട്ടണം മുഴുവനും ഒരുമിച്ചുവന്നു കാട്ടിത്തന്നു. പട്ടണത്തിൻെറ ഇരുവശങ്ങളിലും മനോഹരമായ കുന്നുകളും, ഇവയുടെ മുകളിൽ രാജമന്ദിരങ്ങളുമാണു്. പട്ടണത്തിൻെറ നടുക്കായിട്ടു് വിശാലമായൊരു പൊയ്കയുമുണ്ടു്. രാജാക്കന്മാൎക്കും അവരുടെ അതിഥികൾക്കും വഞ്ചികളിപ്പാനും മെച്ചപ്പായ ഓടിപ്പാനും അവിടെ ഉണ്ടാക്കിയിട്ടുള്ള ഏൎപ്പാട് വളരെ വിശേഷമായിരിക്കുന്നു. പൊയ്കയുടെ വക്കത്തുതന്നെ ഒരു കെട്ടിടമുണ്ടു്. സകലതരതാപങ്ങളും അവിടെ പോയി കുറച്ചുനേരം ഇരുന്നാൽ പോകുമെന്നാണു് തോന്നിയതു്. അവിടത്തെ തോട്ടങ്ങളും കുതിരലായങ്ങളും കേൾവികേട്ടിട്ടുള്ളവയാണത്രെ. അവയെല്ലാം അവിടെ പരിലസിക്കട്ടെ. നമുക്കിനി ഉജ്ജയിനിയിലേക്കു പോകാം. കാളിദാസകവിശ്രേഷ്ഠനു് ഉജ്ജയിനിയിൽ പ്രത്യേക പ്രതിപത്തിയുള്ളതായിതോന്നുന്നു.

"നീളപ്പോമളകാപുരപ്പെരുവഴി-
ക്കല്പം ചരിഞ്ഞെങ്കിലും
പണ്ടേചാൎച്ചപെരുത്തൊരുജ്ജയിനിതൻ
മഞ്ചം മറന്നീടൊലാ
മിന്നൽക്കൊള്ളി വലിച്ചു വീശിവിതരം
നേരം പുരീനാരിമാ-
രീഷൽപ്പെട്ടെറിയുന്ന കൺമുനനിന-
ക്കേൽക്കായ്കിൽ നഷ്ടം വരും".

---

# അദ്ധ്യായം ൩.

## ഉ ജ്ജ യി നി.

ഇന്നു നാം ഭൂമിശാസ്ത്രത്തിൽ ആരവല്ലീസ്, അരാവല്ലീസ് എന്നെല്ലാം പറഞ്ഞുവരുന്ന ശൈലത്തെ പണ്ടു് പാരിയാത്ര പൎവ്വതം എന്നു വിളിച്ചുവന്നിരുന്നു. ആയതു ഹിമാചലമഹാഗിരിയെപ്പോലെത്തന്നെ പുരാതനമായ ഒന്നാണു്. അതു രാജപുട്ടാണ രാജ്യത്തെ രണ്ടായി ഭാഗിച്ചുകിടക്കുന്നു. അതിൻെറ കൊടുമുടിക്കു അൎബ്ബുദ എന്നു പേർ. ചുരുക്കിപ്പറയുമ്പോൾ, അതു ആബു ആയി മാറുന്നു. നീലഗിരിയിൽ, ഊട്ടി, കൂനൂര്, എന്നിവമാതിരി ഇതു് വേനൽക്കാലത്തു സുഖവാസത്തിനായി ഉപയോഗിച്ചുവരുന്ന ഒരു സ്ഥലമാണു്. ഒരാണ്ടിൽ എട്ടുമാസവും രാജപുട്ടാണയിലെ ബ്രിട്ടീഷ് ഗവൎമ്മെൻറ ഉദ്യോഗസ്ഥന്മാർ അവിടെയാകുന്നു താമസിച്ചുവരുന്നതു്. ആബുവിൻെറ മുകളിൽ കയറി നോക്കിയാൽ, വടക്കു മരുഭൂമി കാണാം. തെക്കു ആദ്യം കാണുക വിന്ധ്യൻ പർവ്വതത്തെയാകുന്നു. വിന്ധ്യനാകട്ടെ,ആൎയ്യാവൎത്തത്തെ ദക്ഷിണാപഥത്തിൽനിന്നും വിഭജിച്ചു നിൎത്തിയിരിക്കുന്നു. വിന്ധ്യൻ തുടങ്ങി വടക്കോട്ടു യമുനാനദിവരെ ക്രമത്തിൽ താന്നുവരുന്ന അതുമാതിരി തന്നെയാണു് അരാവല്ലി മുതൽ പടിഞ്ഞാട്ടു (ബേടപാ) വേത്രവതി വരെയ്ക്കും ഭൂമിയുടെ ചരിവു്. ഈ പ്രദേശമാണു് മാൾവാരാജ്യം. ഇതിൻെറ പല ഭാഗങ്ങളേയും കാളിദാസര് മേഘദൂതിൽ എത്രയോ ഭംഗിയിൽ വിവരിച്ചിരിക്കുന്നു. ഒരു കാലത്തു് മാളവയ്ക്കു അവന്തിയെന്നും പേരുണ്ടായിരുന്നുവത്രെ. അത്യുഷ്ണകാലത്തുകൂടി, രാത്രിയിൽ അവിടെ തണുപ്പായിരിക്കും. അതുകാര

ണം, ഒരു പഴഞ്ചൊല്ലുണ്ടായിട്ടുണ്ട്! കാലത്തു കാശി, രാത്രി മാൾവാ, ഉച്ചയ്ക്കു ലക്നൗ.

ഇൻഡോർ, ഗ്വാളിയർ, ഉജ്ജയിനി, ഭോപ്പാൽ, ധാരാ (ധാരാനഗരം), മണ്ഡു (മണ്ഡോഗർ), മണ്ഡപദുൎഗ്ഗ് വിദിശ ദശാൎണ്ണ, ഇവയെല്ലാം മാളവരാജ്യത്തിൻെറ അതിൎത്തിയിൽപ്പെട്ടും. ഭാസൻെറ വാസവദത്ത, ശൂദ്രകൻെറ മൃച്ഛകടികം, കാളിദാസൻെറ മേഘദൂത് എന്നിവയിൽ ഈവക സ്ഥലങ്ങളെക്കുറിച്ച് വൎണ്ണിച്ചിട്ടുള്ളതിനെ വായനക്കാർ ഓക്കാതിരിക്കുകയില്ല. ഈ കൃതികളിൽനിന്നു അക്കാലത്തു മാളവയിലുണ്ടായിരുന്ന സംസ്കാരവിശേഷത്തിൻെറ നിലയും അറിയാവുന്നതാകുന്നു.

ഇൻഡോറിൻെറ 44 നാഴിക വടക്കു ഉജ്ജയിനിയും, 40 നാഴിക പടിഞ്ഞാറു ധാരയും കിടക്കുന്നു. ധാരയിൽനിന്നു 20 നാഴിക വടക്കാണു് മണ്ഡു. ഭോപ്പാൽ ഇൻഡോറിനു കിഴക്കാണു്. അതിലും കിഴക്കാണു് വിദിശ. നൎമ്മദാ, യമുനാ, വേത്രവതി, വനനദി, നിൎവ്വിന്ധ്യാ, കലാസ്സപ്രാ, ഗംഭീരാ, ചൎമ്മണ്വതി എന്നി നദികൾ മാളവരാജ്യത്തിൽക്കൂടി ഒഴുകുന്നുണ്ടു്. ചംബൽ എന്നാണു് ചൎമ്മണ്വതിയുടെ ഇപ്പോഴത്തെ പേർ. അതിൻെറ തീരപ്രദേശങ്ങളിൽവെച്ചാണു് രന്തിദേവൻ അനേകം യാഗങ്ങൾ കഴിച്ചതു്.

'സൈ്വരംചെന്നഥരന്തിദേവനൃവരൻ
 സത്രാങ്കണത്തുമ്പിതെ-
ന്നിപ്പാരിൽ പുകൾപൊങ്ങിടുന്നപുഴയെ-
 സ്സംഭാവനംചെയ്യണം'

എന്നാണു് യക്ഷൻ മേഘത്തോടുപദേശിച്ചതു്. ഗംഭീര, ദേവഗിരിയിൽനിന്നു പുറപ്പെടുന്നു. അവിടെ ഒരു സുബ്രഹ്മണ്യക്ഷേത്രമുണ്ടു്. താരകാസുരവധത്തിനുശേഷം

അവിടെ കുമാരൻ മാതാപിതാക്കന്മാരോടുകൂടി വസിക്കുന്നു എന്നാണ് ഐതിഹ്യം.

'ജ്യോതിർല്ലേഖാവലയിഗളിതം യസ്യബർഹംഭവാനീ
പുത്രപ്രീത്യാകുവലയദളപ്രാപികർണ്ണേകരോതി
ധൌതാപാംഗംഹരശശിരുചാ പാവകേസ്തംമയൂരം
പശ്ചാദദ്രിഗ്രഹണഗുരുഭിർഗ്ഗർജ്ജിതൈർന്നർത്തയേഥാഃ

മാളവരാജ്യത്ത് ആദ്യമായി ഉണ്ടാക്കിയ പ്രധാനനഗരി മാഹിഷ്മതി ആയിരുന്നു. മാന്ധാതാവു മഹീപതിയുടെ മകൻ മുചുകുന്ദനാണ് ഇതുണ്ടാക്കിയതു്. കാർത്തവീര്യാർജ്ജുനന്റെ തലസ്ഥാനമിതായിരുന്നു. അവിടെ ഒരു കാരാഗൃഹത്തിലായിരുന്നു രാവണനെ ഇട്ടിരുന്നതു്. വളരെക്കാലം കഴിഞ്ഞിട്ടു്, അശോകൻ യുവരാജാവിന്റെ നിലയിൽ മാളവരാജ്യത്തെ പാലിക്കുക ഉണ്ടായിട്ടുണ്ടു്. അന്നതിനു അവന്തി എന്നായിരുന്നു പേരത്രെ. തലസ്ഥാനം ഉജ്ജയിനിക്കു 120 നാഴിക തെക്കുണ്ടായിരുന്ന വിദിശയുമായിരുന്നു. അശോകൻ മഗധരാജാവായിരുന്നകാലത്തു്, അവന്തി അതിനെതിരായിസകല ഐശ്വര്യത്തോടുംകൂടി വർത്തിച്ചിരുന്നു. അക്കാലത്തു് ഭോജകുലത്തിൽ പെട്ട പ്രദ്യോതനായിരുന്നു ഉജ്ജയിനിയിൽ രാജാവായി വാണിരുന്നതു്. പ്രദ്യോതൻ വാസവദത്തയുടെ അച്ഛനായിരുന്നു. വത്സരാജാവായിരുന്ന ഉദയനന്റേയും- വാസവദത്തയുടേയും കഥ ഗുണാഢ്യന്റെ ബൃഹൽക്കഥയിലും പിന്നീടു് ഭാസന്റെ നാടകത്തിലും വർണ്ണിച്ചിട്ടുണ്ടു്. കാളിദാസരുടെ കാലമായപ്പോഴയ്ക്കും അതൊരു പഴയ കഥയായി തീർന്നിരിക്കുന്നു. അതാണ് കാളിദാസൻ മേഘസന്ദേശത്തിൽ ഇങ്ങനെ പറയുന്നതു്.

'വത്സേശൻ കഥ വാഴ്ത്തി വൃദ്ധർമരുവും
രാജ്യത്തുചെന്നാലുടൻ
മുൻചൊന്നീടിനമോടിയോടു വിലസും
നൽപട്ടണം പൂകണം.'

'വാസവദത്തയെ സഞ്ജയൻ എന്നൊരു രാജാവിനു വിവാഹം ചെയ്തുകൊടുക്കുവാൻ നിശ്ചയിച്ചിരിക്കെ, അവൾ സ്വപ്നത്തിൽ വത്സരാജനെ കണ്ടു പരിഭ്രമിച്ച്, വിവരം ഗ്രദ്ധമായി അദ്ദേഹത്തെ ധരിപ്പിച്ചു. അദ്ദേഹം അവളെ അച്ഛനറിയാതെ അപഹരിച്ച് തന്റെ തലസ്ഥാനമായ കൌശാമ്പിയിലേക്കു കൊണ്ടുപോയി.' ഇതായിരുന്നു പഴമക്കാർ പറഞ്ഞുവന്നിരുന്ന കഥ.

പ്രദ്യോതനു ഗോപാലൻ, പാലകൻ എന്നു രണ്ടാൺമക്കളും ഉണ്ടായിരുന്നു. ഗോപാലൻ രാജ്യാധികാരമൊഴിഞ്ഞു പാലകനു കൊടുത്ത്, കൌശാമ്പിയിൽ സഹോദരിയുടെ അടുക്കൽ താമസിച്ചു. പാലകൻ ഗോപാലന്റെ മകൻ ആൎയ്യകനെ തടവിൽ പാർപ്പിച്ചു. ശൎവ്വിലകൻ എന്നൊരു ബ്രാഹ്മണന്റെ സഹായത്തോടുകൂടി ഒരു ലഹളയുണ്ടാക്കി, അതിൽവെച്ച് ആൎയ്യകൻ പാലകനെ കൊന്നു കുലമഹിമയെ രക്ഷിക്കുന്നു. ഉദയനസചിവനായ യൌഗന്ധരായണന്റെ സാമൎത്ഥ്യത്തെ അനുസ്മരിച്ച് കൎമ്മകുശലനായ ശൎവ്വിലകൻ ആ സന്ദർഭത്തിൽ ഇങ്ങനെ പറയുന്നു.

"എല്ലാവരേയും ഉത്തേജിപ്പിച്ചു ഞാനത്തടവിൽ മരുവുമെന്നിഷ്ടനെ കാത്തിടുന്നേനത്യന്തം ബുദ്ധിമാനാം സചിവനുദയനൻതന്നെ മുമ്പെന്നപോലെ". ഈ കഥയെല്ലാം ശൂദ്രകന്റെ നാടകത്തിൽ നിന്നു ഗ്രഹിക്കാം. അതിൽ അന്നത്തെ ഉജ്ജയിനിയിലെ സമ്പ്രദായങ്ങളേയും രസമായി വൎണ്ണിച്ചിട്ടുണ്ട്. മേഘസന്ദേശത്തിലും ഉജ്ജയിനിയെ കവി സ്നേഹാദരങ്ങളോടുകൂടി വൎണ്ണിച്ചിട്ടുണ്ട്.

ഉജ്ജയിനിയെ ഹിന്ദുക്കൾ വലിയൊരു പീഠസ്ഥാനമായിട്ടാണ് ഇന്നും മാനിച്ചുപോരുന്നതു്. ശിവന്റെ താണ്ഡവനൃത്തത്തിൽ സതിയുടെ ശവശരീരത്തിലൊരുഭാഗത്തെ സുദർശനചക്രംകൊണ്ടിവിടെ വിഷ്ണു മുറിച്ചിട്ടുണ്ടു

ത്രെ. ഓങ്കാരലിംഗം, ജ്യോതിർലിംഗം എന്നിവയെ അവിടെ പ്രതിഷ്ഠിച്ചിട്ടുണ്ട്. മഹാകാളിക്ഷേത്രം, അന്നപൂർണ്ണേശ്വരിക്ഷേത്രം, ശ്രീരാമസീതാലക്ഷ്മണക്ഷേത്രം, മഹാകാലേശ്വരക്ഷേത്രം, എന്നിവയാൽ ഉജ്ജയിനി ഇന്നും അന്നത്തെപ്പോലെ അലങ്കരിക്കപ്പെട്ടിരിക്കുന്നു. മഹാകാളിക്ഷേത്രം ഒഴിച്ചുള്ളവ വളരെ മോടിയോടുകൂടി വെച്ചുവരുന്നുണ്ട്. മഹാകാലേശ്വരക്ഷേത്രം പുരാതനമായിട്ടുള്ള ഒന്നാണ്. പഴയ ക്ഷേത്രത്തെ 1235 ൽ തുലുഷ്കർ നശിപ്പിച്ചു. ഇപ്പോഴത്തെ ക്ഷേത്രം 1745-ൽ അന്നത്തെ പെഷവായുടെ ദിവാനായിരുന്ന രാമചന്ദ്രരായരാൽ ഉണ്ടാക്കപ്പെട്ടതാണ്. 1750-ൽ രാമബട്ട്ജി എന്നൊരു വിശിഷ്ട താപസനായ തെലുങ്കബ്രാഹ്മണൻ അമ്പലത്തിൽ താമസം തുടങ്ങി. പിന്നീടു ഡൌളററാം സിന്ധ്യാ അദ്ദേഹത്തിനും അവകാശികൾക്കുമായി ക്ഷേത്രാധികാരം വിട്ടുകൊടുത്തു. ഇന്നും ആ നിലയിലിരിക്കുന്നു. നാലുശ്ലോകങ്ങളെക്കൊണ്ടാകുന്നു കാളിദാസകവി കാളീമണാളനെ പൂജിച്ചിരിക്കുന്നതു്. അവയിലൊന്നിവിടെ ചേർക്കട്ടെ.

ചെന്താർകാന്തികൾ ചിന്നുമന്തിസമയ-
ച്ചന്തംചമഞ്ഞും ഭവാൻ
നീന്തിച്ചെന്നഥ നൃത്തമാടിയമരും
ദേവൻെറതൃക്കൈകളിൽ
ചുററിപ്പാറിയവററിലിററമൃതിരം
തോരാത്തൊരാനത്തുകിൽ
ക്കോലം ചാർത്തണമാടൽവിട്ടുമരസാൽ
കണ്ടോട്ടെ നിൻഭക്തിയേ.

അന്നപൂർണ്ണേശ്വരിക്ഷേത്രത്തിൽ ജപതപാദികൾ കഴിഞ്ഞ് ഒരു നായർ സൌന്ദര്യലഹരി പാരായണം ചെയ്തുകൊണ്ടിരിക്കുന്നതായി കണ്ടു് ഞാൻ സന്തുഷ്ടചി

ത്തനായി. അതു മററാരുമായിരുന്നില്ല; ലളിതോപാഖ്യാനംഭാഷയുടെ കൎത്താവിൻെറ മകനായിരുന്നു.

മഹാകാളിക്ഷേത്രത്തിൽ വെച്ചാണ് ദേവി കാളിദാസക്കു പ്രത്യക്ഷമായതു് എന്നു ചിലർ പറഞ്ഞു. അങ്ങനെയെങ്കിൽ, സന്ദേശത്തിൽ അതു കവി സൂചിപ്പിക്കാതിരിക്കുവാൻ ഒരു തരവുമില്ല. കാളിദാസക്കല്ല വിക്രമാദിത്യനാണ് ദർശനം കൊടുത്തതെന്നു് മററു ചിലർ പറയുന്നു. ഏതായാലും, ആ ക്ഷേത്രത്തിലെ ബിംബം കണ്ടാൽ ഒരു കാലത്തതിനു നല്ല ചൈതന്യമുണ്ടായിരുന്നു എന്നു കാണികൾക്കു തോന്നാതിരിക്കുകയില്ല. ആ ക്ഷേത്രത്തിൻെറ ഇപ്പോഴത്തെ കഷ്ടകാലം കണ്ടിട്ടു് എനിക്കു കരച്ചിൽവന്നു. എങ്കിലും കാവ്യങ്ങളിൽ വിവരിച്ചിട്ടുള്ള ഐശ്വൎയ്യം ഇന്നും ഉജ്ജയിനിയെ തീരെ വിട്ടുമാറീട്ടില്ല. പരമാര രാജാക്കന്മാരുടെ കാലത്തായിരുന്നു ഉജ്ജയിനിയുടെ ശ്രേയസ്സിനു ഉച്ചസ്ഥാനം ലഭിച്ചതു്.

---

# അദ്ധ്യായം ൯.

---

ധാരാ—മണ്ഡു.

ധാരാനഗരിയിൽ പത്മഗുപ്തൻ എന്നു പ്രസിദ്ധനായൊരു കവിയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഒരു കൃതിയിൽ പരമാര രാജാക്കന്മാരുടെ വംശോല്പത്തിയേയും ചരിതത്തേയും ചുരുക്കത്തിൽ കൊടുത്തിട്ടുണ്ടു്. വാക്പതി, വൈരസിംഹൻ, മുഞ്ജൻ, ഭോജൻ, എന്നിവർ ഈ വംശജന്മാരാകുന്നു. ഇവരെല്ലാം കവികളും കവികളെ സഹായിച്ചു പ്രോത്സാഹിപ്പിച്ചിരുന്നവരും ആയിരുന്നു. ഇവരുടെ ഭരണകാലത്തു് രാജ്യത്തിൽ സമാധാനവും പ്രജകൾ

ക്ക ക്ഷേമവും ഉണ്ടായിരുന്നു. അവരുണ്ടാക്കീട്ടുള്ള കോട്ടകളുടേയും കെട്ടിടങ്ങളുടേയും അവശിഷ്ടങ്ങളിൽനിന്ന് അവയുടെ മഹിമയെ ഊഹിക്കാവുന്നതാകുന്നു.

ഭോജൻ താരുണ്യാവസ്ഥയിൽ തന്നെ അദ്ദേഹത്തിന്റെ ബുദ്ധിപ്രഭാവത്തെ പ്രകാശിപ്പിച്ചു. അമ്മാമനായ മുഞ്ജന് അതുകണ്ടിട്ടു പരിഭ്രമമായി. ഒടുവിൽ ഭോജന്റെ ശിരച്ഛേദം ചെയ്യുവാനായി തന്റെ വിശ്വസ്ത ഭടന്മാരെ അയാൾ ഏല്പിച്ചു. അവൎക്കതു ചെയ്‌വാൻ മടി നേരിട്ടു. അവരെന്നിട്ടൊരു കൌശലം പ്രയോഗിച്ചു. ഭോജനെ കാട്ടിൽ വിട്ടു്, അവർ പുറപ്പെട്ട സമയം, ഭോജൻ താഴേ കാണുന്ന ശ്ലോകം കാരണവൎക്കു കൊടുപ്പാൻ അവരെ ഏല്പിച്ചു.

'മാന്ധാതാചമഹീപതിഃ കൃതയുഗാ
ലങ്കാരഭൂതോഗതഃ
സേതുൎയ്യേനമഹോദധൌവിരചിതഃ
ക്വാസൌദശാസ്യാന്തകഃ
അന്യേചാപിയുധിഷ്ഠിരപ്രഭൃതയോ
യാതാദിവം ഭൂപതേ
നൈകേനാപിസമംഗതാവസുമതീ
നൂനംത്വയായാസ്യതി.

ഇതുകണ്ടസമയം, മുഞ്ജൻ മോഹാലസ്യപ്പെട്ടുവീണും വീണ്ടും സ്വസ്ഥചിത്തനായ സമയം, വിവരമെല്ലാം അറിഞ്ഞു സന്തോഷിച്ചു്, ഭോജനെ തിരിച്ചുവരുത്തി. കഥ തുടരുന്നില്ല. ലേഖനം അനാവശ്യമായി ദീൎഘിക്കും. കഥയിൽ കൌതുകമുള്ളവർ ഭോജചരിത്രം നോക്കിക്കൊള്ളട്ടെ. അവിടെ ഭോജന്റെയും കാളിദാസപ്രഭൃതികളായ നവരത്നങ്ങളുടെയും രസകരമായ ചരിത്രം വായിക്കാമല്ലോ. അതാരെങ്കിലും നല്ലപോലെ പരിഭാഷപ്പെടുത്തിയാൽ നന്നു്.

മഹമ്മേഡ്ഷാ ചക്രവൎത്തി 1733-ൽ മഹാരാജാ ജൈസിംഗിനെ മാളവയിൽ രാജപ്രതിനിധിയായി നിയമിച്ചു. മുകിലന്മാൎക്ക് അദ്ദേഹത്തെ വലിയ ബഹുമാനമായിരുന്നു. 1728-ൽ അദ്ദേഹമാണ് ജയപുരത്തെ (ജൈപൂര്) ഉണ്ടാക്കി, അംബർനഗരത്തിൽനിന്ന് അവിടേക്ക തലസ്ഥാനം മാററിയതു്. അദ്ദേഹം ഒരു നല്ല പണ്ഡിതനും കവിയും ജ്യോതിശ്ശാസ്ത്രവിശാരദനുമായിരുന്നു. ഉജ്ജയിനിയിലെ ഒരു ഭാഗത്തെ ഇന്നും ജൈസിംഗ്പുരം എന്നു വിളിച്ചുവരുന്നു. ജ്യോതിശ്ശാസ്ത്രസംബന്ധമായ പരിക്ഷണങ്ങളും നിരീക്ഷണങ്ങളും ചെയ്‌വാനായി അദ്ദേഹം ഉജ്ജയിനി, ജൈപൂര്, മധുര, കാശി, ഡൽഹി, എന്നീ സ്ഥലങ്ങളിൽ യന്ത്രങ്ങൾ സ്ഥാപിച്ചും മററും വേണ്ട ഏൎപ്പാടുകൾ ചെയ്തിരുന്നു. ഇന്നും അവയിൽ പലതും യാതൊരു കേടുകളും തട്ടാതെ നില്ക്കുന്നുണ്ടു്. അവയിൽ പ്രധാനമായവ സാമ്രാട്ടയന്ത്രം, ജയപ്രകാശയന്ത്രം, മിശ്രയന്ത്രം, രാംയന്ത്രം, എന്നിവയാകുന്നു.

ധാരാ ഭോജരാജാവിന്റെ കാലത്തു വിദ്യാഭ്യാസത്തിനുള്ള ഒരു കേന്ദ്രസ്ഥാനമായിരുന്നു. ഭോജപാഠശാല മുസൽമാൻമാരുടെ ഒരു പള്ളിയായി മാററിയിരിക്കുന്നു. ആ പാഠശാലയിൽ ഒരു സരസ്വതിക്ഷേത്രമുണ്ടായിരുന്നു. അതു ധാരാനഗരിയുടെ ഒരു അലങ്കാരമായിരുന്നുവെന്നു് അൎജ്ജുനവൎമ്മന്റെ ഒരു നാടകത്തിൽ വൎണ്ണിച്ചിട്ടുള്ളതായി ഒരു ചരിത്രത്തിൽ കാണുന്നുണ്ടു്. ക്ഷേത്രത്തിന്റെ പ്രാകാരത്തിന്മേൽ സംസ്കൃതം, പ്രാകൃതം എന്നിവയുടെ വ്യാകരണസൂത്രങ്ങളും ഭോജരാജാവു പ്രാകൃതത്തിൽ നിൎമ്മിച്ച ഒരു ഗീതവും കൊത്തിയിരുന്നു. അങ്ങനെ കൊത്തീട്ടുള്ള രണ്ടു ശിലകൾ ഇന്നു നിലത്തു പതിച്ചിട്ടുണ്ടു്. ഭോജരാജാവു മരിച്ചു എന്നു കേട്ട സമയത്തു് ഒരു

കവിയുണ്ടാക്കിയ (കാളിദാസർതന്നെ എന്നു ചിലർ പറയുന്നു.) ഒരു ശ്ലോകത്തിൽ ധാരയുടേയും ക്ഷേത്രത്തിന്റെയും കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

'അദ്യധാരാ നിരാധാരം
നിരാലംബാ സരസ്വതീ.!

ധാരയുടെ പ്രശസ്തി സൌന്ദര്യലഹരിയിലെ ഒരു ശ്ലോകംകൊണ്ടും കാണാവുന്നതാകുന്നു.

'വിശാലാകല്യാണി സ്ഫുടരുചിരയോദ്ധ്യാകുവലയൈ:
കൃപാധാരാധാരാകിമപി മധുരാഭോഗവതികാ
അവന്തീദൃഷ്ടിസ്തേ ബഹുനഗരവിസ്താരവിജയാ
ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാവിജയതേ.'

ധാരാ, അവന്തി, വിശാല, ഇവ മൂന്നും മാളവരാജ്യത്തിൽ പെട്ടവയാണ്. ഹേമചന്ദ്രന്റെ അഭിപ്രായം അവന്തി മാളവയ്ക്കുള്ള മറെറാരു പേരെന്നാണ്. മററു പലരും അവന്തി ഇന്നത്തെ ഉജ്ജയിനിയെ കുറിക്കുന്നു എന്നും വാദിക്കുന്നു. അവന്തി മോക്ഷദായികളായ സപ്തപുരികളിൽ ഒന്നാണ്.

'അയോദ്ധ്യാ മധുരാമായാ
കാശീകാഞ്ചീരവന്തികാ
പുരീദ്വാരാവതീചൈവ
സപ്തൈതേ മോക്ഷദായികാ.'

ഇനി മണ്ഡുവിനെക്കുറിച്ചുകൂടി അല്പം പറയാനുണ്ട്. വിക്രമാദിത്യനാണ് ബി. സി. 56—ൽ മണ്ഡുവിനെ ഉണ്ടാക്കിയതെന്നു ഫെറിഷ്ട അദ്ദേഹത്തിന്റെ ചരിത്രത്തിൽ പറയുന്നു. എ. ഡി. 800—മുതൽ 1035 വരെ അതൊരു ഹൈന്ദവകോട്ടയായിരുന്നു എന്നുള്ളതിന് ലക്ഷ്യങ്ങൾ ഉണ്ട്. പരമാരരാജാക്കന്മാരുടെ കാലത്ത് അതവരുടെ കീഴിലായിരുന്നു. മുഞ്ജനവിടെ താമസിച്ചിരുന്നു എന്നതിനു മുഞ്ജസാഗരം ഇന്നും തെളിവായി

അവിടെ തെളിഞ്ഞുകിടക്കുന്നുണ്ട്. 1305—നു ശേഷം വളരെകാലം അതു മുഹമ്മദീയരാജാക്കന്മാരുടെ അധീനത്തിലായിരുന്നു. ഡെൽഹി ചക്രവർത്തിയായിരുന്ന ഷഷ് 1545—ൽ മാളവരാജ്യത്തെ കീഴടക്കിയതോടുകൂടി, ഷുജററ് ഖാൺ മണ്ഡുവിൽ ഗവൺറായി അയയ്ക്കപ്പെട്ടു. ഷുജററ്ഖാന്നു മൂന്നു മക്കളുണ്ടായിരുന്നു. അവരിൽ ബാസ് ബഹദൂർ എന്നയാൾ മററു രണ്ടുപേരെയും കൊന്നു മണ്ഡു കൈക്കലാക്കി അതിനെ സ്വാതന്ത്ര്യമായി ഭരിച്ചു.

അക്ബർ ചക്രവർത്തി ബാസ്ബഹദൂരിനെ തോല്പിച്ച്, മണ്ഡുവിനെ വീണ്ടും മുകൾ സാമ്രാജ്യത്തിനു കീഴിലാക്കി. 1732—ൽ മഹാരാഷ്ട്രന്മാർ മണ്ഡുവിനെയും ധാരയേയും കൈവശപ്പെടുത്തി. ഇന്നീ രണ്ടുസ്ഥലങ്ങളിലും അവയുടെ കഴിഞ്ഞകാലത്തെ ഐശ്വര്യം കാണിക്കുന്നതിന്നു അധികവും പൊളിഞ്ഞ കെട്ടിടങ്ങളാണുള്ളതു്. അവയിൽ മുഖ്യമായൊന്നാണു് ബാസ്ബഹദൂരിൻെറ കോവിലകം.

ബാസ് ബഹദൂർ ഒരിക്കൽ നായാടിനടക്കുന്ന സമയത്തു ഒരു രജപുത്രകന്യകയായിരുന്ന രൂപമതി എന്ന സ്ത്രീയുടെ പാട്ടുകേട്ടു് അപഹൃതചിത്തനായി. രൂപമതിയെ കണ്ട സമയം, അദ്ദേഹത്തിനു് അവരെ കല്യാണം കഴിച്ചേ തീരു എന്നായി. അവൾക്കതെയ്ക്കു രൂപലാവണ്യമുണ്ടായിരുന്നു. അത്ര അംഗഭംഗിയോടുകൂടിയ മറെറാരു സ്ത്രീ അന്നിൻഡ്യയിലുണ്ടായിരുന്നില്ലത്രെ. രണ്ടുപേരും സൌന്ദര്യത്തിലും സംഗീതത്തിലും സാഹിത്യത്തിലുമുള്ള നൈപുണ്യം, ശീലഗുണം; എന്നിവകൊണ്ടു വളരെ യോജിച്ചിരുന്നു. വേണ്ട അന്വേഷണവും ആലോചനയും ചെയ്തശേഷം, രൂപമതി വിവാഹത്തിനു സമ്മതിച്ചു.

അവർ വളരെ നാരം ദൃഷ്ടാന്തയോഗ്യമായ ദാമ്പത്യജീവിതത്തെ നയിച്ചു. രാജ്യഭരണത്തിലും രൂപമതി ബഹദൂരിനു വലിയൊരു സഹായമായിരുന്നു. എന്നാൽ മുകൽ സൈന്യം വന്നകാലത്തു അവർ രൂപമതിയുടെ ജനനസ്ഥലമായ സരംഗപുരത്തു താമസിക്കുകയായിരുന്നു. പട കഠിനമായി തുടങ്ങിയതോടുകൂടി ബാസ്ബഹദൂർ തോറേറാടി രക്ഷ പ്രാപിക്കേണ്ടതായി വന്നു. വരനെ പിരിഞ്ഞ രൂപമതിയെ പടജനങ്ങരം അപമാനിക്കുമെന്നുകണ്ടു്, അവർ വിഷം കുടിച്ചു മരിച്ചു. സേനാനായകനായ ആദംഖാൻ രൂപമതിയെ കിട്ടുവാൻ പല ശ്രമങ്ങളും ചെയ്തു. പക്ഷെ, അയാരം കണ്ട കാഴ്ച വസ്ത്രാഭരണഭൂഷിതമായ രൂപമതിയുടെ ശവശരീരമായിരുന്നു.

ഒരുതെളിവുള്ള ദിവസം രൂപമതിയുടെ കൊട്ടാരത്തിൻെറ കാഴ്ച എത്രയോ ചേതോഹരമായിട്ടുള്ള ഒന്നാകുന്നു. അതു വിന്ധ്യൻെറ അധികം പൊക്കമില്ലാത്ത ഒരു ശിഖരത്തിൻെറ ശിരോലങ്കാരമായിരിക്കുന്നു. മുമ്പിലായി നമ്മദയും അതിന്നിരുകരകളിലും കണ്ണുകരംക്കാനന്ദകരമായ വിളഞ്ഞുനില്ക്കുന്ന കണ്ടങ്ങളും, ഫലവൃക്ഷങ്ങളോടുകൂടിയ പറമ്പുകളും കിടക്കുന്നു. അതിനപ്പുറത്തു തപതിവരെ ജയിനന്മാക്കു വിശിഷ്ടമായുള്ള ഭവാനഗജമുള്ള സത്പുരഗിരിയും കാണാം. നമ്മദയിലുള്ള ഒരു ചെറിയ തുരുത്തിലാണു് രൂപമതിയുടെ ശവകുടീരം.

അവരുടെ ഒരു പാട്ടോടുകൂടി ഈ ലേഖനമവസാനിപ്പിക്കാം.

ഔർധൻ ജോത്താഹൈ കമേരേ
തോധൻ പ്യാരോ കേ പ്രീതാപുൻജി
ആനേകാ ജതൻ കാർ രഖോമൻമേ
രൂപാത്തിത് തരോ ദേഖാഹ്ഹം
തീയാകാ നലഗേധ്യൂഷ്ടാ
അപ നേകാർ രഖോഗി കൻജി.

ദിൻദിൻ ബാരേസവായോ
ദ്ദർഫിഘടൻ ഏക്ഹോ ഗുൻജി;
ബാസ് ബഹദൂർ കി സ്നേഹ ഉപർ
നിഛാചാർ കരും ഗീജി ഓർഡൻ.

(Friend! let others boast their treasure
Mine's a stock of pure love's pleasure
Safely cared for every part
'Neath that trust lock my heart
Safe from other women's peeping
Eor the key's in my own keeping
Day by day it grows a little
Never loses e'en a little
But through life will ever go
With Baz Pahadur. weal or woe.

---

## അദ്ധ്യായം ൭.

---

### ഇൻഡോർ—ബറോഡ.

ഉജ്ജയിനിയിൽനിന്നു പോയതു് ഇൻഡോറിലേക്കായിരുന്നു. വാസ്തവത്തിൽ, ഒരു സ്നേഹിതനെ കാണ്മാൻ മാത്രമായിട്ടായിരുന്നു ഞാൻ അവിടെ ഇറങ്ങിയതു്. എങ്കിലും, അദ്ദേഹം ഒരു വിധം വലിയൊരു ഉദ്യോഗസ്ഥനും ആയിരുന്നതുകാരണം, അവിടെ കാണേണ്ടവയെ കൊണ്ടുപോയി കാണിച്ചുതരികയും, ഇൻഡോറിൻെറ ചരിത്രത്തെ അല്പം പറഞ്ഞുതരികയുംചെയ്തു. ഇൻഡോർ തെക്കേ ഇൻഡ്യാക്കാൎക്കു് അഭിമാനത്തിനു കാരണമുണ്ടാകുന്ന ഒരു ദിക്കാണു്. ഇന്നത്തെ അതിൻെറ ഭരണവിശേഷത്തിനും കീൎത്തിക്കും കാരണഭൂതന്മാരായിട്ടുള്ളവരിൽ

രണ്ടുപേർ കേളികേട്ടിട്ടുള്ള മാധവരായരും രഘുനാഥരായരുമാകുന്നു. അവരവിടെ മന്ത്രികളായിരുന്നു.

ഇൻഡ്യയുടെ മദ്ധ്യത്തിലുള്ള മാളവരാജ്യത്തിലെ ഒരു പ്രധാന സംസ്ഥാനമാണ് ഇൻഡോർ. അതിൻെറ തലസ്ഥാനത്തിൻെറ പേരും ഇതുതന്നെ. ഹോൾക്കാർ മഹാരാജാവാണ് അതിനെ ഇന്നു ഭരിച്ചുവരുന്നതു്. എന്നാൽ ആ രാജ്യം പല പരിവത്തനങ്ങൾക്കും അധീനമായിട്ടുണ്ട്. വിക്രമാദിത്യൻ, മുഞ്ജൻ, ഭോജൻ, യശോധമ്മൻ, എന്നിവരുടെ ലാളനകളെ അനുഭവിച്ചതിനുമേൽ തുരുക്കർ അതിനെ പിടിച്ച് അവരുടെ കീഴിലാക്കി. ആ നിലയിൽ വളരെ നാൾ ഇരുന്നു. പിന്നെ ഭാജിറാവുപേഷ്വായുടെ കാലത്താണ് അതിനെ മഹാരാഷ്ട്രക്കു കൈവശപ്പെടുത്തുവാൻ സാധിച്ചതു്. പേഷ്വായുടെ സേനാനായകനായിരുന്ന മലഹരിരായരുടെ സാമത്ഥ്യവും ധൈയ്യവുംകൊണ്ടാണ് യുദ്ധത്തിൽ മുസൽമാൻ ചക്രവത്തിയുടെ സൈന്യത്തെ തോല്പിക്കുവാനും അതു വീണ്ടെടുക്കുവാനും പേഷ്വായ്ക്കു സംഗതിവന്നതു്. ഇൻഡോർസംസ്ഥാനത്തെ അന്നു (1733) പേഷ്വ മലഹരിരായക്കു സമ്മാനിച്ചു. ഈ രാജ്യം മലഹരിരായരുഹോൾക്കാർ മരിക്കുന്ന കാലത്തു് (1766) ഒരു നല്ല നിലയിൽ പ്രാപിച്ചിരുന്നു.

പിന്നെ ഇതിനെ 1975 വരെ ഭരിച്ചതു അഹല്യാബായിയായിരുന്നു. അവരുടെ ഭരണകാലം ചരിത്രപ്രസിദ്ധമായിട്ടുള്ളതാണല്ലൊ. അവരൊരു മാതൃകയായ മഹാരാജ്ഞിയായിരുന്നു. നീതിയെ പാലിക്കുന്നതിനും നികുതി പിരിക്കുന്നതിനും പ്രജകൾക്ക് എല്ലാപ്രകാരത്തിലും വേണ്ട അഭിവൃദ്ധിയുണ്ടാകുന്നതിനും വേണ്ട സകല ഏപ്പാടുകളും അവർ ആലോചിച്ചു ചെയ്തുകൊണ്ടിരുന്നു. അതുകാരണം അവരുടെ അനന്തരഗാമികൾക്കു ഇൻഡോ

റിനെ ഭരിക്കുന്നതിൽ ബുദ്ധിമുട്ടുനേരിട്ടില്ല. സൈന്യലഹളക്കാലത്തു് ഇംഗ്ലീഷുകാൎക്കു ചെയ്തുകൊടുത്ത സഹായത്തിന്റെ ഫലമായി ബ്രിട്ടീഷ്ഗവൎമ്മേന്റിന്റെ ആനുകൂല്യവും അവർ സമ്പാദിച്ചു. യശ്വന്തരാവു ഹോൾക്കാറാണു് ഇപ്പോഴത്തെ മഹാരാജാവു്. 1926-ൽ പ്രയപൂൎത്തി വരുന്നതിനു മുമ്പുതന്നെ ഇദ്ദേഹത്തിൻെറ കിരീടധാരണക്രിയകഴിഞ്ഞു. 1930-ൽ ആകുന്നു രാജ്യഭാരം കയ്യേററതു്. ഇദ്ദേഹം ഓക്സ്ഫോർഡ് സൎവ്വകലാശാലയിൽ പഠിക്കുകയും യൂറോപ്പ്, അമേരിക്ക എന്നീ രാജ്യങ്ങളിൽ സഞ്ചരിക്കുകയും ചെയ്തിട്ടുണ്ടു്. ഭരണരീതി നല്ല തരത്തിലാണു്. ഒരു നിയമസഭയും 26 മുനിസിപ്പാലററികളും 111 വില്ലേജുപഞ്ചായത്തുകളും ഉണ്ടു്. അററാദായത്തിൽ ഇന്ന സംഖ്യയെ ഹോൾക്കാറുടെ ചിലവിനു എടുത്തുകൂട്ടു എന്നു നിശ്ചയവുമുണ്ടു്. വൈദ്യം, വിദ്യാഭ്യാസം, കൃഷി, കൈത്തൊഴിൽ, വാണിജ്യം, പരസ്പരസഹായം എന്നിവയ്ക്കു പരിഷ്കൃതരീതിയിലുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഹജൂർ കച്ചേരി, ഹൈക്കോടതി, ഹോൾക്കാർ കോളെജ് എന്നിവ കാണേണ്ട കെട്ടിടങ്ങളാകുന്നു. സുഖനിവാസം, മണിഭവനം എന്നീ കൊട്ടാരങ്ങളും, മനോഹരമായ മട്ടിൽ കെട്ടിയുണ്ടാക്കീട്ടുള്ളവയാകുന്നു. ഹിന്തുക്കളുടെ ഗോപാലമന്ദിരത്തിലും ജൈനന്മാരുടെ ജൈനമന്ദിരത്തിലും പോയി ദർശനം ചെയ്യേണ്ടതാണെന്നുള്ളതിനു സംശയമില്ല ഇൻഡോറിൽ (ഇന്ദ്രപുരം) നിന്നു ബറോഡയ്ക്കാണു് പോയതു്.

ബറോഡാനഗരം കണ്ടാൽ അതു ഭരണനിപുണനായ ഒരു രാജാവിൻെറ ആജ്ഞയ്ക്കനുസരിച്ചു വളൎന്നുവരുന്നതാണെന്നു തോന്നാതിരിക്കുകയില്ല. തണലിനായി ഇരുപുറവും നട്ടുവളൎത്തീട്ടുള്ള തരുപംക്തികളോടുകൂടിയ വീതിയുള്ള വഴികൾ, ലതാകുസുമങ്ങൾ, കാഴ്ചനിക്കൾ,

ചെറുപൊയ്കകൾ എന്നിവകളോടുകൂടിയ ഉദ്യാനങ്ങൾ, കെങ്കേമങ്ങളായ കെട്ടിടങ്ങൾ എന്നിവകൊണ്ടു നഗരം അലങ്കരിക്കപ്പെട്ടിരിക്കുന്നു. പഞ്ചതന്ത്രത്തിൽ പാടലീപുത്രത്തിന്റെ ഒരു വർണ്ണനയുള്ളതു് ബറോഡാ നഗരത്തിനു അക്ഷരംപ്രതി യോജിക്കുന്നതാണു്. അവയുടെ വൃത്തിയും വെടിപ്പും എല്ലാവരിലും അതിശയവും സന്തോഷവും ഉണ്ടാക്കാതിരിക്കുകയില്ല. നഗരത്തിൽ ചില സ്ഥലങ്ങളെ പ്രത്യേകമായി ചെന്നു കാണേണ്ടതുണ്ടു്. കണ്ടതുകൊണ്ടുമാവില്ല. അവയിൽനിന്നു പലതും പഠിക്കേണ്ടതായിട്ടുണ്ടു്.

1. കൃഷിസ്ഥലം, 2. ഔഷധനിർമ്മാണസ്ഥാനം; 3. ചിത്രശാല, 4. മ്യൂസിയം, അല്ലെങ്കിൽ ദുർല്ലഭവസ്തുക്കളെ ശേഖരിച്ചു വെച്ചിരിക്കുന്ന കെട്ടിടം, 5. കുതിരലായം, ആനപ്പന്തി, മൃഗശാല, 6. പുസ്തകശാല, 7. സായാജിസരോവരം, 8. സ്വർണ്ണം, വെള്ളി എന്നിവകൊണ്ടുള്ള രഥങ്ങൾ, പല്ലക്കുകൾ, തോക്കുകൾ, 9. മകർപ്പുര, ലക്ഷ്മീവിലാസം എന്നീ കൊട്ടാരങ്ങളും ഉദ്യാനങ്ങളും. 10. ജയിലു്, 11. ആശുപത്രി, 12. കലാഭവനം, 13 സംഗീതവിദ്യാലയം, 14. ആര്യകന്യാമഹാവിദ്യാലയം, 15. വിററൾ ക്രീഡാഭവനം, 16. പ്രാചീന ഗ്രന്ഥാലയം ഇവയെ ഓരോന്നായിപ്പോയി മനസ്സിരുത്തി കാണേണ്ടതാകുന്നു.

1. ഗെയിക്കുവാൻ മഹാരാജാവിന്റെ ഭൂഭാഗങ്ങൾക്കു യോജിക്കുന്നവയും അദ്ദേഹത്തിന്റെ പ്രജകൾക്കും മററും ഉപയോഗമുള്ളവയും ആയ ധാന്യം, വിത്തു്, ചെടി, വൃക്ഷം, ലത എന്നീ ജാതികളിൽ പെട്ടവയെ നട്ടുവളർത്തേണ്ട രീതികളെ എല്ലാം കൃഷിസ്ഥലത്തു പരീക്ഷിച്ചു സമ്പാദിക്കുന്ന അറിവിനെ ഇവിടെനിന്നും പരസ്യപ്പെടുത്തുന്നു. ഇവിടെ കൃഷിശാസ്ത്രം, പഠിപ്പിക്കുകയും

ചെയ്യുന്നുണ്ട്. ഇവിടെയും മൈസൂരിലും മലത്തെ വളമാക്കുന്ന സമ്പ്രദായം കണ്ടു. കൊച്ചിരാജ്യത്ത് അതു നടപ്പിൽവരുത്തുന്നതു നന്നായിരിക്കും. വഴികളിലും മററും കിടക്കുന്ന ചപ്പും ചവറും എല്ലാം ശേഖരിച്ച് പട്ടണത്തിനു പുറത്തൊരു സ്ഥലത്തു നീളത്തിൽ കൂട്ടും. ഇതിനു മീതെ അട്ടപ്പിച്ച മൂന്നുദിവസം, മലവാഹകന്മാരുടെ വണ്ടിവളിൽ വെള്ളം ചേർത്തൊഴിക്കും. മൂന്നുമാസം ആ കൂമ്പലുകൾ വെയിലും മഞ്ഞും കൊണ്ടുകിടക്കും. അപ്പോഴയ്ക്കും അവയെല്ലാം കൂടി യോജിച്ച കട്ടിയായിത്തീരും. രണ്ടുനാലു ദിവസത്തിനുശേഷം, നാററം കുറഞ്ഞു തീരെ ഇല്ലാതെയാകും എന്നാണ് പറഞ്ഞുകേട്ടതു്. മൈസൂരിൽ ഈ വളം ഉണ്ടാക്കുന്ന മാതിരി എന്നെ കാണിച്ചു തരുവാൻ വന്നതു് വിശിഷ്ടനായ ഒരു ബ്രാഹ്മണഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിൻെറ കയ്യിലുണ്ടായിരുന്ന നല്ലൊരു ഉറപ്പുള്ള വടികൊണ്ടു കുത്തിനോക്കിയതിൽ പാടുകൂടി വീഴുന്നില്ല. കല്ലിന്മേൽ തല്ലിയതുപോലെ തോന്നി തീരെ നാററവും ഉണ്ടായിരുന്നില്ല. മൈസൂർ, ബറോഡ, രാജ്യങ്ങളിൽ ഇതു നല്ല വളമായി ഉപയോഗിച്ചുവരുന്നു. ഇതു വില്ക്കുന്നതിൽനിന്നു നല്ലൊരു തുക മൈസൂരിലേക്കു മുതലെടുപ്പുമുണ്ട്. ജപ്പാനിലും ഇതാണ് മുഖ്യമായ വളം. അതുകാരണം, വഴികൾ വളരെ ശുചിയായി ഇരിക്കുകയും ചെയ്യും.

2. അലംബിക്ക് കെമിക്കൽ വർക്സ് എന്ന സ്ഥാപനത്തിനു അമേരിക്കയിലും യൂറോപ്പിലുംകൂടി പ്രസിദ്ധി കിട്ടിത്തുടങ്ങീട്ടുണ്ട്. 1907-ൽ തുടങ്ങിയ ഒരു സ്ഥാപനമാണിതു്. ഇതിനു മഹാരാജാവുതിരുമനസ്സിലെ ആനുകൂല്യം നല്ലപോലെയുണ്ട്. ഉദ്ദേശം 700 തരം സാധനങ്ങൾ ഇന്നിവിടെ ഉണ്ടാക്കി വിൽക്കുന്നുണ്ട്. അന്യരാജ്യങ്ങളിൽനിന്നു വരുത്തി ഉപയോഗിക്കേണ്ടിവന്ന

രുന്ന പല മരുന്നുകളും ഇവയിൽപ്പെട്ടും. ഇംഗ്ലീഷ് മരുന്നുകൾക്കു പുറമെ, ആസവങ്ങൾ, അരിഷ്ടങ്ങൾ, ഭസ്മങ്ങൾ, ചൂൎണ്ണങ്ങൾ, ഗുളികകൾ എന്നീ ആയുർവ്വേദവിധി പ്രകാരമുള്ള വളരെ മരുന്നുകളും ഇവിടെ ഉണ്ടാക്കിവരുന്നു. ഇവയിൽ പല മരുന്നുകളുടേയും ഉടമസ്ഥതകൂടി ഈ സ്ഥാപനത്തിനുണ്ട്. കൊച്ചിരാജ്യത്തുതന്നെ പല ഡോക്ടർമാരും വൈദ്യന്മാരും ഈവക മരുന്നുകളെ വരുത്തി ഉപയോഗിച്ചുവരുന്നുണ്ട്. ഈ വലിയ നിലയിൽ ഇതിനെ കൊണ്ടുവരുവാൻ പരിശ്രമിച്ചവരുടെ കൂട്ടത്തിൽ മുന്നണിയിൽ നിൽക്കുന്നവർ ഗജ്ജാർ, കോടി ഭാസ്കർ, രാജരത്നആമീൻ, എന്നിവരാണു്. ഇവിടെ ഉണ്ടാക്കുന്ന മരുന്നുകളുടെ വിവിധത്വവും പ്രയോജനവും ഇവയെ ഉണ്ടാക്കിക്കൊണ്ടു വരുവാനുള്ള ബുദ്ധിമുട്ടും ചെന്നു കണ്ടും കേട്ടും മനസ്സിലാക്കേണ്ടതാണു്.

3. ചിത്രശാലയെ രണ്ടായി വിഭജിച്ചിട്ടുണ്ട്. ഒരു ഭാഗത്തു പാശ്ചാത്യന്മാരുടേയും മറേറവശത്തു പൌരസ്ത്യന്മാരുടേയും ചിത്രങ്ങളെ സൂക്ഷിച്ചിരിക്കുന്നു. ഇററലി തുടങ്ങിയ രാജ്യങ്ങളിൽ പ്രാചീനകാലംമുതൽ പേരുകേട്ടിട്ടുള്ള ചിത്രമെഴുത്തുകാർ എഴുതീട്ടുള്ള ചിത്രങ്ങളോ അവയുടെ ശരിയായ പകർപ്പുകളോ അതുപോലെ ഇൻഡ്യാ, പേർഷ്യാ, ചൈനാ എന്നീ രാജ്യത്തു പേരുകേട്ടിട്ടുള്ള ചിത്രകാരന്മാർ തീൎത്തിട്ടുള്ള ചിത്രങ്ങളോ അല്ലെങ്കിൽ അവയുടെ പകർപ്പുകളോ ആ ജ്ഞാനമന്ദിരത്തിൽ കാണുന്നതാണ്. ദേഹസുഖത്തിനായി സഞ്ചരിക്കുന്ന അവസരങ്ങളിൽ ഗെയിക്കുവാർ മഹാരാജാവു തൻെറ രാജ്യത്തിനു ക്ഷേമകരങ്ങളായ സ്ഥാപനങ്ങളെ കണ്ടുപഠിക്കുന്നതിലും ഉപയോഗമുള്ള സാധനങ്ങളെ ശേഖരിക്കുന്നതിലും എപ്പോഴും ഉത്സാഹത്തോടുകൂടി പ്രവൎത്തിച്ചുകൊണ്ടിരിക്കും. അതുപോലെ നല്ല ഉദ്യോഗസ്ഥന്മാരെ സ

മ്പാദിക്കുന്നതിലും അദ്ദേഹം മനസ്സിരുത്തും. രമേശചന്ദ്ര ദത്തന്ന ഗവൺമ്മെൻറു ഉദ്യോഗം മുറയ്ക്കു കൊടുക്കേണ്ട സന്ദർഭം നേരിട്ട സമയം ബ്രിട്ടീഷ്ഗവൎമ്മെണ്ടു കൊടുത്തില്ലെന്നു തന്നെയല്ല, കമ്മീഷണരായി സ്ഥിരപ്പെടുത്തുക കൂടി ചെയ്തില്ല. അതുകാരണം അദ്ദേഹം പണിയിൽ നിന്നൊഴിഞ്ഞു. ഉടനടി അദ്ദേഹത്തെ ബറോഡയിൽ റവന്യൂ മന്ത്രിയായി വെച്ചു. അരവിന്ദഘോഷൻെറ സാമൎത്ഥ്യത്തെ ബിലാത്തിയിൽവെച്ചറിഞ്ഞ സമയം, അദ്ദേഹത്തെ വിദ്യാഭ്യാസവകുപ്പിലേക്കെടുത്തു. അടുത്തകാലത്തൊരു സംഭവമുണ്ടായി. കയറോവിൽവെച്ചു അമീരാലി എന്നൊരു ചെറുപ്പക്കാരനെ കണ്ടുമുട്ടി. അദ്ദേഹത്തിൻെറ അഗാധമായ പാണ്ഡിത്യവും ശീലഗുണവും ഉത്സാഹവും കണ്ടിട്ട്, അദ്ദേഹത്തെ ബറോഡയിലെ രാജകീയ മഹാകലാശാലയിൽ മതങ്ങളുടെ മൂലതത്വങ്ങളേയും ഇവയുടെ സാദൃശ്യങ്ങളേയും വ്യത്യാസങ്ങളേയും പഠിപ്പിക്കുന്നതിനായി നിയമിച്ചിരിക്കുന്നു.

4. ആനപ്പന്തി ഗജങ്ങൾക്കു പെരുമാറത്തക്ക വലിയൊരു സ്ഥലമാണ്. അവയ്ക്കു ദീനം പിടിച്ചാൽ ചികിത്സയ്ക്കു വേണ്ട ഏൎപ്പാടുമുണ്ടു്. അവിടെ വലിയൊരു പിടിയാനയുണ്ടു്. അതിൻെറ ബുദ്ധിസാമൎത്ഥ്യം അതിശയിക്കത്തക്ക ഒന്നാണ്. മഹാരാജാവിൻെറ അതിഥികൾ ആരെങ്കിലും അതിനടുത്തു ചെന്നാൽ, ഒരു പൂമാല ആ ആളുടെ കഴുത്തിൽ ഇടും. ആ ആളെ പനിനീർ തെളിക്കും, വീശറികൊണ്ടു വീശും, ഒരു വാദിത്രമെടുത്തു പാട്ടു പാടി കേൾപ്പിക്കുകയും ചെയ്യും. ആനപ്പന്തിയുടെ തൊട്ടൊരു കെട്ടിടത്തിലാകുന്നു എട്ടാമത്തെ ഇനത്തിൽ കാണിച്ചിട്ടുള്ള വണ്ടികൾ, പല്ലക്കുകൾ, അമ്പാരികൾ, തോക്കുകൾ എന്നിവ സൂക്ഷിച്ചിരിക്കുന്നത്. സ്വൎണ്ണവണ്ടിക്കു പൂട്ടുവാനുള്ള കുതിരകളുടെ കോപ്പുകളെല്ലാം സ്വൎണ്ണംകൊണ്ടുണ്ടാക്കി വെച്ചിട്ടുണ്ടു്.

5. ബറോഡയിൽ പുസ്തകശാലകൾ അഭിമാനിക്കത്തക്ക ഒരു നിലയിൽ എത്തിട്ടുണ്ട്. നഗരത്തിൽ പ്രധാനമായൊരു വലിയ പുസ്തകശാലയും വായനശാലയുമുണ്ട്. അവിടെനിന്ന് രാജ്യത്തുള്ള ഗ്രാമങ്ങളിലേക്കു ബുക്കുകൾ അയച്ചുകൊടുപ്പാനുള്ള ശരിയായ ഏർപ്പാടും ചെയ്തിട്ടുണ്ട്. ഗ്രാമീണവായനശാലകളിൽ സാധാരണ ഇല്ലാത്ത ബുക്കുകൾ ഈവിധം അയച്ചുകൊടുത്തും മടക്കിവാങ്ങിയും കൊണ്ടിരിക്കും. ഇതിനു വേണ്ടി വണ്ടികളും പെട്ടികളും എല്ലാമുണ്ട്. ഈ വായനശാലകളുടെ ആവശ്യത്തിനായി വത്സരംതോറും ഗുജറാത്തി ഭാഷയിൽ വളരെ ബുക്കുകളെ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ഈ പ്രസിദ്ധീകരണച്ചിലവുക്കൂടാതെ 1934-35ൽ ലൈബ്രേറി എന്ന ഇനത്തിൽ 94,377ക സർക്കാരിൽനിന്നു ചിലവിട്ടിരിക്കുന്നു. പഞ്ചായത്തുകളും മുനിസിപ്പാലിററികളും 50,582ക. ചിലവിട്ടിട്ടുണ്ട്. മേൽകാണിച്ച കാലത്ത് 1,15,762 ബുക്കുകളുണ്ട്. 1017 ഗ്രാമീണ പുസ്തകശാലകളുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം വായനശാലകളുണ്ട്. കുട്ടികളുടെ മുറിയിൽ അവക്കു പല കളികളിലും ഏർപ്പെട്ടിരിക്കുന്നതിനുംകൂടി സൌകര്യമുണ്ട്. 38,302കുട്ടികൾ 1934-35ൽ അവരുടെ മുറിയിൽ കളിക്കുവാനും വായിക്കുവാനുമായി ചെന്നിട്ടുണ്ട്.

7. ബറോഡാ നഗരത്തിലെ ഉപയോഗത്തിനു വേണ്ട വെള്ളം കൊണ്ടുവരുന്നതു 12 നാഴിക ദൂരത്തുനിന്നാണ്. അവിടേക്കുള്ള വഴി വളവോ പിരിവോ കൂടാതെ നെടുനീളെ കിടക്കുന്നു. ഇരുപുറത്തും തണലുകളുമുണ്ട്. അത്യധികം വലുതായൊരു തടാകത്തിൽ സ്വച്ഛജലം, ശേഖരിച്ചിരിക്കുന്നു. ഞാൻ കാണുമ്പോൾ അതിൽ

182 അടി വെള്ളമുണ്ട്. അതിനുസമീപം രാജാവിനു വിശ്രമിക്കുവാനുള്ളൊരു കൊട്ടാരമുണ്ട്. എവിടെ നോക്കിയാലും വെടിപ്പായിട്ടും വൃത്തിയായിട്ടുമേ കാണുകയുണ്ടാകയുള്ളൂ. തടാകം കിടക്കുന്നതൊരു വിജനപ്രദേശത്താണ്. അതിനു തെക്കുവശം അല്പമകലെയായി ദ്രോണഗിരി കിടക്കുന്നു. അതിനഞ്ചു ശിഖകളുണ്ട്. ഗർണ്ണാർ കൊടുമുടികളെന്നു പറയും. അതിലൊന്നിന്മേൽ ഒരു ഭഗവതി ക്ഷേത്രമുണ്ട്. ദൂരെയുള്ള അഞ്ചാമത്തേതിന്മേലത്രെ ദത്താത്രേയമഹർഷി തപസ്സുചെയ്തിരുന്നതു്. ദ്രോണഗിരി കിടക്കുന്നതു് ജൂനഗാഡ് സംസ്ഥാനത്തിലാണ്.

9. കൊട്ടാരങ്ങളേയും ആരാമങ്ങളേയും വർണ്ണിക്കുന്നതിനു ഞാൻ എത്രതന്നെ ശ്രമിച്ചാലും സാധിക്കുന്നതല്ല. എവിടെ നോക്കിയാലും അവ ആനന്ദത്തേയും അത്യത്ഭുതത്തേയും ഉണ്ടാക്കാതിരിക്കുകയില്ലെന്നുമാത്രം പറയുവാനെ ഞാനാലോചിച്ചിട്ടു തരം കാണുന്നുള്ളൂ. ദേവേന്ദ്രൻ, വൈശ്രവണൻ, രാവണൻ എന്നിവരുടെ കൊട്ടാരങ്ങളേയും തോട്ടങ്ങളേയും കുറിച്ചുള്ള വർണ്ണനകൾ നമ്മൾ പലരും വായിച്ചിരിക്കും. അവയെ ഇവിടെ പകർത്തിയാലൊ എന്ന് എനിക്കു തോന്നാതിരുന്നില്ല. അപ്പോൾ പ്രാചീനവും നവീനവുമായ രീതികൾകൊണ്ടു വന്നിട്ടുള്ള പല വ്യത്യാസങ്ങളേയും എടുത്തു കാണിക്കേണ്ടി വരും.

10 മുതൽ 14 വരെയുള്ളവയെ പ്രത്യേകം എടുത്തു വിവരിക്കേണ്ടതില്ല. യൂറോപ്പ്, അമേരിക്ക, എന്നീ പരിഷ്കൃതരാജ്യങ്ങളിൽ ഉള്ള സമ്പ്രദായങ്ങളിൽ ബറോഡാരാജ്യത്തേക്കു അനുകൂലമായിട്ടുള്ളവയെ ഈ വക സ്ഥാപനങ്ങളിൽ ഏർപ്പെടുത്തി കാണുന്നുണ്ട്. വ്യായാമം പരിശീലിപ്പിക്കുന്നതിനുള്ള സ്ഥലമാണ്. (15)

16. അമുദ്രിതങ്ങളായ അനവധി ഗ്രന്ഥങ്ങളെ ഇവിടെ ശേഖരിച്ചിട്ടുണ്ട്. ഇവയെ ഓരോന്നായി പരി

ശോധിച്ചു തെററുതീത്ത് അച്ചടിച്ചു പ്രസിദ്ധംചെയ്തുവരുന്നുണ്ട്. ഈ വകുപ്പിൻെറ മേലധികാരിയായ ശ്രീമാൻ ഭട്ടാചാരി അദ്ദേഹത്തിൻെറ പേരനുസരിച്ചു പാണ്ഡിത്യവും യോഗ്യതയും ഉത്സാഹവുമുള്ള ഒരു മഹാനാകുന്നു.

---

# അദ്ധ്യായം വ

---

## രാജപുട്ടാണ, അജ്മിയർ, ജെയിപ്പൂർ, ഉദൈപ്പൂർ, ചിററൂർ, ജാഡ്പൂർ.

ബറോഡാ രാജ്യത്തുനിന്ന് രാജപുട്ടാണയിലേക്കാണ് പോയത്. അവിടെ കാണേണ്ട സ്ഥലങ്ങൾ അജമിയർ, ജെയിപ്പൂർ, ഉദയ്പ്പൂർ, ചിറേറാർ, ജാഡ്പൂർ, എന്നിവയാകുന്നു. രാജപുട്ടാണയുടെ നടുക്കാണ് അജ്മിയർ കിടക്കുന്നത്. അജ്മിയർ രാജപുട്ടാണയുടെ ഹൃദയമാണെന്നു ഒരു ചരിത്രകാരൻ പറയുന്നു. അതിനെ തലസ്ഥാനനഗരമായിട്ടാണ് ഇന്നു കരുതിവരുന്നത്. അതിൻെറ കിഴക്കു ജെയിപ്പൂരും, തെക്കു മീവാറും, പടിഞ്ഞാറ് മാർവാറും, വടക്കു കിഷൺഗരും കിടക്കുന്നു. അതിനു കടൽനിരപ്പിൽനിന്നു 3000 അടി പൊക്കമുണ്ട്. രാജപുട്ടാണയുടെ തെക്കുനിന്നു വടക്കുവരെ, അതിൻെറ നട്ടുവെല്ലെന്നപോലെ, അരവല്ലിമല കിടക്കുന്നു. കച്ചേരികളുംമററും ഇതിൻെറ ഒരുഭാഗത്തുള്ള ആബു എന്ന കുന്നിന്മേലാകുന്നു പണിതിട്ടുള്ളത്. ആകെയുള്ള വിസ്താരം 2711 ചതുരശ്രനാഴികയാണ്. 3,80,384 ജനങ്ങളുണ്ട്. 15 ലക്ഷത്തിൽ മേലെ മുതലെടുപ്പുമുണ്ട്. സഗരമതി എന്നാണ് അവിടെയുള്ള പുഴയുടെ പേര്. ഒരു നട്ടനാ

യകക്കല്ലിൻെറ ചുററും മററു രത്നങ്ങൾ എന്നവണ്ണം, അജ്മീയറിൻെറ ചുററും മലകൾ കിടക്കുന്നു. പാട്ടിലും ചരിത്രത്തിലും പേർകേട്ട അജ്മീയറിലെ കോട്ടയുടെ പേർ താരാഗർ (നക്ഷത്രക്കോട്ട) എന്നാകുന്നു. എത്ര അക്രമങ്ങളെയും ഉപരോധങ്ങളെയുമാണ് ഈ ദുൎഗ്ഗം തടഞ്ഞിട്ടുള്ളതു്! ഏ. ഡി. ഏഴാംനൂററാണ്ടിൽ അജയപാലനാണ് ഈ കോട്ട കെട്ടിയതു്. ഇപ്പോഴത്തെ നഗരത്തെ നിൎമ്മിച്ചതു് അജയദേവനാണ്. (1165-75 എ. ഡി. രാജ്യഭരണകാലം) അദ്ദേഹത്തിൻെറ മകൻ അണ്ണാജിയാണ് അണസാഗരത്തെ ഉണ്ടാക്കിയതു്. അദ്ദേഹത്തിൻെറ മകൻ വിശാലദേവൻ വിശാലസാഗരത്തെയും ഉണ്ടാക്കി. പൃഥ്വിരാജൻ, ചരിത്രപ്രസിദ്ധനായ പൃഥ്വിരാജൻ, അദ്ദേഹത്തിൻെറ പൌത്രനായിരുന്നു. അജ്മീയറിൻെറ മഹാമൂല്യമായ യശസ്സ് അതു സമ്പാദിച്ചതു് ഈ രാജാവിൻെറ കാലത്തായിരുന്നു. ഥണേശ്വരത്തെ യുദ്ധത്തിൽ സുൽത്താൻഘോരി അതിന്നു കളങ്കം വരുത്തിയതും ഇദ്ദേഹത്തിൻെറ കാലത്തുതന്നെ.

1557-ൽ അജ്മീയർ അക്ബർ ചക്രവൎത്തിയുടെ കൈവശം വന്നു. അദ്ദേഹത്തിൻെറ കൊട്ടാരം ഇന്നൊരു കാഴ്ചബെങ്ക്ളാവായി ഉപയോഗിച്ചുവരുന്നു. ഷാജിഹാൻെറ രാജമന്ദിരം അതിഭംഗിയുള്ള താഴ്വരയിൽ നാശമോശപ്പെട്ടു കിടക്കുന്നു.

അണസാഗരമെന്നതു് ഒരു കൃത്രിമതടാകമാണ്. അതിൻെറ കരയുടെ ചുററളവ് എട്ടുനാഴികയുണ്ടു്. കരയിൽ പലഭാഗത്തും നല്ല തോട്ടങ്ങളുണ്ടാക്കീട്ടുണ്ടു്. പട്ടണത്തിന്നടുത്തുള്ള ഭാഗത്തെ കരയിൽ നല്ല വെളുത്ത മാർബിൾകൊണ്ടു് ഷാജിഹാൻ ഒരു വലിയ തറ ഉണ്ടാക്കീട്ടുണ്ടു്. വൈകുന്നേരം അനവധി ആളുകൾ അവിടെപോയി വിശ്രമിച്ചുവരുന്നു. ആ സമയത്തു് ആ തടാകത്തി

ന്റെ കാഴ്ച അതിരമണീയമായിരിക്കും. തടാകതീരത്തായി വിശാലദേവൻ മണ്ഡപങ്ങളുണ്ടാക്കീട്ടുണ്ട്. വിഗ്രഹരാജൻ ഒരു സരസ്വതീമന്ദിരവും അതിനടുത്തൊരു കലാശാലയും പണിയിച്ചിട്ടുണ്ട്. ഇവയിലുള്ള കൊത്തുപണികൾ അത്ഭുതകരങ്ങളാണ്. ചിസ്റ്റി എന്ന ഇസ്ലാം സാധുവിന്റെ ശവകുടീരവും കാണേണ്ട ഒരു കെട്ടിടമാകുന്നു.

തീവണ്ടികൾക്കു വേണ്ട യന്ത്രങ്ങൾ ഇൻഡ്യയിൽ ഇവിടെ മാത്രമേ ഉണ്ടാക്കുന്നുള്ളു.

സൎക്കാർവക ഒരു വലിയ കലാശാലയുണ്ട്. ശ്രീമാൻ പി. ശേഷാദ്രി അതിന്റെ പ്രധാനാദ്ധ്യക്ഷനാണ്. രാജകുമാരന്മാൎക്കും പ്രഭുക്കളുടെ പുത്രന്മാൎക്കും മാത്രമായി മേയോകാളജും ഉണ്ട്.

മുഹമ്മദ്ഗസ്നി അജ്മിയറിനെ ആക്രമിച്ച സമയം, 160 ഭടന്മാരോടുകൂടി രാജാവു് അതിനെ രക്ഷിച്ചു. ഗോഗചേഹൻ എന്നാളുടേയും അജയപാലന്റേയും പൃഥ്വീരാജാവിന്റേയും ഓൎമ്മയെ നിലനിൎത്തുവാൻ ആണ്ടുതോറും ഓരോ ഉത്സവം നടത്തുന്നുണ്ട്. ഭഗവതിസ്സേവയും മുഖ്യമായിട്ടാണ് ആ ദിക്കുകാർ കരുതീട്ടുള്ളതു്.

ബ്രഹ്മാവു് അജ്മിയറിൽ പുഷ്കർ എന്ന സരസ്സിന്റെ സമീപത്തുവെച്ചു യാഗം ചെയ്തിട്ടുണ്ട്. ബ്രഹ്മാവിനു ഇവിടെ മാത്രമേ ഒരു ക്ഷേത്രമുള്ളു. ബ്രഹ്മാവിനെ ആരും പൂജിക്കാത്തതിനു കാളിദാസരു പറയുന്ന കാരണം ശരിയോ എന്നറിയുന്നില്ല.

അജാഗളസ്ഥസ്തനമൂൎദ്ധ്വപുഷ്പം
നാസാന്തരേരോമമഥാണ്ഡയുഗ്മം
വൃഥാസൃജൽസായനമായനൈവച
പൂജാംനലേഭേഭൂവിപത്മജന്മാ.

ഭോജരാജന്റെ ദ്വാരപാലകന്മാർ ഒരു ദിവസം കവിയെ കടത്തിവിട്ടില്ല. ഈ ശ്ലോകം ആ കോപത്തോടുകൂടി ഉണ്ടാക്കിയതായിരിക്കും.

മേനക വിശ്വാമിത്രന്റെ തപസ്സിളക്കിയതും ഈ തടാകത്തിന്റെ തീരത്തുവെച്ചാണത്രെ. യുധിഷ്ഠിരമഹാരാജാവിന്റെ തീൎത്ഥയാത്രയിങ്കൽ ഈ സരസ്സിൽ സ്നാനം ചെയ്യേണമെന്നും പ്രത്യേകം തീൎച്ചയാക്കീട്ടുള്ളതായി കാണുന്നു.

പുഷ്കർ വലിയൊരു തടാകമാണ്. കാഴ്ചയിൽ തന്നെ അതിനെന്തൊ ഒരു ദിവ്യത്വമുള്ളതായി തോന്നും. വെള്ളവും വളരെ നന്നായികിടക്കുന്നു. പുഷ്കരത്തിന്റെ വക്കത്തായി പല രാജാക്കന്മാരും, മന്ദിരങ്ങളും, തടാകത്തിലിറങ്ങി കുളിപ്പാൻ കടവുകളും ഉണ്ടാക്കീട്ടുണ്ട്.

അജ്മിയർ ബ്രിട്ടീഷ്ഭരണത്തിൻ കീഴിലാണ് ഇരിക്കുന്നതു്. ജെയിപ്പൂര് മുതലായവ രജപുത്രരാജാക്കന്മാരാൽ ഭരിച്ചുവരുന്നു. ഉദയപുരത്തെ വീതികുറഞ്ഞ, വളഞ്ഞുപിരിഞ്ഞ ഇടുക്കുവഴികളും, അടുത്തടുത്തു് ശ്വാസംമുട്ടിക്കിടക്കുന്ന തരത്തിലുള്ള പീടികകളും ജെയിപ്പൂരിലെ വിശാലമായ കച്ചവടസ്ഥലങ്ങളും നീണ്ടുനിവൎന്നു കിടക്കുന്ന വീതിയുള്ള തെരുവുകളും ആയി എന്തൊരു വ്യത്യാസമാണ്! ജെയിപ്പൂരിലെ വഴികൾ കേളികേട്ടവയാണ്. ഇത്രനല്ല വഴികളെ ഞാൻ മററൊരിടത്തും കണ്ടിട്ടില്ല. വഴികളുടെ ഇരുവശത്തു് മണിമേടകളൊ വിക്രയശാലകളോ തരുപംക്തികളോ ഉണ്ടായിരിക്കും. അവക്രങ്ങളായ വഴികളേ അവിടെയുള്ളു എന്നു തന്നെ പറയാം. വഴികളുടെ നടുക്കു് ചെറിയ പുഷ്പവാടികളുണ്ടു്. കെട്ടിടങ്ങൾ മിക്കതും റോസിന്റെ നിറത്തിലുള്ള കല്ലുകൊണ്ടുണ്ടാക്കിയവയാകുന്നു. പ്രസിദ്ധമായ ജയമന്ദിരം പ്രാസാദത്തിലുള്ള കൊത്തുപണികളുടെയും ചിത്രങ്ങളുടെയും ഭംഗി, അതിന്റെ പാടലവൎണ്ണം കാരണം എര

ട്ടിച്ചിട്ടുണ്ട്. ഈ രാജമന്ദിരത്തിനോടു തൊട്ടുള്ള തോട്ടവും അതിമനോഹരമായിട്ടുള്ളതാണ്. കോവിലകത്തിൻെറ മൂന്നുപുറത്തും ഓരോ ക്ഷേത്രങ്ങളുമുണ്ട്. രാമനിവാസോദ്യാനം, കാഴ്ച്ചവെങ്കളാവ്, പവനൻകോട്ട (ഹവമഹാൾ) മേഘഭവനം എന്നിവ കാണേണ്ടവയാകുന്നു. നാലുനാഴികദ്ദൂരെ ഗാൾടാ എന്ന ദിക്കിൽ രജപുത്രന്മാരുടെ കുലദൈവമായ സൂര്യൻെറ ക്ഷേത്രവും, അതിനു സമീപം പവിത്രമായൊരു തടാകവുമുണ്ട്. ഗംഗാജലം ഇതിൽ പ്രവഹിക്കുന്നുണ്ടെന്നാണ് ഐതിഹ്യം.

ഇപ്പോഴത്തെ കോവിലകത്തുനിന്ന് എട്ടുനാഴിക അകലെയാണ് പഴയ കൊട്ടാരം. ഇതിൻെറ മേൽഭാഗത്തായി അഭേദ്യമായൊരു കോട്ടയുമുണ്ട്. ഇവരണ്ടും ഇരിക്കുന്ന സ്ഥലത്തിന് അംബരമെന്നാണു പേര്. മലകളുടെ ഇടയിൽക്കൂടിയുള്ള വഴിയുടെ മുകളിലാണ് ഒന്നാമത്തെ ജയസിംഹൻ ഈ രണ്ടു കെട്ടിടങ്ങളും പണിയിച്ചിട്ടുള്ളതു്. രണ്ടാമത്തെ ജയസിംഹനാണ് ജയിപ്പൂരിൻെറ നിർമ്മാതാവു്. നൂറടിവീതിയുള്ള വഴികളുടെയും വേധശാലയുടെയും കാരണഭൂതനും ഈ രാജാവാണ്. ഇദ്ദേഹം ഒരു രണശ്ശൂരനും രാജതന്ത്രനിപുണനും ജ്യോതിശ്ശാസ്ത്രവിശാരദനും ആയിരുന്നു.

പട്ടണത്തിലും കെട്ടിടങ്ങളിലും തോട്ടങ്ങളിലും കാഴ്ച്ചവെങ്ക്ളാവിലും കലാശാലയിലും കാണുന്ന വെടിപ്പും വൃത്തിയും ക്രമവും എല്ലാവരെയും സന്തോഷിപ്പിക്കാതിരിക്കുകയില്ല. രണ്ടു കൊട്ടാരങ്ങളും മഹാരാജാവു താമസിക്കുന്നുണ്ടെന്നുള്ള വിധമാണ് എപ്പോഴും വെച്ചുകൊണ്ടിരിക്കുന്നതു്.

ഉജ്ജയിനിയിൽ ചെല്ലുന്നസമയം, നമ്മൾ സാഹിത്യലോകത്തിലെത്തിയിരിക്കുന്നതായി തോന്നും. രജപുട്ടാണയിൽ കടക്കുമ്പോൾ, ഒരു പടക്കളത്തിലേക്കു പ്രവേ

ശിക്കുന്നതായി തോന്നും. കുന്നും മലയും കരിങ്കല്ലും കോട്ടയും എല്ലാം കാണുന്നസമയം, യുദ്ധകോലാഹലത്തിൻെറ മാറെറാലികൂടി നമ്മുടെ കണ്ണുപുടത്തിൽ വന്നു തട്ടുന്നതായി തോന്നിപ്പോകുന്നു. ഉദയപുരം, ചിറേറാർ, എന്നീ ശബ്ദങ്ങൾതന്നെ എന്തെല്ലാം വികാരങ്ങളെയാണു് മനസ്സിൽ ജനിപ്പിക്കുന്നതു്. രണ്ടും സൂൎയ്യവംശരാജാക്കന്മാരുടെ തലസ്ഥാനങ്ങളായിരുന്നു. ഉദയപുരം ഇന്നും ആ വംശജന്മാരുടെ കൈവശമാകുന്നു. മീവാർ സമഭൂഭാഗത്തേക്കു ചിറേറാറിൽ ഉന്തിത്തള്ളി നില്ക്കുന്ന പാറക്കൂട്ടത്തെ കണ്ടാൽ, ആയതു ബലവാന്മാരായ ശത്രുക്കളോടു് ധീരതയോടുകൂടി യുദ്ധാഹ്വാനം ചെയ്യുകയാണോ എന്നു തോന്നും. പത്മിനിയുടെ യശസ്സു് ഇന്നും മങ്ങാതെ പ്രകാശിക്കുന്നുണ്ടു്. മീരാബായിയുടെ കീൎത്തനങ്ങളുടെ പ്രതിശബ്ദം ഇന്നും ഭക്തന്മാൎക്കു് രോമാഞ്ചത്തെ ഉണ്ടാക്കുന്നു.

ഉദയപുരത്തു് പിന്മോളാസരസ്സിൻെറ വക്കത്തും ആ സരസ്സിലുള്ള ദ്വീപിലും ഉള്ള കൊട്ടാരങ്ങളെ വിട്ടുപോരുവാൻ മനസ്സു് സമ്മതിക്കുകയില്ല. അവ അത്ര ചേതോഹരങ്ങളാകുന്നു.

ലോകത്തിലേക്കു് ഏററവും വലിയ കൃത്രിമസരസ്സായ ജയിസമണ്ഡു്, ജഗദീശക്ഷേത്രം, ജഗന്മന്ദിരം ഇവയേയും കണ്ടു മാനിച്ചിട്ടേ ഉദയപുരത്തോടു യാത്ര പറയാവൂ. ചിറേറാറിലാകട്ടേ, മീരാബായിയുടെ ക്ഷേത്രം, പത്മിനിയുടെ കോവിലകം, കീൎത്തിസ്തംഭം, വിജയസ്തംഭം, എന്നിവയെ കണ്ടു വന്ദിക്കാതിരിക്കുന്നതിനു് ഒരാൾക്കും സാധിക്കുകയില്ല. നമ്മുടെ ദിവാനായിരുന്ന ഹെർബർട്ടു് സായ്യവർകൾക്കു് ഇപ്പോൾ അജ്മീയറിലാണു് പണി. ഈ ദിക്കിൽ ഏജൻറായിരുന്ന സർ ഫീൽഡു് ജോഡു്പൂരിൽ രാജ്യധുരംധരനായിരിക്കുന്നു.

# അദ്ധ്യായം ൯

---

## ആഗ്ര.

ആഗ്രയിൽ നാലുസ്ഥലങ്ങളാകുന്നു പ്രത്യേകമായി കാണ്മാനുള്ളവ: ടാജ്മഹാൾ, ആഗ്രയിലെ കോട്ട, സിക്കൻഡ്ര്യ, ഫിട്ടിപ്പൂർസിക്രി.

അക്ബർ മൊഗൾ ചക്രവർത്തിമാരിൽ പ്രഥമഗണനീയനായിരുന്നു. ജാതിമതഭേദങ്ങളെ അദ്ദേഹം ഗണിച്ചില്ല; രാജ്യത്തിന്റെ ക്ഷേമത്തെ മാത്രമേ അദ്ദേഹം കാംക്ഷിച്ചുള്ളു. 'അക്ബർ' എന്ന കഥാപുസ്തകം പലരും വായിച്ചിരിക്കും; അതായി പരിചയമില്ലാത്തവർ ഉടനെ അതെവിടെനിന്നെങ്കിലും വാങ്ങി പഠിച്ചാൽ നന്ന്. അപ്പോൾ ആ മഹാനെക്കുറിച്ച് കൂടുതൽ അറിവു സമ്പാദിക്കേണമെന്നുള്ള മോഹം അവൎക്കുണ്ടാകും. രാജ്യഭരണം, കലാപോഷണം; ഇതരമതങ്ങളെ മാനിക്കുന്നതിലുള്ള ചതുരത, എന്നിങ്ങനെയുള്ള ഗുണഗണങ്ങളെക്കൊണ്ടും അക്ബർ ചക്രവർത്തിക്കു് ഏഷ്യയിലെ തന്നെയല്ല യൂറോപ്പിലെയും രാജാക്കന്മാരുടെ കൂട്ടത്തിൽ വളരെ ഉയൎന്ന ഒരു സ്ഥാനമാണുള്ളതു്. അദ്ദേഹത്തിന്റെ ശവകുടീരത്തെ എല്ലാവരും തലതാഴ്ത്തി വന്ദിക്കേണ്ടതാണെന്നു് നിയമപണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്ന സർ ഫ്രെഡറിക്കു് പോളക്കു് ഒരവസരത്തിൽ അഭിപ്രായപ്പെടുക ഉണ്ടായിട്ടുണ്ടു്.

അക്ബറുടെ മകനായ ജിഹാംഗറുടെ പുത്രനായിരുന്നു ഷാജിഹാൻ. ജിഹാംഗറുടെ ഒരു മന്ത്രിയായിരുന്ന അസഫ്ഖാനു അർജ്ജുമണ്ഡംബാനുബീഗം എന്നൊരു മകളുണ്ടായിരുന്നു. ബാനുബീഗത്തിനു ടാജ്ബീബി എ

ന്നും മംടാസ്മഹാൾ എന്നും പേരുകൾ ഉണ്ടായിരുന്നു. ഇവർ ലോകൈകസുന്ദരിയായിരുന്നുപോലും. ഷാജിഹാൻ ഈ രത്നത്തെ പത്നിയായി സ്വീകരിച്ചു. ഇവൎക്കു പത്തുകുട്ടികളുണ്ടായിരുന്നു. ഈ ഭാൎയ്യാഭൎത്താക്കന്മാൎക്കു് അന്യോന്യമുണ്ടായിരുന്ന പ്രേമം അഭ്രുതപൂൎവ്വമായിരുന്നു. ലോകമൊട്ടുക്കു് പ്രസിദ്ധമായിതീൎന്നിട്ടുള്ള ഒരു കെട്ടിടത്തിൽ ഷാജിഹാൻ തൻെറ ഭാൎയ്യയുടെ ശവശരീരം അടക്കുവാനുള്ള കാരണമിതാണു്.

ടാജ്മഹാളിനെ കണ്ടിട്ടുള്ളവരിൽ പലരും അതിനെ വൎണ്ണിച്ചിട്ടുണ്ടു്. വൎണ്ണനകൾകൊണ്ടൊന്നും അതിന്റെ രൂപവും ഭംഗിയും മനസ്സിൽ പതിയുകയില്ല. കണ്ടുകൊണ്ടിരുന്നാൽതന്നെ അവയ്ക്കു സ്ഥിരമായൊരു സ്ഥാനം മനസ്സിൽ കിട്ടുവാൻ പ്രയാസം. പകൽ കാണുന്ന മാതിരിയല്ല, രാത്രി നിലാവത്തുള്ള അതിൻെറ കാഴ്ച. കട്ടിയായി കിടക്കുന്ന സംഗീതം, മാർബിൾകൊണ്ടുള്ള കവിത എന്നെല്ലാം ഓരോരുത്തർ അതിനെക്കുറിച്ചു പറഞ്ഞുകേട്ടിട്ടുണ്ടു്. യമുനാ നദീതീരത്തിലെ മലർവാടിയിൽ, ചന്ദ്രിക, സുസ്മേരവദനയായി, വരനെ കാത്തു പൂനിലാവത്തു കിടക്കുകയാണെന്നായിരുന്നു എനിക്കു തോന്നിയതു്.

ടാജ്മഹാളിൽ ഉണ്ടായിരുന്ന വിലപിടിച്ച രത്നങ്ങൾ, പൊന്നു്, വെള്ളി മുതലായവയൊന്നും ഇന്നതിൽ കാണുന്നില്ല. പക്ഷേ, ആ കമനീയമായ കെട്ടിടത്തിന്റെ ഭംഗികൊണ്ടു് ആ വക ന്യൂനതകളെ വളരെ സൂക്ഷിച്ചു നോക്കിയാലേ കാണുകയുള്ളു. പതിനെട്ടു കൊല്ലംകൊണ്ടാണു് ഇതു പണിതു തീൎത്തതു്. 20,000 പേർ ഇതിൻെറ പണിയിൽ ഏൎപ്പെട്ടിരുന്നു. പല ജനങ്ങളിലായി മുപ്പത്തിയാറു പ്രധാന പണിക്കാരുണ്ടായിരുന്നു. ഈ മുപ്പത്തിയാറുപേരുടെ മാസശമ്പളത്തിൻെറ ആകത്തുക 20,652 രൂപയായിരുന്നു. ഇവരിൽ 21 പേർ മുസൽമാ

ന്മാരും 15 പേർ ഹിന്ദുക്കളുമായിരുന്നു. ഭംഗിയുണ്ടെന്നു വെറുതെ പറയുകയല്ലെന്നു കാണിപ്പാൻമാത്രം ഇങ്ങനെ ചില സംഗതികൾ ഇവിടെ എഴുതുന്നു എന്നേയുള്ളു.

ടാജ്മഹാൾ കാണുന്നയവസരത്തിൽ, അതൊരു സുഖലോലുപൻ, ഒരു വിഷയാസക്തൻ ഉണ്ടാക്കിയതാണെന്നു തോന്നിപ്പോകും. കോട്ടകളുടെ രൂപം ആ തരത്തിലല്ല. ആഗ്രയിലേയും സിക്രിയിലേയും കോട്ടകൾ അക്ബർ ഉണ്ടാക്കിയവയാകുന്നു. അവയുടെ വിശാലതയും ഉറപ്പും ഗാംഭീര്യവും ആ ചക്രവർത്തിയുടെ മനസ്ഥിതിയുടെ സൂചന തരുന്നുണ്ടു്. കോട്ടകൾ എന്നു [illegible] കാരണം, അവ യുദ്ധോപകരണങ്ങളെ [illegible] രുന്ന സ്ഥലങ്ങളായിരുന്നു എന്നാരും [illegible] അവ രാജധാനികൾ തന്നെയായിരുന്നു. രാജമന്ദിരം, അന്തഃപ്പുരം, അവയിൽ താമസിക്കുന്നവർക്കുവേണ്ട സകല മററു പെരുമാററസ്ഥലങ്ങൾ, കൂപവാപികൾ, ഉദ്യാനങ്ങൾ എന്നിവയെല്ലാം അവിടെയുണ്ടു്. അതുമല്ല; കോടതികൾ, കച്ചേരികൾ, സഭാമണ്ഡപങ്ങൾ, ശിബിരം, ദർശനഗൃഹം, അങ്ങാടി, കേളീഗൃഹം എന്നിങ്ങനെ തുടങ്ങി ഒരു ചക്രവർത്തിയുടെ രാജധാനിക്കു വേണ്ടതായ സകലതും അവിടെ കാണാം. രണ്ടു കോട്ടകളുടേയും മുററങ്ങളിലും പല വഴികളിലും ഇഷ്ടിക വിരിച്ചിട്ടുണ്ടു്. മാർബിൾ, ഇഷ്ടിക എന്നിവകൊണ്ടാണ് കെട്ടിടങ്ങൾ പണിതിട്ടുള്ളതു്. സ്വർണ്ണവും, വെള്ളിയും, ചെമ്പുമിരുമ്പുംപോലെ സുലഭമായി ഉപയോഗിച്ചിരുന്നു. ഇഷ്ടിക ഓരോന്നും കാണേണ്ടതാണ്; ഇരുമ്പിൻകട്ടിപോലെ ഇരിക്കും. ഒന്നു പൊക്കുവാൻ രണ്ടുകൈകൊണ്ടായാൽതന്നെ ഒരാൾ ബുദ്ധിമുട്ടും. ഒരു കാര്യം പറയുവാൻ വിട്ടു. പ്രധാനമന്ത്രിമാരുടെയും വാസസ്ഥലങ്ങൾ കോട്ടകളുടെ ഉള്ളിൽതന്നെയായിരുന്നു.

MUL 165376
165376
35304
UNIVERSITY LIBRARY
24 AUG 1955
U6:2:N2
32H2

സിക്രിയുടെ ചുററും അമ്പതടി പൊക്കത്തിലും ആറടി വീതിയിലും ഒരു മതിലുണ്ടു്. മതിലിൻെറ പലേടവും ജീൎണ്ണിച്ചിരിക്കുന്നു. തീവണ്ടിപ്പാതയുടെ ആവശ്യത്തിനു ഒരു ദിക്കിൽ വെട്ടിപ്പൊളിച്ചിട്ടുമുണ്ടു്. മതിലിനകത്തു് കടപ്പാൻ നാലു കോട്ടവാതിലുകളുണ്ടു്. അതിന്റെ ഉള്ളിൽ കാണേണ്ടതായ പല കെട്ടിടങ്ങളും ഉണ്ടു്. മതം, രാജ്യഭരണം, എന്നീവിഷയങ്ങളിൽ ഗുരുതരങ്ങളായ കാൎയ്യങ്ങളെക്കുറിച്ചു് ആലോചിപ്പാൻ പ്രത്യേകമായൊരു സ്ഥലമുണ്ടു്. പഞ്ചമഹാൾ എന്നാണതിനു പേർ. അതൊരു താമരപ്പൂവിൻെറ ആകൃതിയിലാണെന്നു പറയാം. തണ്ടിൻെറ സ്ഥാനത്തൊരു തൂണ്. തൂണിൻെറ മുകളിൽ ഒരാൾക്കു് സുഖമായിരിക്കുവാൻ വട്ടത്തിലൊരു പീഠമുണ്ടു്. അവിടെ ചക്രവൎത്തി ഇരിക്കും. അതിനൊരു അരദണ്ഡുകലെയായി ചുററും ആസനങ്ങളുണ്ടു്. അവിടെ വിശ്വസ്തന്മാരായ മന്ത്രിമാരിരിക്കും. കോട്ടയിൽ മുസൽമാൻമാരുടെ പള്ളിക്കു പുറമെ, ഒരു ക്രിസ്ത്യാനിപ്പള്ളിയും ഒരു അമ്പലവും ഉണ്ടു്. അവ അദ്ദേഹത്തിൻെറ ഭാൎയ്യമാൎക്കു വേണ്ടി പണിയിച്ചതാകുന്നു. പുറമേനിന്നു കണ്ടാൽതന്നെ അവയെ വേർതിരിച്ചറിയാം. അമ്പലത്തിനടുത്തു ഒരു തുളസിത്തറയും ചെറിയ ഒരു കൊക്കർണിയുണ്ടു്. അക്ബർ ചക്രവൎത്തി തൻെറ ഒരു മുഖ്യഗുരുവായി മാനിച്ചിരുന്ന ഷേക്ക് സലിം ചിഷ്ടിയുടെ സമാധിസ്ഥാനത്തു് അതിമനോഹരമായ ഒരു കെട്ടിടമുണ്ടു്. ഇതു കോട്ടയുടെ കണ്ണാണെന്നുവേണം പറയുവാൻ. ഇന്നും അവിടെ അനവധി ആളുകൾ ദിവസംതോറും ചെന്നു്, ചന്ദനത്തിരികൾ കത്തിക്കുക, പൂകൊണ്ടാരാധിക്കുക, എന്നിങ്ങനെ ഓരോന്നു ചെയ്തുവരുന്നു. കോട്ടയെല്ലാം നടന്നുകാണുക മാത്രം ചെയ്‌വാൻ രണ്ടുമൂന്നുമണിക്കൂറിൽ കുറഞ്ഞാൽ

പോരാ. സിക്രി ആഗ്രയിൽനിന്നു 22 നാഴികയും സിക്കൻഡ്ര നാലരനാഴികയും അകലെയാണു് കിടക്കുന്നതു്.

സിക്കൻഡ്രയിൽ 120 ഏക്കറു സ്ഥലമുണ്ടു്. അതിനു ചുററും വലിയൊരു മതിലുണ്ടു്. തോട്ടത്തിൽ പലതരം പക്ഷിമൃഗാദികൾ ഉണ്ടു്. നടക്കാനുള്ള ഭാഗങ്ങളെല്ലാം കല്ലുവിരിച്ചിട്ടുണ്ടു്. ശവകുടീരം ഗോപുരവാതിലിൽ നിന്നു ഉദ്ദേശം അഞ്ഞൂറുവാര അകലെയായിട്ടാണു് പണിതിരിക്കുന്നതു്. അനവധി ചവിട്ടുപടികൾ കയറി വേണം അവിടെ ചെല്ലുവാൻ. അടുത്തുചെന്നാൽ കെട്ടിടത്തിലുള്ള കൊത്തുപണികളുടേയും മററുതരം വിചിത്രവേലകളുടേയും ഭിത്തിയിന്മേലും വൃത്തമണ്ഡലത്തിന്മേലും വൃത്തിയായി എഴുതീട്ടുള്ള കവിതകളുടേയും ഭംഗി മനസ്സിലാക്കാം. അകലെനിന്നു നോക്കുന്ന സമയം നിർമ്മാണത്തിന്റെ ഗാംഭീർയ്യവും പ്രഭാവവുമാണു് നമുക്കു അത്ഭുതത്തെ തരുന്നതു്. ജാതിമതഭേദം കൂടാതെ അവിടെ ചെല്ലുന്നവരെല്ലാം അതൊരു പുണ്യസ്ഥലമായിട്ടാണു് പെരുമാറിക്കണ്ടതു്. അക്ബർ ചക്രവർത്തിയുടെ അപദാനങ്ങളെ ഭക്തിയോടുകൂടി ബഹുമാനിക്കുന്ന എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. ഞാനവിടെ നമസ്കരിച്ചു എന്നു പ്രസ്താവിക്കുന്നതിനൊരു സംശയവുമില്ല.

ഈ ലേഖനത്തിന്റെ ആദ്യം പറഞ്ഞിട്ടുള്ള മൂന്നു സ്ഥലങ്ങളേയും ആരെക്കൊണ്ടും പൂർണ്ണമായി വർണ്ണിക്കുവാൻ സാധിക്കുകയില്ല. ഏതാനും തന്നെ വിവരിച്ചു് അന്യർക്കു ഏകദേശമെങ്കിലും അവയുടെ ഒരു സ്വരൂപജ്ഞാനമുണ്ടാക്കുവാൻ ഞാൻ തീരെ അപ്രാപ്തനാണു്. അതിനാലാണു് ഞാനതിനു തുനിയാത്തതു്.

ആഗ്രയിലെ കോട്ടയ്ക്കുള്ളിൽ ഇന്നിന്ന കെട്ടിടങ്ങളുണ്ടു് എന്നൊരു പട്ടിക കൊടുത്തതുകൊണ്ടു് എന്തൊരു പ്രയോജനമാണുള്ളതു്. എന്റെ മഷി ഒടുക്കാം. നിങ്ങ

ളുടെ സ്ഥലം മുടക്കാം. പക്ഷേ, ഒന്നുമാത്രം പറഞ്ഞിരിക്കാം. കോട്ടയ്ക്കു ചുററും രണ്ടു മതിലുകളും രണ്ടു കിടങ്ങുകളുമുണ്ട്. പുറംഭിത്തിക്കു നാല്പതടിയും അകത്തേതിനു എഴുപതടിയും പൊക്കമുണ്ട്. കിടങ്ങിനൊന്നിനു ഇരുപത്തഞ്ചും മറേറതിനു മുപ്പതും അടി വീതിയുണ്ട്. അറംഗസീബ് തനിക്കു ചക്രവർത്തിയാകുന്നതിനായി ഷാജിഹാനെ നിർദ്ദയം കാരാഗൃഹത്തിലിട്ടടച്ചു. ആ ചെറിയ മുറി കണ്ടാൽ ആർക്കും സങ്കടം തോന്നും. ഷാജിഹാൻ നല്ലൊരാളായിരുന്നു. ലളിതകലകളെ അദ്ദേഹത്തെപ്പോലെ അത്ര അധികം മററൊരു മൊഗൾ ചക്രവർത്തിയും പോഷിപ്പിച്ചിട്ടില്ല. ആസന്നമരണമോഹങ്ങളിലൊന്ന് ടാജ്മഹാൾ ഒന്നു കാണേണമെന്നായിരുന്നു. താങ്ങിപ്പിടിച്ചു കൊണ്ടുപോയി അതു കാണിച്ചുകൊടുക്കുകയും അതു കണ്ടതോടുകൂടി അദ്ദേഹം വീണു മരിക്കുകയും ചെയ്തു എന്നാണ് പറഞ്ഞുകേട്ടതു്.

കൊട്ടാരത്തിൻെറ വടക്കുവശമുള്ള ഒരു കട്ടിളക്കാലിന്മേൽ ഒരു പുത്തൻെറ വലിപ്പത്തിൽ ഒരു രത്നം പതിച്ചിട്ടുണ്ട്. ഒരു പാദപീഠത്തിൻെറ മുകളിൽ കയറി അതിൽ നോക്കിയാൽ, അതിന്മേൽ ടാജ്മഹാൾ വിശദമായി പ്രതിബിംബിച്ചു കാണാം. ആ കാഴ്ചയോടുകൂടി ഞാനിതിവിടെ നിർത്തുന്നു.

# അദ്ധ്യായം ൧൦

മധുര, ഗോകുലം, വൃന്ദാവനം.

പരമതങ്ങളെ സഹിക്കുന്നതിൽ എന്നല്ല, ബഹുമാനിക്കുന്നതിൽ മുസൽമാൻമാരുടെ ഇടയിൽ അക്ബർ ചക്രവൎത്തി അദ്വിതീയനായിരുന്നു.

എനിക്ക് വലിയ പട്ടണങ്ങൾ ഇഷ്ടമില്ല. നമ്മുടെ ചില മനോഹരങ്ങളായ ഗ്രാമങ്ങൾ കണ്ടിട്ടുണ്ടോ? വയലുകളും ഫലവൃക്ഷങ്ങളും എളനീർപോലെ നിൎമ്മലജലമുള്ള കുളങ്ങളും തെരുവീഥികളും വലിയ തോട്ടങ്ങളും ഓലമേഞ്ഞ പുരകളും ആരെ ആകർഷിക്കില്ല! സുഖവാസത്തിനു ആവക സ്ഥലങ്ങളിൽ പോകണം. തീൎത്ഥയാത്രയ്ക്കു പുറപ്പെട്ട സമയം, ഗോകുലം, വൃന്ദാവനം, അത്തരത്തിലുള്ള പ്രദേശങ്ങളാണ് എന്ന് ഞാൻ കരുതി. ചെന്നുകണ്ട സമയം എനിക്കു വളരെ ആശാഭംഗമാണുണ്ടായത്ത്.

ഞാൻ താമസിച്ചിരുന്ന "ആഗ്രാഹോട്ടൽ" ഉടമസ്ഥനായ ബങ്കാളി മധുര (മട)യിൽ പത്തു സംവത്സരം ഹോട്ടൽ നടത്തിയിരുന്നു: അജ്മിയറിലൊരു സ്നേഹിതതന്റെ കമ്പി അനുസരിച്ച് അദ്ദേഹത്തിന്റെ മാനേജർ തീവണ്ടി ആപ്പീസിൽ വന്നു സ്വീകരിക്കുകയും, ആഗ്രയിൽ എനിക്കു വേണ്ട സകലസഹായം തരികയും ചെയ്തു. കാണേണ്ട സ്ഥലങ്ങളേയും, അതിനുള്ള തക്ക സമയവും ഒക്കെ നിശ്ചയിച്ചതും സമൎത്ഥരായ ആളുകളെ കൂട്ടി അയച്ചതും എല്ലാം അദ്ദേഹമാണ്. മധുരയിലേക്കു ആ ദിക്കു പരിചയമുള്ള ഒരു മരുമകനെ കൂടെ അയച്ചുതരികയും ചെയ്തു. "അവിടെ ചെന്നിട്ട് താമസകാലം

തീർച്ചയാക്കിയാൽ മതി." എന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു. ചെന്നുകണ്ടപ്പോഴാണു ആ വാക്കുകളുടെ അൎത്ഥം മനസ്സിലായതു്. കഴിയുന്നതും വേഗം എനിക്കു ഡൽഹിയിലേക്കു പുറപ്പെടേണമെന്നു തോന്നി.

എന്റെ മനഃസ്ഥിതിയുടെ മാറ്റത്തിനു തെററുപററിയതല്ല. ഞാൻ വളരെ ഭക്തിയോടുകൂടിയാണു് മധുര, ഗോകുലം, വൃന്ദാവനം, യമുന എന്നിവ ദർശിച്ചതും, പൂജിച്ചതും. പോകുന്ന വഴിക്കും അവിടെ ചെന്നതിൽപ്പിന്നെയും പൂന്താനത്തിനേയും അക്രൂരരേയും ഓൎക്കാതിരുന്നില്ല. അവരുടെ ഈ വാക്കുകളും ഞാൻ സ്മരിച്ചു.

അമ്പാടിതന്നിലൊരുണ്ണിയുണ്ടങ്ങനെ
ഉണ്ണിക്കൊരുണ്ണിക്കുഴലുമുണ്ടങ്ങനെ
ഉണ്ണിക്കുപേരുണ്ണികൃഷ്ണനെന്നങ്ങനെ
ഉണ്ണിവയററത്തുചേറുമുണ്ടങ്ങനെ
ഉണ്ണിക്കൈരണ്ടിലും വെണ്ണയുണ്ടങ്ങനെ
ഉണ്ണിക്കാൽകൊണ്ടൊരു നൃത്തമുണ്ടങ്ങനെ

* * * * * *

കണ്ണനെകാണ്മതിനല്ലയോപോകുന്നു
പുണ്യവാനെന്നതു നിൎണ്ണയംതാൻ
ആയർകോൻതന്നുടെ കാന്തിയായുള്ളോരു
പീയൂഷവാരിതൻ പൂരംതന്നെ
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കളിപ്പിച്ചുനില്പനോ ഞാൻ

ഇങ്ങനെ ചിന്തിച്ചു് കൌതുകത്തോടുകൂടിയാണു് ഞാൻ നന്ദന്റെ മന്ദിരത്തേയും യമുനാതടത്തേയും എല്ലാം കാണ്മാനായി കൊതിച്ചു ചെന്നതു്. ഇന്നവിടെ അക്രൂരരു് ചെന്നാൽ, അദ്ദേഹം ആത്മഹത്യക്കൊരുമ്പെട്ടും കാലം മാറി. കലിയുടെ വിളയാട്ടമല്ലയൊ ഇന്നെല്ലായിടത്തും. ധീരനും നയകോവിദനുമായ ബങ്കാളിയുവാവു് എന്റൊ കൂടെയില്ലായിരുന്നുവെങ്കിൽ, ധനലുബ്ധന്മാരായ

പാണ്ഡമാർ എന്നെ കഷ്ടപ്പെടുത്തുമായിരുന്നു. അതോ, നന്ദഗോപരുടെ ഗൃഹത്തിൽവെച്ചും. യശോദ തൈരു കലക്കിയ സ്ഥലം, പൂതനയ്ക്കു മോക്ഷം കൊടുത്ത സ്ഥലം, കുമാരന്റെ കോമളകവിളുകൾക്കുള്ളിൽ അമ്മയ്ക്കു പതിന്നാലു ലോകങ്ങളെ കാണിച്ചുകൊടുത്ത സ്ഥലം, ഇതൊക്കെ കണ്ടാനന്ദിക്കുന്നതിന്നിടയ്ക്കെല്ലാം അവൎക്കു പണം വേണ്ടമത്രെ. ആളുകൾ കുറച്ചൊന്നുമല്ലതാനും. അവരുടെ അലട്ടൽ എനിക്കു പിടിച്ചില്ല. ഉടനെ കൂടെയുണ്ടായിരുന്നയാൾ പ്രമാണിയുടെ ചെവിയിലെന്തോ മന്ത്രിച്ചു. തൽക്ഷണം എല്ലാവരും മാറിനിന്നു. ഒടുവിൽ പണം കൊടുത്തിട്ടുതന്നെ വാങ്ങുവാൻ സംശയിച്ചു. ഞാൻ മലയാളത്തിൽനിന്നു ഋഷീകേശത്തേക്കു പോകുന്ന ഒരു മാന്ത്രികനും സന്യാസിയുമാണെന്നത്രേ അവരെ ധരിപ്പിച്ചതു്. ഈ വൎത്തമാനം വൃന്ദാവനത്തിലും ഉപകരിച്ചു. വഴിക്കു പറയാം.

മടയിലാണു് വണ്ടി ഇറങ്ങുക. അവിടെനിന്നു് ഏകദേശം ഒന്നുരണ്ടു നാഴിക അകലെയാണു പട്ടണം. മധുരാപുരി കംസന്റെ കാലത്തെ മാതിരിതന്നെ ഇരിക്കുന്നോ എന്നു സംശയം തോന്നും. വീതികുറഞ്ഞ വീഥികൾ, പലനിലകളുള്ള മാളികകൾ, ഈവിധമാണു കാണുന്നതു്. കംസന്റെ കൊട്ടാരസ്ഥലത്തു മാത്രം ഒരു ജമാത്തുപള്ളി സ്ഥലം പിടിച്ചിട്ടുണ്ടു്. വേറെ ജോലി അധികമൊന്നും ഇല്ലാത്തവൎക്കു വേണമെങ്കിൽ, അലഞ്ഞുനടക്കാമെന്നല്ലാതെ, വളരെ വിശേഷമായിട്ടൊന്നും അവിടെ കാണ്മാനില്ല. മുനിസിപ്പാലിററിവകയായൊരു കാഴ്ചബങ്ക്ളാവുണ്ടു്. അവിടെ പഴയ ചില പ്രതിമകളും ശിലാലേഖകളും വെച്ചിട്ടുണ്ടു്. പക്ഷെ, അവയെക്കുറിച്ചു വേണ്ട വിവരങ്ങൾ കിട്ടായ്കയാൽ ഭഗ്നാശയനായി ഞാൻ മടങ്ങുകയാണു ചെയ്തതു്. ആദ്യമായി വിശ്രാന്തഘട്ടത്തിൽ ചെന്നു് യമുനയിൽ സ്നാനം ചെയ്തു.

കുളിക്കുന്നതിനു കുറച്ചു ബുദ്ധിമുട്ടു നേരിട്ടു. കടവിൽ നിറച്ചു ആമ; അനവധി; കാലെടുത്തു കുത്തുവാൻ പ്രയാസം. ഓരോന്നു് ഓരോ തൊപ്പിക്കുടയോളം വലിയതാണു്. കുറെ കടല, ഉഴുന്നു് ഇതെല്ലാം കൂട്ടികലർത്തി എല്ലാം അല്പം ദൂരെക്കെറിഞ്ഞു. അപ്പോൾ ആമകൾ ആ ഭാഗത്തേക്കു പോയി. ആ അവസരത്തിൽ കുളി കഴിച്ചു. നല്ല വെള്ളം; പത്തുക്കെ ഒഴുക്കുമുണ്ടായിരുന്നു. യമുനാനദി കാണുന്നതിനു ഭംഗിയുള്ള ഒന്നാണു്. അനവധി വലിയ വഞ്ചികൾ ഉണ്ടു്. അതിലൊന്നിൽ കയറിപ്പോയാൽ സുഖമായി സഞ്ചരിക്കാം. പട്ടണവും പുറമേനിന്നൊന്നു കാണുകയും ചെയ്യാം. മധുരയിൽ മുഖ്യമായതു് ദ്വാരകനാഥക്ഷേത്രമാണു്. അതാണത്രെ കൃഷ്ണന്റെ ജനനസ്ഥലം. യമുനയുടെ ഇരുകരകളിലായിട്ടാണു് മധുരയും ഗോകുലവും കിടക്കുന്നതു്. മധുരയിൽനിന്നു് ഏഴുനാഴിക തെക്കാണു ഗോകുലം. ഗോകുലം ഒരു ഗ്രാമമായിട്ടാണു കണ്ടതു്. ഭാഗവതം വായിച്ചിട്ടുള്ളവൎക്കു് അതിന്റെ ഇന്നത്തെ അവസ്ഥ മനസ്സിനെ വല്ലാതെ ഖേദിപ്പിക്കും. പല സ്ഥലങ്ങളും വൃക്ഷങ്ങൾകൂടെ ഇല്ലാതെ കുന്നും കുഴിയുമായി കിടക്കുന്നു. ഒരു കാലത്തു് ആ പ്രദേശം നല്ല നിലയിൽ ആയിരുന്നു എന്നുള്ളതു കാഴ്ചകൊണ്ടറിയാം. പല വീടുകളും ചില ക്ഷേത്രങ്ങളും അവിടവിടെയായി ഇടിഞ്ഞു പൊളിഞ്ഞു കിടപ്പുണ്ടു്. എടയ്ക്കു് മേച്ചിൽ സ്ഥലങ്ങളും കണ്ടു. ഗോകുലത്തിന്റെ ഒരു നാഴിക വടക്കായിട്ടു മഹാവനം എന്നൊരു ദിക്കുണ്ടു്. അവിടെ ഇന്നും കാണുന്ന ശ്യാമലാലക്ഷേത്രസ്ഥലത്തു വെച്ചായിരുന്നു കുട്ടികളെ മാറിയതു് എന്നാണു് ആ ദിക്കിലെ ഐതിഹ്യം. മധുരയിൽനിന്നു ഗോകുലത്തേക്കു പോകുന്ന വഴിയിൽ യമുനയെക്കടക്കണമല്ലോ. പുഴയിൽ അധികം വെള്ളമില്ലാത്ത കാരണം, കടക്കുന്ന ദിക്കിൽ വയ്ക്കോൽ ചളി ഇതെല്ലാം കൂട്ടി വഴിക്കു വേണ്ട

ഭാഗം നികത്തി മണ്ണിട്ടിരിക്കുകയായിരുന്നു. വെള്ളപ്പൊക്കക്കാലത്ത് ഇതു പോയി എന്നും വരും. കടക്കുന്നദിക്ക് എത്തുന്നതിന്ന് അല്പം മുമ്പിലായി, പെട്ടെന്നൊരു ചുഴലിക്കാററുണ്ടായി. ഒരു പൂഴിപ്രളയം. കാൽമണിക്കൂറുനേരം വണ്ടി നിർത്തി. വഴിയും ആകാശവും ഒന്നും കണ്ടുകൂട. മൂക്കും വായും കണ്ണുമെല്ലാം മൂണ്ടുകൊണ്ടു മൂടേണ്ടിവന്നു. വന്നമാതിരി കാററു പോകുകയും ചെയ്തു.

വൃന്ദാവനം മധുരയുടെ അഞ്ചുനാഴിക വടക്കാണ്. ഞാൻ പോയ ദിവസം അവിടെ ഒരു ക്ഷേത്രത്തിൽ ഉത്സവമായിരുന്നു. അതുകാരണം നല്ല തിരക്കുണ്ടായിരുന്നു. എങ്കിലും രാവിലത്തെ പൊടിക്കയ്യിന്റെ ഉത്തരഫലമായി ക്ഷേത്രദർശനത്തിനു സൌകര്യം കിട്ടി. ഗോവിന്ദദേവന്റേയും ഗോപിനാഥന്റേയും പ്രാചീനങ്ങളായ രണ്ടു ക്ഷേത്രങ്ങൾക്കു പുറമെ, ഹരിലാലന്റെ വകയായി മാർബിൾ കൊണ്ടുണ്ടാക്കിയ കമനീയമായൊരു ദേവാലയം ഉണ്ടു്; നാലാമതായി തെക്കൻ ദ്രാവിഡരീതിയിൽ പുതുതായി പണിയിച്ചൊരു ക്ഷേത്രവും ഉണ്ട്. അവിടെ ഒരു സ്വർണ്ണക്കൊടിമരവുമുണ്ട്. ഈ അമ്പലത്തിൽ പൂജിക്കുന്നതു അയ്യങ്കാരന്മാരാണ്. വൃന്ദാവനം കണ്ടാൽ ഇന്നും അവിടെ മഹാലക്ഷ്മിയുടെ വാസഭൂമിയാണെന്നു തോന്നും. ധനപുഷ്ടിയെ പ്രകടിപ്പിക്കുന്ന അനേകം സൌധങ്ങൾ, കൊട്ട്, പാട്ട്, ആട്ടം, ഹരികഥാപ്രസംഗം എന്നിവയെ പലേടത്തും കണ്ടു. രാസക്രീഡയുടെ സ്ഥലം, കാളിയനെ മർദ്ദിച്ച ഇടം, ബാലസ്ത്രീകളുടെ തുകിലുംകൊണ്ടു മലർമാതിൻ കാന്തൻ കുട്ടിക്കാലത്ത് കയറിയ അരയാൽ എന്നിവയെ ഭക്തന്മാരെ കാണിച്ചുതരുന്നതിനു എത്ര പേരാണ്! പണത്തിനു പിശകിയില്ലായിരുന്നു എങ്കിൽ, അവരുടെ സേവനത്തെ ഞാൻ പ്രശംസിക്കുമായിരുന്നു.

# അദ്ധ്യായം ൧൧

ഡൽഹി—കുരുക്ഷേത്രം

മട [മധുര] വിട്ടുവാനുള്ള തിടുക്കം കൊണ്ടു്, ചില തെല്ലാം പറയുവാൻ വിട്ടു. രാസക്രീഡ നടന്ന സ്ഥലം കൂടെ വന്നിരുന്നവർ കാണിച്ചുതന്നു. ആലോചനാശീല മില്ലാത്തവരുടെ എടയിൽ എന്തെല്ലാം തെററിദ്ധാരണക ളാണു് രാസക്രീഡ ഉണ്ടാക്കിത്തീൎത്തിട്ടുള്ളതു്. രാസക്രീഡ നടന്ന കാലത്തു ശ്രീകൃഷ്ണന്നു എന്തു പ്രായമായിരുന്നു എന്നു കൂടി അവർ വിചാരിക്കാത്തതു് അത്ഭുതംതന്നെ. കൃഷ്ണന്റെ പരമശത്രുക്കളായിരുന്ന ശിശുപാലാദികൾ പോലും അ തിനെക്കുറിച്ചു ആക്ഷേപിക്കുന്നില്ലല്ലൊ. മാതൃഭാഷ ആ വശ്യമില്ല, പുരാണങ്ങൾ നിരുപയോഗങ്ങളായ കള്ളക്കഥ കളാണു്, എന്നെല്ലാം പറഞ്ഞു പ്രമാണികളാവാൻ ശ്രമിക്കുന്നവരാണു് ആന്തരാൎത്ഥമറിയാതെ, ഇതിനെ ആക്ഷേപിക്കുന്നതു്. അത്രയ്ക്കു മാത്രം ആഭാസമായൊരു സംഭവമെങ്കിൽ, മാന്യനും ഭഗവൽഭക്തനുമായ ഭട്ടതിരി തന്റെ പ്രക്രിയാസൎവ്വസ്വത്തിന്റെ ആദ്യത്തെ ശ്ലോക ത്തിൽ അതിനെ അനുസ്മരിക്കുമൊ? അതിന്റെ മഹി മയേറിയ രസത്തെ അനുഭവിച്ച പരദേശക്കാരനായ പണ്ഡിതൻ ഭട്ടതിരിയെ കാണ്മാൻ പുറപ്പെട്ടതായി കേട്ടിട്ടുണ്ടു്.

രാസവിലാസവിലോലം
സ്മരതമുരാരേൎമ്മനോഹരം രൂപം
പ്രകൃതിഷു യൽ പ്രത്യയവൽ
പ്രത്യേകം ഗോപികാസുസമ്മിളിതം

എനിക്കു ആ പ്രദേശം കണ്ട സമയം, ഈ ശ്ലോക മാണു് ഓൎമ്മവന്നതു്. അതിന്നുശേഷം മാത്രമേ കൃഷ്ണ

ഗാഥയിലേക്ക് എന്റെ മനസ്സ പോയുള്ളൂ. അതുമാതിരി "കാളിന്ദീലോലകല്ലോല കോലാഹലകുതൂഹലിയായി"രുന്ന കൃഷ്ണന്റെ മറെറാരു ക്രിയയെക്കുറിച്ച മുകുന്ദാഷ്ടകത്തിലെ ഒരു പദ്യമോൎത്തു.

കളിന്ദജാന്തസ്ഥിതകാളിയസ്യ
ഫണാഗ്രരംഗേ നടനപ്രിയന്തം
തൽപുഛഹസ്തം ശരദിന്ദുവക്ത്രം
ബാലം മുകുന്ദം മനസാ സ്മരാമി

ഇതിനു കാരണം, കാളിയമൎദ്ദനം എന്ന "രവിവൎമ്മചിത്രം" കണ്ടുകണ്ടുണ്ടായിട്ടുള്ള പരിചയമായിരിക്കും. യമുനാനദിയുടെ തീരത്തു, വിശ്രാന്ത്ഘട്ടത്തിൽ, യമുനാദേവിക്കായിക്കൊണ്ടു കമനീയമായ ചെറിയ ഒരു ക്ഷേത്രമുണ്ടു്. അതിരിക്കുന്നതു പുഴയുടെ തൊട്ടരുകിൽ എന്നു വേണം പറയുവാൻ. സ്നാനംകഴിഞ്ഞാൽ, അവിടെ തൊഴുതിട്ടേ ദ്വാരകാനാഥക്ഷേത്രത്തിലേക്കു കൂടി ആളുകൾ പോകുകയുള്ളൂ. പതിവായി, സന്ധ്യാസമയത്തു്, ശ്രീകൃഷ്ണന്റെ ക്ഷേത്രത്തിൽനിന്നു്, അവിടെ പൂജിക്കുന്നാൾ തന്നെ, വാദ്യഘോഷത്തോടും ദീപയഷ്ടികളോടും കൂടി വന്നു് യമുനാനദീദേവിയുടെ ക്ഷേത്രത്തിൽ ദീപാരാധന നടത്തിവരുന്നു. അതു കാണേണ്ട ഒരു കാഴ്ചയാണു്. കേവലം നാസ്തികന്മാരെ കൂടി അതൊന്നിളക്കാതിരിക്കുകയില്ല.

മഥുയിൽനിന്നു ഡെൽഹിക്കാണു് ഞാൻ പോയതു്. ഡെൽഹിയിൽ പത്തുദിവസം താമസിച്ചു. അവിടെ ഇരിക്കുന്ന കാലത്തുതന്നെ കുരുക്ഷേത്രം, ഹരിദ്വാരം ഋഷീകേശം, ഡെറാഡൂൺ, എന്നീ ദിക്കുകളിലേക്കും പോയിവരുവാൻ സാധിച്ചു. മാന്യബന്ധുക്കളും ആത്മമിത്രങ്ങളും എന്റെ ഡെൽഹിവാസത്തെ സുഖമാക്കിത്തീൎത്തു.

ഡെൽഹിയിൽ പുതിയ ഡെൽഹി, പഴയ ഡെൽഹി എന്നു രണ്ടു ഭാഗങ്ങളുണ്ടു്. പുതിയ ഡെൽഹിയിലാണു് കച്ചേരികളും നിയമസഭകളും എല്ലാം നടക്കുന്നതു്. ഉദ്യോഗസ്ഥന്മാരുടെയും സഭാംഗങ്ങളുടെയും വാസസ്ഥലങ്ങളും അവിടെയാകുന്നു. പുതിയ രീതിയിലുള്ള രാമവീഥികൾ കണ്ണിണകൾക്കു ആനന്ദത്തെ നല്കുന്ന തോട്ടങ്ങൾ, കാഴ്ചബങ്ക്ളാവുകൾ മുതലായവയും അവിടെതന്നെ കിടക്കുന്നു. ഷാപ്പുകളുടെ കൗതുകവും വിലയും അറിയേണമെങ്കിൽ, സന്ധ്യക്കുശേഷം, അവയിൽ ചെന്നു കയറണം. ചഡ്ണിചൌക്ക എന്ന പ്രസിദ്ധമായ കച്ചവടസ്ഥലം പഴയ ഡെൽഹിയിലാണു്. പഴയ തരത്തിലുള്ള ആരാമങ്ങളും കോട്ടകളും കൊട്ടാരങ്ങളും എല്ലാം അവിടെയാണു്. പിണ്ടിയിന്മേലെന്നപോലെ മാർബിളിന്മേൽ കൊത്തുപണികൾ ചിലത്തിട്ടുണ്ടു്. ഒരു കൊട്ടാരത്തിൽ മൂന്നു കുളിമുറികൾ കണ്ടു. ഒന്നിൽ പച്ചവെള്ളം, ഒന്നിൽ ചൂടുള്ള വെള്ളം, ഒന്നിൽ പനിനീരു്, ഉപയോഗപ്പെട്ടുത്തിയിരുന്നു. മുറി എന്നു പറഞ്ഞാൽ സാരമില്ലെന്നു തോന്നും. ഓരോ മുറിയുണ്ടാക്കുവാൻ നാലഞ്ചുലക്ഷം ഉറുപ്പിക വീതം ചിലവായിരിക്കണം. യമുനയുടെ സമീപം സ്ഥിതിചെയ്യുന്ന മെച്ചം ഡെൽഹിക്കുമുണ്ടു്. കുട്ടബ് മൈനാർ എന്നതു് തൂണിന്റെ ആകൃതിയിൽ അഞ്ചു നിലയിൽ പണിതുണ്ടാക്കീട്ടുള്ള ഒരു കെട്ടിടമാണു്. ഇതു് യമുനയും പട്ടണമാസകലവും കാണുന്നതിനുവേണ്ടി പൃഥ്വിരാജാവിന്റെ മകൾക്കായി ആദ്യം പണിതതാണു്. അതിൻെറ മുകളിൽ ചെന്നാൽ നഗരത്തിൻെറയും നദിയുടെയും ഭംഗികണ്ടു രസിക്കാം. നഗരത്തിൻെറ ഗാംഭീൎയ്യവും ധനസമൃദ്ധിയും ഒന്നൂഹിക്കുകയും ചെയ്യാം. പിന്നീടതിനെ മുകളന്മാരുടെയാക്കിത്തീൎത്തു എന്നാണു് പറയുന്നതു്.

പുരാതനകാലത്തു് ഡെൽഹി പാണ്ഡവന്മാരുടെ രാജധാനിയായിരുന്നു. കല്ലും മുൾച്ചെടിയും കുററിക്കാടുകളും കൊണ്ടു നിറഞ്ഞ ഒരു കുന്നിനെയാണു് ഇന്നു ഇന്ദ്രപ്രസ്ഥമെന്നും പറഞ്ഞു് കാണിച്ചുതരുന്നതു്. ആയതു് ധർമ്മപുത്രരുടെ കോവിലകവും ആസ്ഥാനമണ്ഡപവും മററും മാത്രം ആയിരുന്നുവത്രെ. മുകളന്മാരുടെ കാലത്തു ഡെൽഹി മുഴുവനും പള്ളികളും ശവകുടീരങ്ങളും കൊണ്ടു നിറഞ്ഞു. ലക്ഷോപിലക്ഷം രൂപാ ഇവയ്ക്കായി ചിലവായിക്കാണണം. ഇവയെ എല്ലാം വെവ്വേറെ എടുത്തുവിവരിച്ചു സ്ഥലം കളയുന്നില്ല. ധർമ്മപുത്രർ വെച്ചാരാധിക്കുന്നതായൊരു ശിവന്റെ വിഗ്രഹവും ഒരു ശ്രീചക്രവും ആണു് ഇന്നുള്ള ഒരു ക്ഷേത്രത്തിലുള്ളതെന്നു പറയുന്നു. പാലി ലിപിയിൽ പലതും കൊത്തീട്ടുള്ള അശോകന്റെ കാലത്തെ ഒരു സ്തംഭവും കാണുന്നുണ്ടു്. മററൊക്കെ മതപരിവർത്തനം കഴിഞ്ഞതാണിരിക്കുന്നതു്. ഉത്തരഇൻഡ്യയിൽ പല പുരാണപുരികളിലും ഷാജിഹാൻെറ കലാവൈഭവം പ്രതിഫലിച്ചു കാണുന്നുണ്ടെന്നുള്ള സംഗതി സന്തോഷത്തോടുകൂടി പ്രസ്താവിക്കാതിരിപ്പാൻ ആർക്കും സാധിക്കുകയില്ല.

ഡെൽഹിയിൽ നിന്നു കുരുക്ഷേത്രത്തിലേക്കു പോയിവരുവാൻ സൌകര്യമായ തീവണ്ടിയുണ്ടു്. രാവിലെ പ്രാതലും കഴിച്ചു് എട്ടുമണിക്കു പുറപ്പെട്ടാൽ രണ്ടുമണിയോടുകൂടി തിരിച്ചെത്താം. എടയ്ക്കു് ആഹാരത്തിനു അല്പം വല്ലതും കൈയിലിരുന്നാൽ നന്നു്.

അവിടെ വലുതായൊരു തടാകമുണ്ടു്. അതിൻെറ മൂന്നു പുറത്തും ക്ഷേത്രങ്ങളും ഇറങ്ങിക്കുളിക്കുവാനുള്ള കടവുകളും ഉണ്ടു്. പടിഞ്ഞാറുഭാഗത്തായിട്ടാണു് യുദ്ധഭൂമി കിടക്കുന്നതു്. ഗീതോപദേശംചെയ്ത സ്ഥലവും കാണിച്ചുതരും. അധികഭാഗവും കാടും പടലും പിടിച്ചു് ഒരു

വിജനപ്രദേശമായി കാണുന്നു. വിശിഷ്ടമായൊരു കാളീക്ഷേത്രമുണ്ട്. ഭാരതം വായിച്ചിട്ടുള്ളവൎക്കു കുരുക്ഷേത്രം, ഇന്ദ്രപ്രസ്ഥം, എന്നിവയെ കാണുന്നസമയം ഈ കാലത്തുകൂടി പറഞ്ഞറിയിക്കുവാൻ പ്രയാസമുള്ള ചില മനോവികാരങ്ങളും രോമാഞ്ചവും ഉണ്ടാകാതിരിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം.

---

## അദ്ധ്യായം ൧൨.

---

ഹരിദ്വാരം, ഋഷീകേശം, ഗുരുകുലം.

ഡെൽഹിയിൽനിന്നു അത്താഴം കഴിച്ചു വണ്ടികയറിയാൽ, കാലത്ത് ഏഴുമണിക്കു ഹരിദ്വാരത്തുചെല്ലും. വെളിച്ചമാകുമ്പോൾ, ഹരിദ്വാരത്ത് അടുക്കുന്നതിനുമുമ്പുള്ള കാഴ്ച മനോഹരമായിട്ടുള്ള ഒന്നാണ്. അടുത്തു വയലുകളും കുന്നുകളും ദൂരെ ഹിമവാൻപൎവ്വതവും കണ്ടുതുടങ്ങും. ബാലാദിത്യന്റെ പ്രഭ ഹിമവാന്റെ കൊടുമുടികളിൽ തട്ടുന്ന സമയം ഉണ്ടാകുന്ന ശോഭ വാക്കുകളെക്കൊണ്ടു വൎണ്ണിപ്പാൻ എന്നാൽ പ്രയാസം. തീവണ്ടിയുടെ വാതിലുകൾ തുറന്നു കണ്ണടയ്ക്കാതെ അതു നോക്കിക്കൊണ്ടിരുന്നു. ഹരിദ്വാരം നല്ലൊരു പ്രദേശമാണ്. രാജാക്കന്മാരും പ്രഭുക്കളും വലിയ ഉദ്യോഗസ്ഥന്മാരും സുഖവാസത്തിനായി അവിടെ അനവധി കെട്ടിടങ്ങൾ ഉണ്ടാക്കിയിട്ടിട്ടുണ്ട്. പാല്, തൈര്, സസ്യങ്ങൾ, ഫലങ്ങൾ എന്നിവയെല്ലാം ധാരാളമായി കിട്ടും. പാൽപൂരി, മററു പലഹാരങ്ങൾ അടപ്പത്തുനിന്നു ചൂടോടുകൂടി എ

പ്പോഴും വാങ്ങാം. പൂരിയോട്ടുകൂടി തിന്നുവാനുള്ള നല്ല കറികളും അതോട്ടുകൂടി തരും. പുഷ്പങ്ങൾ ധാരാളം. ഇതുകൾക്കെല്ലാം പുറമെ ഗംഗയും ഉണ്ട്. ഗംഗയുടെ ഭംഗി, അതിൻെറ ഗാംഭീര്യം, ഇവ കാണേണമോ? ഗംഗയിൽ സ്നാനം ചെയ്യണമോ? എന്നാൽ ഹരിദ്വാരത്തു പോകണം. സംശയമില്ല. എന്തൊരൊഴുക്ക്! കൈമുക്കിയാൽ വിരൽ മുറിയും എന്നുവേണം പറയുവാൻ. ഹൂങ്കാരശബ്ദം അകലെ വെച്ചുതന്നെ കേട്ടുതുടങ്ങും. ഞാൻ മഠിരാശി സത്രത്തിലാണു് പോയി താമസിച്ചതു്. മാധവാനന്ദസ്വാമിയാണ് മഠാധിപൻ. അദ്ദേഹം ഒരു മലയാളിബ്രാഹ്മണനാണെന്നു തോന്നുന്നു. നല്ലപോലെ മലയാളം സംസാരിക്കാം. സംസ്കൃതത്തിൽ ഒരു പണ്ഡിതനുമാണ്. കുളിക്കുമ്പോൾ ആളുകൾക്ക് അബദ്ധവും ഉട്ടപ്പു മുതലായവയ്ക്കു നഷ്ടവും വരാതിരിപ്പാൻ ഭദ്രമായി ഇരിമ്പുവലകൊണ്ടു് കെട്ടിമൂടിയ കടവിലേക്കാണ് നാം ഇറങ്ങുക. കടവു നല്ല ഉറപ്പായി കെട്ടി ഗംഗയിലേക്കു ഇറക്കീട്ടുണ്ടു്. അററവേനൽക്ക് നട്ടുച്ചയ്ക്കായാലും ആദ്യത്തെ മുങ്ങ് കുറച്ചു പ്രയാസമായിട്ടു തോന്നാതിരിക്കുകയില്ല; അത്ര തണുപ്പുണ്ടായിരിക്കും. പിന്നത്തെ സുഖവും ഒരുണർച്ചയും ഉന്മേഷവും ഒന്നു വേറെതന്നെയാണ്. എന്തു സ്വച്ഛജലം! എളന്നീർപോലെയിരിക്കും. എത്ര ആഴത്തിലുള്ള സാധനങ്ങളും വിശദമായി കാണാം. മാധവതീർത്ഥരുടെ പൂജാവിധാനങ്ങളെല്ലാം ഒരു ചെറിയ ക്ഷേത്രത്തിലെ തോതിലാണ്. ഹരിദ്വാരത്തിൽ ചില മഹാക്ഷേത്രങ്ങളുണ്ടു്. എന്നാൽ തനിക്കു ഒക്കേതിലും കൌതുകകരമായി തോന്നിയതു് ഗംഗാതീരത്തുതന്നെയുള്ള ഗംഗാദേവിയുടെ ഒരു കമനീയമായ ക്ഷേത്രമാണ്. വിഗ്രഹമോ? അതിഭംഗിയുള്ളതു്. ഗംഗാദേവിതന്നെ ഭക്തന്മാരെ അനുഗ്രഹിപ്പാൻ സുസ്മേരവദനയായി മുമ്പിൽ

പ്രത്യക്ഷമായിരിക്കുകയാണെന്നു് തോന്നും. സന്ധ്യക്കു അവിടെ ദീപാരാധന സമയത്തു് ദർശനത്തിനുവന്നിട്ടുള്ളവർ ചെറിയ ചിരാതുകളിൽ വിളക്കുവെച്ചും കർപ്പൂരം കത്തിച്ചും ഗംഗയിൽ ഒഴുക്കണമെന്നാണു് പതിവു്. ചില ചിരാതുകളിൽ വെടിക്കെട്ടിന്റെ വട്ടവും ഉണ്ടാകും. ആ സമയത്തു് എന്തൊരു കോലാഹലമാണു്! ഗംഗാനദിയിൽ എത്ര വിളക്കുകളാണു്! സ്വർഗ്ഗസദൃശമായിരിക്കും അപ്പോളവിടം എന്നു ചുരുക്കിപ്പറഞ്ഞിരിക്കാം. അതുകൊണ്ടും ആയില്ല. ദേവിയുടെ ക്ഷേത്രത്തിനു തൊട്ടൊരുവശത്തു ഗംഗാതീരത്തെ, മദിരാശിയിലെ കടപ്പുറമെന്നപോലെ ആക്കീട്ടുണ്ടു്. അരനാഴിക നീളം അരക്കാൽ നാഴിക വീതി സ്ഥലം മുഴുവനും കാൺക്രീററു് വിരിച്ചു് തിണ്ണയാക്കീട്ടുണ്ടു്. വൈകുന്നേരം അവിടെ എന്തു തിരക്കാണു്! ഷാപ്പുസാമാനങ്ങൾ ഒരുദിക്കിൽ, പലഹാരക്കട മറെറാരുദിക്കിൽ; മുണ്ടുകൾ, പാത്രങ്ങൾ, എന്നിവ മൂന്നാമതൊരിടത്തിൽ. പുരാണംവായന, മതവിഷയങ്ങളെക്കുറിച്ചുള്ള പ്രസംഗം, നൎമ്മാലാപം, എന്നിങ്ങനെ പലതും പല ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കും. ദേഹായാസത്തിനു വ്യായാമമെടുക്കുവാനും പലരും അവിടെ വരും. അതെല്ലാം അവിടെ അങ്ങനെ നടന്നുകൊണ്ടിരിക്കട്ടെ നമുക്കിനി ഋഷീകേശത്തേക്കു പോയ വിവരമെടുക്കാം.

രാവിലെ സ്നാനംകഴിഞ്ഞു് പുറപ്പെട്ടു. ഒന്നരനാഴിക അകലെയായി ഒരു ചെറിയ കുന്നിൻപുറത്തൊരു നല്ല ആശ്രമവും ക്ഷേത്രവുമുണ്ടു്. അവിടത്തെ സന്യാസിയും ഒരു മലയാളിയാണു്. രണ്ടും മൂന്നും നാഴിക അകലെ ചില ക്ഷേത്രങ്ങളിൽ ദർശിക്കുവാനും ചില തീൎത്ഥങ്ങളിൽ പ്രോക്ഷിക്കുവാനും ഉണ്ടായിരുന്നു. സത്യനാരായണം ഋഷീകേശത്തുനിന്നു് ആറുനാഴികയകലെയാണു്.

അവിടെ ഒരു ചെറിയ ക്ഷേത്രവും അതിഭംഗിയോടുകൂടിയ വിഗ്രഹവുമുണ്ട്. മുഖമണ്ഡപത്തിൽനിന്ന് ഇരുവശവും കല്പടകളിറങ്ങുന്നതു് രണ്ടുചെറിയ കെട്ടിപ്പടുത്തു ഭദ്രമാക്കിട്ടുള്ള കുളങ്ങളിലേക്കാണ്. അവയിൽ ഗംഗാജലം മുകളിൽനിന്നു വന്നു താഴോട്ടു പോയിക്കൊണ്ടിരിക്കും. കാണ്മാൻ അതികൌതുകമുണ്ട്. കുളിപ്പാൻ അതിലും സുഖമുണ്ട്. അവിടെനിന്നും ഏഴരനാഴിക അകലെയാണ് ഋഷീകേശം. അതുവരെ തീവണ്ടിയുണ്ട്, പക്ഷേ, ആ വഴിപിടിച്ചാൽ എടയ്ക്കുള്ളതൊന്നും കാണ്മാൻ സാധിക്കുകയില്ല അതുകാരണം ഞാൻ മാധവതീർത്ഥരുടെ കാറിൽ ഒരു വിദ്വാനായ സന്ന്യാസിയൊരുമിച്ചാണ് പോയതു്. ആ പ്രദേശങ്ങളിൽ തണുപ്പുണ്ടാകുമെന്ന് ശങ്കിച്ച് ഞാൻ അതിനുവേണ്ട കുപ്പായങ്ങളും മറവും കാലേക്കൂട്ടി കരുതിയിരുന്നു. എന്നാൽ ചൂടും പൊടിയും കൊണ്ടു് ഉടുപ്പാനും പുതപ്പാനും ഓരോ പട്ടു മാത്രമേ വേണ്ടിവന്നുള്ളു. ഋഷീകേശത്തിന്നടുത്തും, ഹിമാലയത്തിന്റെ ഒരു താഴ്‌വാരത്തായിട്ടു തേഹരി രാജാവിന്റെ കൊട്ടാരം കാണാം. ഇദ്ദേഹത്തിന്റെ അട്ടത്തൊരു പൂർവ്വജനായിരുന്നു അമേരിക്കയിലേക്കു പോകുന്നതിന്നു വിവേകാനന്ദസ്വാമിയെ സഹായിച്ചതു്. ഋഷീകേശത്തു് ത്രിവേണിയിൽ സ്നാനംചെയ്തു്, ഋഷീകുണ്ഡത്തിൽ പ്രോക്ഷണം ചെയ്തു് രഘുനാഥഭരതമന്ദിരങ്ങളിൽ ദർശനം ചെയ്തുവേണം ലക്ഷ്മണജ്ജൂലേക്കു പോകുവാൻ. കാലാകമ്പളിക്ഷേത്രത്തിൽ അനവധി സാധുക്കളുണ്ടാകും; അവരേയും കണ്ടു വന്ദിക്കേണ്ടതുണ്ട്. അവരിൽ ചിലരെ കണ്ടാൽ തൊഴുതു നമസ്കരിക്കാതിരിപ്പാൻ ആർക്കും ധൈര്യമുണ്ടാകയില്ല. പഞ്ചാഗ്നിമദ്ധ്യാദികൃച്ഛ്റനിഷ്ഠയോടുകൂടിയവരുണ്ട്; ശാസ്ത്രാദിജ്ഞാനമാർച്ചുകൊണ്ടു് ആനന്ദാനുഭൂതി ഉണ്ടായിട്ടുള്ളവരുണ്ട്; ജിതേന്ദ്രിയന്മാരും ലോകോപകാരത്തിന്നായി ജീവിക്കുന്ന

വരുമുണ്ട്. ലക്ഷ്മണജ്ജലയിൽ സ്നാനംചെയ്യുന്നതിനുള്ള ഘട്ടത്തിനുതൊട്ട് എടത്തുവശമായിട്ടു ബദരിക്കുള്ള പാലം ഗംഗയെ തരണംചെയ്തു കിടക്കുന്നു. ബദരി, കേദാർനാഥ്, ഗംഗോത്രി, യമുനോത്രി, ഈ പുണ്യസ്ഥലങ്ങളിലേക്കു പോകുവാൻ വേണ്ട സകല സഹായങ്ങളും ഋഷീകേശത്തു ബാബാ കാളികമ്പ്ളിവാലയുടെ ആപ്പീസ്സിൽ ചെന്നാൽ ചെയ്തുകൊടുക്കും. എനിക്കു ബദരിക്കു പോകേണമെന്നുണ്ടായിരുന്നു; അതിനായി ഞാൻ ആ ആപ്പീസ്സിൽ പോയി. പക്ഷെ, അക്കാലത്തു ബദരിക്ഷേത്രം പൂട്ടിയിട്ടിരിക്കുന്ന കാലമായിരുന്നു. തണുപ്പുകാലത്തു അതു മഞ്ഞിനാൽ മൂടപ്പെടും. അപ്പോൾ റവാളും, അതായതു മേൽശാന്തിയും, മററും, താഴെ ഇറങ്ങിവന്നു താമസിക്കും. ബദരി ശങ്കരാചാൎയ്യരുടെ പ്രതിഷ്ഠയാണ്. മേൽശാന്തി എപ്പോഴും ഒരു നമ്പൂതിരി ആയിരിക്കണമെന്നുണ്ട്. ശാന്തിക്കുവെരോധിച്ചാൽ തിരിച്ചുവരിക പതിവില്ല. രാജപദവിയാണെങ്കിലും, വൃത്തി സന്യാസിയുടെയാകുന്നു. അദ്ദേഹത്തിൻെറ അധികാരങ്ങളും കയ്യിൽവരുന്ന ധനവും കുറച്ചൊന്നുമല്ല. ബദരിയാത്രയെക്കുറിച്ചു പലരും പരിഭ്രമജനകമായി വൎണ്ണിച്ചുകേട്ടിട്ടുണ്ട്. നേരേ മറിച്ച്, അതു വളരെ സുകരമായിട്ടുള്ള ഒന്നാണ്. തിടുക്കപ്പെടരുതെന്നു മാത്രമേയുള്ളൂ. അടുത്തടുത്തു സത്രങ്ങളുണ്ട്. അവിടങ്ങളിൽ തീൎത്ഥയാത്രക്കാൎക്കാവശ്യമുള്ള പദാൎത്ഥങ്ങൾ പ്രതിഫലം വാങ്ങിക്കാതെ കൊടുക്കും. രാവിലെ ഒരു മൂന്നും വൈകുന്നേരം ഒരു നാലും നാഴിക വീതം നടന്നാൽ മതി; എന്നാൽ ബദരിയിൽ സുഖമായി ചെല്ലാം. അവിടെ തണുപ്പ് പകലാണ്. വെളുപ്പിനും കാലത്തും അത്രയില്ല. കുളിപ്പാൻ പലതരം ചൂടുള്ളതായ ഉറവുകളുണ്ട്. താമസത്തിനു നല്ല സ്ഥലമുണ്ട്. റവാളിൻെറ അതിഥിയായി കൂടാം. പരമസുഖമാണ്.

ഋഷീകേശത്തുനിന്ന് ഹരിദ്വാരത്തു തിരിച്ചെത്തി, ഭക്ഷണം കഴിച്ച് കുറച്ചു വിശ്രമിച്ചതിനുശേഷം, ഞാൻ രണ്ടാമതും പുറപ്പെട്ടു. ആദ്യമായി കാൺഗ്രിയിലെ ഗുരുകുലത്തിലേക്കു പോയി. അതു് 1902-ൽ ശ്രദ്ധാനന്ദ സ്വാമി തുടങ്ങിയതാണ്. ഇന്നതൊരു സർവ്വകലാശാലയുടെ പദവിയിലായിട്ടുണ്ടു്. അവിടെ ചേരുന്ന വിദ്യാർത്ഥികൾ പതിന്നാലു സംവത്സരത്തിൽ കുറയാതെ ബ്രഹ്മചാരികളായി അവിടെ താമസിച്ചു പഠിക്കേണമെന്നാണ് നിശ്ചയം. വേദങ്ങൾ, ഉപനിഷത്തുകൾ, ഷഡ്ദർശനസിദ്ധാന്തങ്ങൾ, വ്യാകരണം, നിരുക്തം, സംസ്കൃതസാഹിത്യം, ഇവ പാഠ്യവിഷയങ്ങളാകുന്നു. ഇവയ്ക്കു പുറമെ, ഇംഗ്ലീഷ്സാഹിത്യം, പാശ്ചാത്യരീതിയനുസരിച്ചുള്ള തത്വശാസ്ത്രം, രസതന്ത്രം, ചരിത്രം, ധനശാസ്ത്രം എന്നിവയും പഠിക്കേണ്ടതായിട്ടുണ്ടു്. ഹിന്ദിഭാഷയിലാകുന്നു പഠിപ്പിക്കുന്നതു്. ഈ വിധം പഠിച്ചു് പരീക്ഷ ജയിച്ചുകഴിഞ്ഞാൽ ആയുർവേദം പഠിക്കുവാൻ വേണ്ട സകല സൌകര്യങ്ങളും അവിടെ ഉണ്ടു്. അവിടെ വിലപിടിച്ച വളരെ നല്ല മരുന്നുകൾ ഉണ്ടാക്കുന്നുണ്ടു്. ആണ്ടുതോറും ഗുരുകലത്തിന്റെ ചിലവിനു ലക്ഷത്തി അറുപതിനായിരം രൂപാ വേണ്ടിവരുന്നു. ഇതിൽ പകുതി വിദ്യാർത്ഥികളിൽ നിന്നു പിരിഞ്ഞുകിട്ടും; ബാക്കിക്കു മഹാജനങ്ങളുടെ ഉദാരമനസ്സിനെ ആശ്രയിച്ചാകുന്നു കഴിഞ്ഞുകൂട്ടുന്നതു്. ഗുരുകലത്തിൽവാസംതന്നെ വളരെ സുഖകരമായിട്ടുള്ള ഒന്നാണ്. ഗുരുകലം ഇരിക്കുന്നതു് അതിനു വളരെ യോജിച്ചതായൊരു പ്രദേശത്താണ്. വിദ്യാലങ്ങൾ, ഗുരുജനങ്ങൾക്കും ശിഷ്യഗണങ്ങൾക്കും താമസിക്കുവാനുള്ള സ്ഥലങ്ങൾ, കളിക്കുവാനുള്ള പറമ്പുകൾ, കെട്ടിടങ്ങൾ, ആസ്പത്രി, ഔഷധശാല, ഇവയെല്ലാം കഴിഞ്ഞാൽ പിന്നെയും വിസ്താരമായ സ്ഥലം ബാക്കി കിടപ്പുണ്ടു്.

പട്ടണത്തിൽനിന്നും അകലെയാകയാൽ ആ വക തിര ക്കൊ ശബ്ദമൊ ഒന്നും ഇല്ല. ആണ്ടുതോറും പലിശ കൊണ്ടു് ഒരു സമ്മാനംകൊടുക്കുന്നതിനായി ഒരു സംഖ്യ ഞാൻ വളരെക്കാലം മുമ്പുതന്നെ അവിടെ നിക്ഷേപിച്ചി ട്ടുള്ള കാരണം ഗുരുകുലം എല്ലാം നടന്നു കാണിച്ചുതരു വാൻ പലരും ഉണ്ടായിരുന്നു.

ഗുരുകുലം കണ്ടതിന്നു മേൽ, ദക്ഷേശ്വരം, വില്വ കേശ്വരം, ബ്രഹ്മകുണ്ഡം എന്നീ ക്ഷേത്രങ്ങളിൽ പോയി ദൎശിച്ചു് ഒടുവിൽ ഗംഗാദേവിയുടെ ക്ഷേത്രത്തിൽ ദീപാ രാധനസമയത്തു് അവിടെ ചെന്നു രാത്രി എട്ടുമണിവരെ അവിടെ ഗംഗാതീരത്തു ക്ഷേത്രസന്നിധിയിൽ തന്നെ ഇരുന്നു. പിന്നീട്ടു്, രാത്രി വണ്ടിക്കു ഡേറാഡൂണിലേക്കു പുറപ്പെട്ടു. അവിടെ ഒരു സ്നേഹിതനെ കാണുവാനായി ട്ടായിരുന്നു പോയതു്. അവിടെയാണു ഡൂൺസ്സ്കൂൾ ഉള്ളതു്. കുറച്ചുകാലം മുമ്പുവരെ, വനംവകുപ്പിലേക്കു വേണ്ട ഉയൎന്നതരം വിദ്യാഭ്യാസം നൽകിവന്ന കെട്ടിടങ്ങ ളിലാണു് ഇപ്പോൾ ഡൂൺസ്സ്കൂൾ നടത്തുന്നതു്. ഇതി നെക്കുറിച്ചു വല്ലതും പറയുന്നതായാൽ, പല പ്രമാണി കൾക്കു രസിക്കുകയില്ല. അതു കാരണം, ഞാൻ ഒന്നും പറയുന്നില്ല.

---

## അദ്ധ്യായം ൧൩

---

### ലക്നൊ, നൈമിശാരണ്യം, പ്രയാഗ.

ഡൽഹിയിൽനിന്നു രാത്രി എട്ടരയ്ക്കു പുറപ്പെട്ടാൽ കാലത്തു് എട്ടരയ്ക്കു ലക്നോവിൽ എത്താം. അവിടെ കേൾവികേട്ട ക്ഷേത്രങ്ങളൊന്നുമില്ല. ചില സ്നേഹിത

ന്മാരെ കാണേണ്ടതുണ്ടായിരുന്നു; അതിനും പുറമെ, വേണ്ട സമയത്തു സ്നാനപാനാദികൾക്കു തക്കൊരു താവളവുമായിതീൎന്നു. അതൊക്കെയാണ് എന്നെ അവിടെ എറക്കിയതു്. സ്നേഹിതന്മാർ ലക്നോ സൎവ്വകലാശാലയിലെ മൂന്നു പ്രസിദ്ധപ്പെട്ട അദ്ധ്യാപകന്മാരാണു്. അവരിൽ ഒരാളുടെ ധൎമ്മപത്നി ഇംഗ്ലണ്ടിൽ പഠിപ്പും ഫ്രാൻസ്, ജൎമ്മനി, ഇററലി, റഷ്യ, മുതലായ പല ദേശങ്ങളിൽ പൎയ്യടനവും കഴിച്ചു വന്നിട്ടുള്ള ഒരു വീരവനിതയായ വിദുഷിയാണ്. അവരേയും കണ്ടു വന്ദിക്കേണ്ട ചുമതല എനിക്കുണ്ടായിരുന്നു. ഞാൻ ചെന്ന സമയത്തു്, അവിടെ വിപുലമായൊരു തോതിൽ, ഒരു സ്വദേശിപ്രദൎശനം നടക്കുന്നുണ്ടായിരുന്നു. എല്ലാംകൊണ്ടും ലക്നോവിലുണ്ടായ എൻെറ താമസം മറെറടങ്ങളിലെന്നപോലെ വളരെ സുഖപ്രദമായിത്തീൎന്നു.

ലക്നോ കിടക്കുന്നതു നൈമിശാരണ്യത്താൽ പാവനമാക്കിട്ടുള്ള ഗോമതീതീരത്താണ്. ഇൻഡ്യയിൽ, ബൊംബായി കഴിഞ്ഞാൽ, പിന്നത്തെ നല്ല പട്ടണം ലക്നോവാണെന്നാകുന്നു കിപ്ലിംഗ് അദ്ദേഹത്തിൻെറ കിം എന്ന കഥാപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു്. ആ പ്രസ്താവനയിൽ പരമാൎത്ഥമില്ലെന്നില്ല. രാജാക്കന്മാർ ആ പുരത്തെ ചോരകൊണ്ടു് ആറാടിട്ടാണു്, അവിടെ രാജമന്ദിരങ്ങളെ നിൎമ്മിക്കുകയും കോട്ടകളെ കെട്ടുകയും ചെയ്തിട്ടുള്ളതു് എന്നാണു് ആ സാഹിത്യകാരൻ പറഞ്ഞിരിക്കുന്നതു്. ലക്നോവിലുള്ള അനവധി മനോഹരകൎമ്മ്യങ്ങൾക്ക് ചിത്താകൎഷകത്വം ഉണ്ടാക്കുന്നതു കരുണാരസമാണൊ എന്നു ഞാൻ സംശയിക്കാതിരുന്നില്ല.

കൊട്ടാരങ്ങൾ, തോട്ടങ്ങൾ, കോട്ടകൾ, എന്നിവ കൊണ്ടു നിറഞ്ഞിട്ടുള്ള ലക്നോ, പുരാതനകാലത്തു്

ലക്ഷ്മണൻ ഭരിച്ചിരുന്നൊരു ഭൂഭാഗമായിരുന്നു എന്നൊരു ഐതിഹ്യമുണ്ടു്. ഇന്നു മച്ചിഭവനത്തിനു സമീപം കാണുന്ന ലക്ഷ്മണതില എന്ന കുന്നുപ്രദേശം അദ്ദേഹത്തിൻെറ കോട്ടയിരുന്ന സ്ഥലമായിരുന്നുവത്രെ. മഹമ്മഡ്ഗസ്നി ഇൻഡ്യയെ ആക്രമിച്ച കാലംവരെ ഈ പ്രദേശം ഹിന്ദുരാജാക്കന്മാരുടെ കീഴിലായിരുന്നു. അതിൽ പിന്നെ, ലക്നോവിനെ മൊഗൾ ചക്രവൎത്തിമാരുടെ കീഴിൽ നവാബ് എന്ന സ്ഥാനപ്പേരോടുകൂടിയ ഗവൎണ്ണർമാർ ഭരിച്ചുപോന്നു. ഇവരാണ് ഈ പുരാണനഗരിക്കു മോടി കൂട്ടിയതു്. ഇന്നു കാണുന്ന പല വിചിത്രതരങ്ങളായ കെട്ടിടങ്ങളും ഇവരുടെ കാലത്തു ഉണ്ടാക്കീട്ടുള്ളവയാകുന്നു.

ബാറാ (വലിയ) ഇമാംപ്ര എന്നതു ഇവയിൽ പ്രധാനമായിട്ടുള്ള ഒന്നാകുന്നു. 1784-ൽ ആ ദിക്കിൽ കഠിനമായൊരു ക്ഷാമമുണ്ടായി. ആ സന്ദൎഭത്തിൽ പണികൊടുത്തു് ആളുകളെ രക്ഷിക്കുവാനായി ഇതിന്റെ നിൎമ്മാണം ആരംഭിച്ചു. അതിഭംഗിയുള്ള ഇതിൻെറ ഗോപുരം കടന്നാൽ, ഒരു തോട്ടമുണ്ടു്. കുറെ മുമ്പോട്ടു ചെന്നാൽ, പടുത്തുകെട്ടിയ അനവധി പടികൾ കയറണം. പിന്നേയും തോട്ടമായി; തോട്ടങ്ങളിലെ പുഷ്പങ്ങളും ലതാഗൃഹങ്ങളും ഛായാതരുക്കളും നമ്മളെ അവിടം വിടുവാൻ അനുവദിക്കുകയില്ല. രണ്ടാമത്തെ തോട്ടങ്ങളിൽനിന്നുള്ള പടികൾ കയറുന്നതു കെട്ടിടത്തിലേക്കാകുന്നു. ഇതൊരു ഒററനിലയായുള്ള സ്ഥലമാണു്. ഇതിലെ വലിയ മുറിക്കു 168 അടി നീളം 52 അടി വീതി നാല്പത്തൊമ്പതരഅടി പൊക്കമുണ്ടു്. ഇരുപുറമുള്ള എറയങ്ങൾക്കു 27 അടി വീതിയുണ്ടു്. ഛത്രസൌധം, മുക്താമണി ഗൃഹം മുതലായവയും കണ്ടാനന്ദിക്കേണ്ടവയാകുന്നു. വലിയ ഛത്രസൌധം ഒരു മൂന്നുനില മാളികയാകുന്നു. അത്യുഷ്ണമുള്ള കാലത്തു് അ

ന്തപ്പുരത്തിലെ സ്ത്രീകൾക്കു ഇരിക്കുവാനായി അടിയിൽ അറകളുണ്ടു്. അവക്കു കുളിക്കുവാനായി ഒരു കുളം കെട്ടിയിട്ടുള്ളതു ആരു കണ്ടാലും ഒന്നിറങ്ങി കുളിക്കുവാൻ തോന്നുന്ന ഒന്നാണു്. കല്പടകൾ അടിവരെ കാണാം. അതിലെ വെള്ളം അത്ര വൃത്തിയായി കിടക്കുന്നു. കാഴ്ച്ബംഗ്ലാവു്, ചിത്രശാല എന്നിവ കാണേണ്ടതുതന്നെ. ചിത്രശാലയിൽ ഏറിയക്രൂറും ചക്രവത്തിമാരുടേയും അവരുടെ ഗവൺന്മാരുടേയും പടങ്ങളാണു് ഉള്ളതു്. പാശ്ചാത്യന്മാർ ഈ വക സ്ഥലങ്ങളെ ഒന്നുമല്ല ആദ്യം പോയി കാണുക. അവിടെ റസിഡൻസി എന്നൊരു കെട്ടിടമുണ്ടു്. അതിനെയാണു അവക്കൊക്കെ കാണുവാൻ തിട്ടക്കമുള്ളതായി കണ്ടുവരുന്നതു്. നല്ലകാലത്തു് അതിനൊരു ഭംഗിയുള്ളതും ഉറപ്പുള്ളതുമായ നിമ്മാണമായിരുന്നിരിക്കണം. ഇപ്പോൾ വെടിയുണ്ടകളുടെ പാടുകളോടുകൂടിയ ഒരു തൊണ്ടുപോലെയാണു കിടക്കുന്നതു്. സിപ്പായി ലഹളക്കാലത്തു ലക്നോവിലുണ്ടായിരുന്ന സായ്പുമാരും മദാമ്മമാരും രക്ഷയ്ക്കായി ഇതിനെയാണു് അഭയം പ്രാപിച്ചതു്. മദാമ്മമാർ ആറേഴുദിവസം നിലവറയിൽ കഴിച്ചുകൂട്ടേണ്ടിവന്നു. അന്നവിടെ കൂടിയവരുടേയും അവരെ ഒടുവിൽ അപകടത്തിൽനിന്നു മോചിപ്പിച്ചവരുടേയും പേരുകൾ രേഖപ്പെടുത്തി വെച്ചിട്ടുണ്ടു്. സവ്വകലാശാലയുമായി ഞാൻ പരിചയപ്പെട്ടു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പ്രദർശനവും പോയിക്കണ്ടു. ഞങ്ങൾ പ്രദർശനസ്ഥലത്തു പോയതു അത്താഴം കഴിഞ്ഞാണു്. അപ്പോഴും അവിടെ നല്ല തിരക്കുണ്ടായിരുന്നു. ഒരു വലിയ നെടുമ്പുര മുഴുവനും സോയാബിയനായി ഒഴിച്ചുകൊടുത്തിരുന്നു. അതു നട്ടുവളത്തുന്ന സമ്പ്രദായം, അതിനെ ഉപയോഗിക്കുന്ന ക്രമം, അതുകൊണ്ടുണ്ടാക്കാവുന്ന പദാത്ഥങ്ങൾ, എന്നിവയെല്ലാം അവിടെ വിശദ

മാക്കിക്കാണിച്ചിരുന്നു. അതു് അരി, കോതമ്പു്, യവം എന്നിവയെക്കാൾ എളുപ്പത്തിലുണ്ടാക്കാവുന്ന ഒരു ധാന്യമാണത്രെ. വിലയും കുറവാണു്. ശരീരത്തെ നല്ലപോലെ പോഷിപ്പിക്കുമെന്നും ജപ്പാനിൽ ഇതു സൎവ്വസാധാരണമായി ഉപയോഗിച്ചുവരുന്നു എന്നും മററുമുള്ള അതിൻെറ ഗുണഗണ്യങ്ങൾ വലിയ അക്ഷരത്തിൽ അച്ചടിച്ചു അവിടെ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രദർശനസ്ഥലത്തുനിന്നു തിരിച്ചുവന്ന സമയം സോയാബിയനേ എൻെറ ഓൎമ്മയിൽ സവിശേഷമായി പ്രതിഫലിച്ചുകണ്ടുള്ളൂ. ലക്നോവിൽനിന്നു നൈമിശാരണ്യത്തിലേക്കു അധികമില്ല. അവിടം ആദിമകാലത്തു് പല മഹാമുനികളുടേയും വാസഭൂമിയായിരുന്നു എന്നാണല്ലോ പുരാണങ്ങൾ ഘോഷിക്കുന്നതു്. അവിടെവെച്ചാണല്ലോ സൗതി; ശൌനകാദിമഹർഷിമാൎക്കു മഹാഭാരതകഥയെ കേൾപ്പിച്ചുകൊടുത്തതു്. പുതിയ തീവണ്ടിപ്പേർ നിംസാർ എന്നാണെങ്കിലും, അതിനെ സീതാപുരം ഡിസ്ത്രിക്ടിൽനിന്നു വിഭിന്നമാക്കാഞ്ഞതു അതിൻ്റെ ഭാഗ്യം. അമ്പത്തിഒന്നു പീഠസ്ഥാനങ്ങളിലൊന്നാകയാൽ, അവിടെയ്ക്കിന്നും അനവധി തീൎത്ഥയാത്രക്കാർ പോകുന്നു. അമാവാസിദിവസം വളരെ വിശേഷമാണു്; അന്നു ചന്ദ്രവാരവുംകൂടി ആയാൽ ഉത്തമമായി. പുണ്യപുരുഷന്മാരുടെ തൃക്കാലടിപ്പൊടികളുടെ മാഹാത്മ്യം ഇന്നും നൈമിശാരണ്യത്തെ തീരെ വിട്ടുപിരിഞ്ഞിട്ടില്ല. അതുകൊണ്ടു തീൎത്ഥയാത്രക്കാർ ആ പവിത്രക്ഷേത്രത്തെ പോയി കണ്ടു് വന്ദിക്കേണ്ടതാണെന്നുള്ളതിന്നു സംശയമില്ല.

ലക്നോവിൽനിന്നു പ്രയാഗയിലേക്കാണു് പോയതു്. അവിടെ താമസിക്കുവാനുള്ള സകല സൌകൎയ്യങ്ങളും ചെയ്തുതന്നതു് അപരിചിതനായൊരു ധനികനാണു്. ത്രിവേണിയിൽ സ്നാനത്തിന്നു പുറപ്പെട്ടസമയം ഉദാര

ശീലനായ അദ്ദേഹം എന്നോടിങ്ങനെ പറഞ്ഞു, "ഞാനെന്റെ മകനെക്കൂടെ അയക്കേണ്ടതാണ്. പക്ഷേ അങ്ങനെ ചെയ്താൽ സ്നാനഘട്ടത്തിലുള്ള സന്ന്യാസിമാരും പുരോഹിതന്മാരും നിങ്ങളെ പൃച്ഛികളമായിരിക്കും. കാർനദിയുടെ തീരത്തുവരെ കൊണ്ടുപോകും. വഞ്ചിക്കൂലി അഞ്ചുറുപ്പാ ചോദിക്കും. അര റുപ്പായിലധികം കൊടുക്കരുത്. സങ്കല്പംചൊല്ലിത്തരുന്നതിന്നും ശ്രാദ്ധം ഊട്ടിക്കുന്നതിന്നും പണ്ടാജിക്കും അതുതന്നെ മതി. ശേഷം അലട്ടുന്നവരോടെല്ലാം ഇവിടെ വരുവാൻ പറയൂ. വേണ്ട സഹായങ്ങൾ എല്ലാം വണ്ടി ഓടിക്കുന്ന ആൾ ചെയ്തുതരും" പറഞ്ഞതുപോലെ തന്നെ എല്ലാം വന്നുചേർന്നു. ബോട്ടിന്നു അഞ്ചുറുപ്പ പറഞ്ഞ സമയം ഞാൻ ത്രിവേണി കാണ്മവാൻ വന്നതാണ്. അരറുപ്പയിൽ ഒരു പൈ കൂട്ടിത്തരില്ല എന്നുപറഞ്ഞു വണ്ടിയിൽ കയറി ഇരുന്നു. ഒടുവിൽ പിശകി അരറുപ്പായ്ക്കു വന്നു. അവിടെ ആവശ്യമുള്ള സകല സാധനങ്ങളും വഴിക്കുവാങ്ങി വണ്ടിക്കാരൻ ശേഖരിച്ചു. ശാസ്ത്രികളും അഞ്ചുറുപ്പായിൽ പിടിച്ചു. വേണ്ടതു ചെയ്യാൻ എനിക്കറിയാം, ആരുടേയും സഹായം വേണ്ടെന്നു ഞാനും തുടങ്ങി. അതും അരറുപ്പായിൽ കലാശിച്ചു. വഞ്ചിയിൽ കയറിയതുമുതൽ തിരിച്ചു കരയ്ക്കിറങ്ങി വണ്ടിയിൽ കയറി അതു ഓടിച്ചുതുടങ്ങുന്നതുവരെ യാചകന്മാരാൽ ഞാൻ ചുററപ്പെട്ടിരുന്നു. ഭിക്ഷയ്ക്കുവേണ്ടി കാവിവസ്ത്രധാരികൾ വഞ്ചികളിൽ കയറി വളഞ്ഞുകൂടി. വഞ്ചികളിൽ വിഗ്രഹങ്ങൾവെച്ചു പൂജിച്ചുകൊണ്ടു വന്നവരും കുറവില്ല. ഊണു കഴിഞ്ഞിട്ടു ആനന്ദഭവനം ആയുധശാല, കാഴ്ചബംഗ്ലാവ്, സർവ്വകലാശാല എന്നിവയെയും ഒന്നുരണ്ടു മാന്യന്മാരെയും കണ്ടുവന്നു് വൈകുന്നേരം കാശിക്കു പുറപ്പെട്ടു. അവിടെ രാത്രി 8 മണിക്കുചെന്നു.

---

# അദ്ധ്യായം ൧൪

## കാശി—സാരനാഥ്

ഒരു ഹിന്ദുവിൻെറ ജീവിതദശയിൽ, കാശിയാത്ര, ഗംഗാസ്നാനം, ഗയാശ്രാദ്ധം, എന്നിവയെ വലിയ പുണ്യകമ്മങ്ങളായിട്ടാകുന്നു വെച്ചിരിക്കുന്നതു്. അറിഞ്ഞിട്ടും അറിയാതെയും ചെയ്തിട്ടുള്ള പാപങ്ങളുടെ ശാന്തിക്കും പിതൃക്കളുടെ പ്രീതിക്കും ഇവ പരമപ്രയോജനമുള്ളവയാണെന്നു പൂവ്സൂരികാം ഘോഷിക്കുന്നു. കാശിയിൽ പത്തു ദിവസം താമസിക്കേണമെന്നാണ് വെയ്പ്. അവിടെ ചെയ്യേണ്ടുന്ന സൽക്കമ്മങ്ങളെ വിധിപോലെ ഭക്തിപൂവം സമ്പൂണ്ണമായി ചെയ്യുന്നതിനു ഒമ്പതു ദിവസത്തിൽ കുറഞ്ഞാൽ പോരാ. ഒരുദിവസം ഉപ്വസിക്കുകയും വേണമല്ലൊ.

പല ഘട്ടങ്ങളിലും ചെയ്യേണ്ട സങ്കല്പസ്നാനം, ശ്രാദ്ധം, ക്ഷേത്രദശനം ഇവയുടെ ക്രമത്തെയും സ്വഭാവത്തെയും കുറിച്ചു ഞാൻ വിവരിക്കേണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ടൊരു കായ്യവും ഇല്ല. തീത്ഥയാത്രക്കാരുടെ ഉപയോഗത്തിന്നായി ചില സംഗതികളെ ഇവിടെ പറയേണ്ടതായിട്ടുണ്ടു്. അവയെ പറഞ്ഞിരിക്കാം.

താമസത്തിനു ഗംഗാതീരത്തു് ഒരു സ്ഥലം ശട്ടംകെട്ടിയാൽ നന്നു്. എന്നാൽ അതിരാവിലെ സ്നാനവും ക്ഷേത്രദശനവും കഴിക്കാം. അവിടെ താമസിക്കുകയാണു സുഖവും. നേരം പുലന്നാൽ തിരക്കാവും; നിന്നു തൊഴുന്നതിനുകൂടി സൌകയ്യമുണ്ടാകയില്ല. വിശാലാക്ഷിഘട്ടത്തിൽ, തീത്ഥപുരോഹിതൻ രാമകുമാരജിയുടെ വക ഒരു സ്ഥലമാണ് എനിക്കു കിട്ടിയതു്. കാശിയിലും

ഗയയിലും വേണ്ട സകല ഏപ്പ്പാടുകളും ചെയ്യാൻ അദ്ദേഹത്തിന്റെ മകൻ കൃഷ്ണാജിയെയാണു ഞാൻ ഏല്പിച്ചതു്. അദ്ദേഹത്തിനു സംസ്കൃതം അറിയാം; കുറച്ചൊക്കെ ശാസ്ത്രവ്യുല്പത്തിയുമുണ്ടു്. ഉത്സാഹിയും പരോപകാരിയുമാണു്; കീഴിൽ ശമ്പളക്കാരുമുണ്ടു്. അവിടെ ജനസ്വാധീനമുള്ളൊരു ആളുമാണു്. പഴയ പരിചയത്തിനു പുറമെ, അദ്ദേഹത്തെ ഏല്പിക്കുവാൻ വേറെ ഒരു കാരണവുംകൂടി വേണമെങ്കിൽ പറയാം. പ്രാചീനകാലം മുതല്ക്കു് കാശിയിൽ ഗംഗാപുത്രന്മാരും പൂജനീയന്മാരാണു്.

കാശിയിൽ സൽക്കർമ്മങ്ങൾക്കായി എത്ര പണമെങ്കിലും ചിലവിടാം. ആളുമവസ്ഥയുമറിഞ്ഞു് അടുത്തുകൂടി ഓരോ കഥകളും കാരണങ്ങളും ന്യായങ്ങളുംപറഞ്ഞു ചിലവു ഇടുവിക്കുന്നതിനു് ആളുകളും ഉണ്ടു്. അതുകൊണ്ടു് ഇന്ന തുക ചിലവിടാം എന്നു മനസ്സുകൊണ്ടുറച്ചു്, അതു പ്രകാരമെല്ലാം നടപടി നടത്തുകയാണു നല്ലതു്. അല്ലെങ്കിൽ, മടിശ്ശീലയുടെ അടികാണും. ഭക്തിയോടുകൂടി ഭജിക്കുന്നതിനാലല്ലാതെ ധനം വ്യയം ചെയ്യുന്നതുകൊണ്ടു് വലിയ ഫലമൊന്നും ഉണ്ടാകയില്ലെന്നും, എങ്കിലും കാശിയിൽ വന്നിരിക്കുകകൊണ്ടു് പതിവുചടങ്ങുകളെ മാനിക്കാമെന്നും ഞാൻ കാലേകൂട്ടി കൃഷ്ണാജിയെ ധരിപ്പിച്ചു. എന്റെ മനോഗതി മനസ്സിലാക്കി വളരെ ചുരുങ്ങിയ ഒരു സംഖ്യക്കു് അദ്ദേഹം കണക്കുണ്ടാക്കി കൂടെ നിന്നു സകല കാര്യങ്ങളും നിർവ്വഹിച്ചുവന്നു.

സപ്തർഷി പൂജസമയത്തു് വിശ്വനാഥക്ഷേത്രത്തിൽ ഉണ്ടായിരിക്കേണ്ടതാണു്. ഏതു നാസ്തികന്റെ മനസ്സും ആ സമയത്തൊന്നിളകിമറിയാതിരിക്കയില്ല. അതുപോലെതന്നെ, കാശി വിശാലാക്ഷിക്കും അന്നപൂർണ്ണേശ്വരിയുടെ പാദാന്തികത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ശ്രീ

ചക്രത്തികളും സഹസ്രനാമത്തോടുകൂടിയുള്ള കുങ്കുമാപ്പ്പണസമയവും ദർശനത്തിനു അതിവിശേഷമാണ്.

ശ്രീശങ്കരാചാര്യർ അന്നപൂർണ്ണേശ്വരിയെക്കണ്ടു് വന്ദിച്ച സമയത്തെ വർണ്ണന ഇന്നും അക്ഷരംപ്രതി ശരിയായിട്ടാണു് ഇരിക്കുന്നതു്.

നാനാരത്നവിചിത്രഭൂഷണകരീ
ഹേമാംബരാഡംബരീ
മുക്താഹാരവിലംബമാനവിലസ-
ദ്വക്ഷോജകുംഭാന്തരീ
കാശ്മീരാഗുരുവാസിതാരുചികരീ
കാശീപുരാധീശ്വരീ
ഭിക്ഷാം ദേഹി കൃപാവലംബനകരീ
മാതാന്നപൂർണ്ണേശ്വരീ

അത്താഴപ്പൂജയ്ക്കുശേഷം, നട അടയ്ക്കുന്നതിനു മുമ്പിൽ ദേവിയുടെ സന്നിധാനത്തിൽനിന്നു സ്തോത്രംചെല്ലുക പതിവാണ്. പൂജ്യഗുരുപാദരുടെ ഈ സ്തോത്രമാണ് പതിവായി ചൊല്ലിവരുന്നതു്. ഇതിനായി നിയമിച്ചിട്ടുള്ളവർ നടയുടെ മുമ്പിൽ കമ്പി വളച്ചുകെട്ടിയിട്ടുള്ള തിണ്ണളളിൽ നിന്നാണ് ചൊല്ലുക: അപ്പോൾ വെളിച്ചമെല്ലാം നല്ലപോലെ തെളിയിച്ചിരിക്കും. അഷ്ടഗന്ധം, സാമ്പ്രാണി, ചന്ദനത്തിരി, കർപ്പൂരം എന്നിവയുടെ വാസനയും അവിടെയെല്ലാം ഉണ്ടായിരിക്കും. തിരക്കു അനുഭവിച്ചറിയേണ്ടതാണ്.

ഞാൻ ഒരു ദിക്കിലും ക്ഷേത്രങ്ങളിൽ കുപ്പായമിട്ടു പോകാറില്ല. കുളിച്ചു്, പട്ടുടുത്തു്, ഭസ്മം ധരിച്ചാണു് ദർശനത്തിന്നു പോകുക പതിവു്. അതിനാൽ, സസ്തുഷ്ടി പൂജസമയത്തുകൂടി ആളുകൾ നിന്നുതൊഴുവാൻ എനിക്കു അവസരം തരാറുണ്ടു്. പക്ഷെ അന്നപൂർണ്ണേശ്വരിയുടെ ക്ഷേത്രത്തിൽ, ഞാൻ ആദ്യത്തെ ദിവസം അല്പം കുഴങ്ങി.

അക്ഷരങ്ങൾ വിശദമാക്കാതെ വല്ലാത്ത ഒരു സ്വരത്തിൽ സ്തോത്രം ചൊല്ലിത്തുടങ്ങി. എനിക്കു കേട്ടുനില്ക്കുവാൻ ക്ഷമയില്ലാതെയായി.

കൈലാസാചലകന്ദരാലയകരീ
ഗൌരീഹ്യമാശങ്കരീ
കൌമാരീ നിഗമാത്ഥഗോചരകരീ
ഓംകാരബീജാക്ഷരീ
മോക്ഷദ്വാരകവാടപാടനകരീ
കാശീപുരാധീശ്വരീ
ഭിക്ഷാം ദേഹി കൃപാവലംബനകരീ
മാതാന്നപൂൎണ്ണേശ്വരീ

എന്നായപ്പോൾ, ഞാനും ഉറക്കെ ചൊല്ലിത്തുടങ്ങി. അടുത്തുള്ളവർ എന്നെ മുമ്പിൽ കൊണ്ടുപോയി ആക്കി; ചൊല്ലുന്നവർ കമ്പിയുടെ ഉള്ളിൽ ചൊല്ലുവാൻ ആവശ്യപ്പെട്ടു. എനിക്കു സന്തോഷംകൊണ്ട് കണ്ണിൽ വെള്ളം നിറഞ്ഞു. ചുറവുപാട്ടുകളുടെ ശക്തികൊണ്ട്,

അന്നപൂൎണ്ണേ സദാപൂൎണ്ണേ
ശങ്കരപ്രാണവല്ലഭേ
ജ്ഞാനവൈരാഗ്യസിദ്ധ്യത്ഥം
ഭിക്ഷാം ദേഹി ച പാൎവ്വതി.

എന്നായപ്പോഴേക്കും കണ്ണീരൊലിച്ചുതുടങ്ങി. പലരും സന്തുഷ്ടരായി എന്റെ അടുത്തുകൂടി; ഏതു ദിക്കുകാരനാണെന്നു ചോദിച്ചതിനു ആ സ്തോത്രം നിൎമ്മിച്ചാളുടെ സ്വദേശിയാണെന്നു പറഞ്ഞ സമയം, അവരുടെ സന്തോഷം വർദ്ധിച്ചു. എന്തിനു പറയുന്നു? പോരുന്നതുവരെ, ആ സമയത്ത് എനിക്കു ഭഗവതിയുടെ തിരുമുമ്പിൽ സ്ഥലം അനുവദിച്ചുകിട്ടി.

വിശ്വനാഥക്ഷേത്രത്തിനു സമീപം താമസിക്കുവാൻ നല്ലൊരു സ്ഥലം കിട്ടിയാൽ, കാശിയെ വിട്ടുപിരി

യുവാൻ ആൎക്കും മനസ്സു വരികയില്ല. ആളുകളെ ആകൎഷിക്കുവാൻ കാശിക്കു പ്രത്യേകമായൊരു ശക്തിയുണ്ട്. തന്റെ മതം പ്രചരിപ്പിക്കുവാൻ അല്ലെങ്കിൽ ബുദ്ധൻ എന്തിനാണു് അവിടെ ചെന്നതു്? ഹിന്ദുമതത്തിനൊരു ഉറച്ച പ്രതിഷ്ഠ നൽകുവാൻ ശങ്കരാചാൎയ്യർ എന്തിനു കാശിക്കുപോയി? ഹിന്ദു-മുസ്ലിം മൈത്രിയെ കൊണ്ടാടിയിരുന്ന കബീർ തന്റെ വാസസ്ഥലംതന്നെ കാശിയിലാണല്ലൊ ആക്കിയതു്. വല്ലഭാചാൎയ്യർ, ചൈതന്യൻ, രാമാനന്ദൻ, തുളസിദാസ്, ഇവരെയെല്ലാം കാശി വശീകരിച്ചിട്ടുണ്ട്. ഒടുവിൽ പറഞ്ഞ മഹാൻ അദ്ദേഹത്തിന്റെ രാമായണം എഴുതിയതു് കാശിയിൽ തുളസീഘട്ടത്തിനു സമീപത്തൊരു ചെറിയ സ്ഥലത്തുവെച്ചായിരുന്നു. അതാണു് ആ ഘട്ടത്തിനു് ആ പേർ കിട്ടുവാനുള്ള കാരണം. ഗംഗയുടെ ജലത്തിനു ഘോരങ്ങളായ സാംക്രമികരോഗങ്ങളുടെ ബീജങ്ങളെ നിഷ്പ്രയാസം നശിപ്പിക്കുവാൻ ശക്തിയുണ്ടെന്നുള്ള സംഗതി ശാസ്ത്രജ്ഞന്മാർ ഇന്നു സംശയംകൂടാതെ സമ്മതിക്കുന്നതാണല്ലൊ. ഇതെല്ലാം ഓൎക്കുന്ന സമയം, കിഞ്ചിജ്ഞനായ ഞാൻ കാശിയെ വിടുവാൻ മടിച്ചതിലെന്തൊരത്ഭുതമാണുള്ളതു്!

മതപരമായ അതിന്റെ മാഹാത്മ്യം നിമിത്തം കാശി ഒരു കച്ചവടകേന്ദ്രമെന്നും ഒരു പ്രാചീനവിദ്യാപീഠമെന്നും ഉള്ള വസ്തുത മനുഷ്യർ മറക്കുന്നു. കാശിയിൽ കിട്ടാത്ത സാധനങ്ങളുണ്ടോ? ഇല്ലെന്നു പറയാം. എന്നാൽ, കാശിയിൽ കിട്ടുന്ന ചില സാധനങ്ങൾ മററു ദിക്കുകളിൽ കിട്ടിയില്ലെന്നുവരാം. അവിടെ ഉണ്ടാക്കി വില്ക്കുന്ന ചില പട്ടുകളും പാത്രങ്ങളും എത്ര മനോമോഹനങ്ങളായിട്ടുള്ളവയാണു്! അതുപോലെ ഏതു ശാസ്ത്രത്തിലും ഉപരിപാഠങ്ങൾ അഭ്യസിക്കുന്നതിനു അവിടെ സൌകൎയ്യങ്ങൾ ഉണ്ടു്. അതിനായി അനവധി വിദ്യാ

ൎത്ഥികൾ അവിടെവന്നു താമസിക്കുന്നതുമുണ്ടു്. ജ്ഞാനയജ്ഞത്തിൽ വിശ്വാസമുള്ള രാജാക്കന്മാരും പ്രഭുക്കന്മാരും ഈവതരം വിദ്യാഭ്യാസത്തിനായി വിപുലമായ സ്വത്തു നിക്ഷേപിച്ചിട്ടുണ്ടു്. ഇതിൻെറ ആദായംകൊണ്ടാകുന്നു പണ്ഡിതന്മാരുടേയും വിദ്യാൎത്ഥികളുടേയും ചിലവു കഴിച്ചുവരുന്നതു്. വ്യാകരണവും തത്വശാസ്ത്രവും പഠിക്കുവാനാണു് അധികം പേരും വരുന്നതു്. തത്വശാസ്ത്രത്തിൽ തന്നെ അദ്വൈതസിദ്ധാന്തത്തിനാണു് കൂടുതൽ പ്രചാരമുള്ളതു്. സംസ്കൃതം പഠിക്കുന്നതിനായി അനേകം പാഠശാലകളുള്ളതിന്നു പുറമെ, ഒരു മഹാപാഠശാലയെ ഗവൎമ്മെൻറും സ്ഥാപിച്ചിട്ടുണ്ടു്.

കൽക്കത്തയെ പ്രാസാദപുരം എന്നും ലക്നോവിവിനെ ഉദ്യാനപുരം എന്നും പറയുന്നപോലെ, കാശിയെ ക്ഷേത്രപുരം എന്നു പറയാം. അവിടെ അത്യധികം ദേവാലയങ്ങളുണ്ടു്. ചിദംബരത്തു ദീക്ഷിതന്മാർ, തിരിച്ചന്നൂരു് മുക്കാണിമാർ, പഴനിയിൽ പണ്ടാരന്മാർ, രാമേശ്വരത്തു ശാസ്ത്രിമാർ, ഗയയിൽ ഗയാവാളികൾ ഏതുവിധമോ, അതുമാതിരി കാശിയിൽ ഗംഗാപുത്രന്മാർ പൂജനീയന്മാരാണു്. അവരാണു് അവിടെ പല ക്ഷേത്രങ്ങളിലും പ്രമാണികളായി കൂടീട്ടുള്ളതു്. മിക്ക പ്രധാന ക്ഷേത്രങ്ങളും ഗംഗയുടെ അടുത്താണു് കിടക്കുന്നതു്; അതും അസിയും വരുണയും ഗംഗയിൽ ചേരുന്ന ഘട്ടങ്ങളുടെ നടുക്കുള്ള വാരാണസി എന്ന ഏററവും പുണ്യപ്രദേശത്തുമാകുന്നു.

ഭാഗീരഥി വാരാണസിയെ തൊട്ടു കിഴക്കുഭാഗത്തു് വില്ലുപോലെ അകത്തേക്കു വളഞ്ഞാണു് ഒഴുകുന്നതു്. അതുകാരണം, വാരാണസി ഒരു രംഗഭൂമിപോലെ കിടക്കുന്നു. കൂലപ്രദേശം ശിലാമയമായൊരു പൊക്കസ്ഥലമാകുന്നു. അതിനു ഉദ്ദേശം നാലുനാഴിക നീളമുണ്ടു്.

കാശിയിലെ പ്രധാനപ്പെട്ട ഘട്ടങ്ങളെല്ലാം ഇതിനുള്ളിൽപ്പെട്ടും. ഇവ ഭഗവത്ഭക്തനായ അക്രൂരനാൽ കെട്ടപ്പെട്ടവയാണെന്നാണു് ഐതിഹ്യം. പക്ഷെ, കാലഗണനകൊണ്ടു നോക്കുന്ന സമയം, ഇതിലൊരു പ്രമാദം കാണുന്നു; എന്തെന്നാൽ, അദ്ദേഹത്തിൻെറ കാലത്തിനുശേഷമുള്ളവരുടെയും പേരുകൾ ഈ ഘട്ടങ്ങളുടെ പേരുകളോടു കൂട്ടിച്ചേൎത്തുകാണുന്നുണ്ടു്. ഇവയിൽ പ്രധാനപ്പെട്ട ചില ഘട്ടങ്ങളുടെ പേരുകൾ ഇവിടെ കാണിക്കാം. അസിഘട്ടം, തുളസിഘട്ടം, ലോകാൎക്കവിനായകഘട്ടം, ഹനുമന്തേശ്വരഘട്ടം, ചിന്താമണിഘട്ടം, ഖേദാശേശ്വരഘട്ടം, രുഗ്മാംഗദേശ്വരഘട്ടം, നാരദേശ്വരഘട്ടം, സരസ്വതീവിനായകഘട്ടം, ദശാശ്വമേധഘട്ടം, അന്നപൂൎണ്ണേശ്വരിഘട്ടം, വിശ്വനാഥദേവഘട്ടം, ലളിതാദേവിഘട്ടം, മണികൎണ്ണികാഘട്ടം, പഞ്ചഗംഗാഘട്ടം, വേണീമാധവഘട്ടം, വരുണസംഗമേശ്വരഘട്ടം. അസി ഗംഗയിൽ ചേരുന്ന സ്ഥലം വളരെ പാവനമായിട്ടുള്ള ഒന്നാണു്. ഭഗവതിയുടെ വാൾ (അസി) ഒരിക്കൽ താഴെ വീണു. അതു കുത്തിവീണ ദിക്കിൽനിന്നു ജലം പ്രവഹിച്ചു. അതാണു് അസിയായി തീൎന്നതു്. വല്ലഭാചാൎയ്യരുടെ സമാധിസ്ഥലം ഢണ്ഡിഘട്ടത്തിലാണു്. എവിടെവെച്ചോ ബ്രഹ്മാവു് പത്തു യാഗം കഴിച്ചു, അവിടമാണു് ദശാശ്വമേധഘട്ടം. പതിവായി അവിടെ എപ്പോഴും തിക്കും തിരക്കും ഉണ്ടായിരിക്കും. അവിടെ സ്നാനംചെയ്തു സൽക്കൎമ്മങ്ങൾ ചെയ്യുന്നതു് ഏററവും വിശേഷമായിട്ടാണു് ലോകം കരുതിവരുന്നതു്. ശവസംസ്കാരം ചെയ്യുന്നതു് മണികൎണ്ണികയിലാകുന്നു. ഹരിശ്ചന്ദ്രചരിതം ഇതിനോടു് ഘടിപ്പിച്ചിരിക്കുന്നതു്. ആ ഘട്ടത്തിന്നടുത്തു് ആ മഹാനെ പ്രതിഷ്ഠിച്ചിട്ടുള്ളൊരു കോവിലുമുണ്ടു്. ഘട്ടങ്ങളൊക്കെ സ്നാനഘട്ടങ്ങളുമാണെന്നു ഞാൻ കാലേ പറയേണ്ടതായിരുന്നു.

കാശിയുടെ ഭംഗിയും മഹിമയും കാണേണമെങ്കിൽ, സന്ധ്യാസമയത്തു്; ഒരു നല്ല ബോട്ടിൽ കയറി, അസിഘട്ടത്തുനിന്നു വടക്കോട്ടു വരുണസംഗമേശ്വരഘട്ടംവരെ പതുക്കെ വലിപ്പിച്ചു പോകണം. ഗംഗാനദി പ്രശാന്തഗാംഭീര്യത്തോടുകൂടി ഒഴുകിക്കൊണ്ടിരിക്കും. അസ്തമനതപനന്റെ പ്രകാശം ദൂരെ പിന്നിലും ദീപാവലിയുടെ ശോഭ അടുത്തു മുമ്പിലും കാണാം. ഇതിനിടയ്ക്കു അനവധി ക്ഷേത്രങ്ങളും അവയുടെ കനകമയമായ താഴികക്കുടങ്ങളും, കോട്ടകളും, കൊട്ടാരങ്ങളും, മണിമേടകളും, പ്രാസാദശിഖരങ്ങളും, കൊടിമരങ്ങളും തിക്കിത്തിരക്കിക്കിടക്കുന്നതു് കാണാം. ഇവയുടെ ഇടകളിൽ ആതുരശാലകൾ, ആശ്രമങ്ങൾ, ആസ്പത്രികൾ, അങ്ങാടികൾ, വായനശാലകൾ, വിദ്യാമന്ദിരങ്ങൾ എന്നിവയും സുലഭമായി കാണാം. രാമകൃഷ്ണാശ്രമവും, അതു നടത്തി വരുന്ന ആസ്പത്രിയും ചെന്നു കാണേണ്ടതാണ്. അവിടത്തെ സന്ന്യാസിമാരുടെ ദീനാനുകമ്പ അപ്പോൾ പ്രത്യക്ഷമായി കാണാം. അഗതികളേയും രോഗികളേയും കണ്ടുപിടിച്ചു അവിടത്തെ കൊണ്ടുവന്നു വേണ്ട സഹായം ചെയ്തുകൊടുക്കുകയാണ് ചില സന്ന്യാസിമാരുടെ പതിവായ തൊഴില്.

1934-ൽ 1707 പേരെ ആസ്പത്രിയിൽ കിടത്തി ചികിത്സിച്ചിട്ടുണ്ടു്; 52,510 രോഗികളെ പുറമേയും ചികിത്സിച്ചിട്ടുണ്ട്. ഉദാരമതികളുടെ സംഭാവനകൾ കൊണ്ടു് ആണ്ടിൽ 17,765 രൂപ ആദായം കിട്ടുന്ന 5,39,815 രൂപയുടെ മൂലധനം സന്ന്യാസിമാർ ഉണ്ടാക്കീട്ടുണ്ടു്. 1934 ൽ രോഗികളുടേയും അഗതികളുടേയും ശുശ്രൂഷയ്ക്കു് അവർക്കു 82,708 രൂപ ചെലവായിട്ടുണ്ട്. ആദായത്തിനു പുറമെ വേണ്ടതു് അവർ ഇരന്നുണ്ടാക്കും. അവരുടെ മഹനീയമായ ലോകസേവനനത്തിന്റെ മാഹാത്മ്യം കണ്ടറിയേണ്ടതാണ്.

തിലഭാണ്ഡേശ്വരം എന്നൊരു ക്ഷേത്രമുണ്ട്. ആ യതു് മലയാളികളായ സന്ന്യാസിമാരുടെ സങ്കേതസ്ഥാനമാകുന്നു. മലയാളികളുടെ വൃത്തിയും വെടിപ്പും അവിടെ നല്ലപോലെ കാണാം. കേരളത്തിൽനിന്നു ചെല്ലുന്നവക്കു താമസിക്കുവാൻ കെട്ടിടങ്ങൾ ഉണ്ടാക്കുവാനായി ക്ഷേത്രത്തിനു തൊട്ടതായൊരു പറമ്പുവാങ്ങി ഇട്ടിട്ടുണ്ട്. അതിനായിട്ടുള്ള ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചതു് നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടാകുന്നു. പണമില്ലാഞ്ഞിട്ടു കെട്ടിടം ഞാൻ കണ്ട സമയം സന്ന്യാസിമാർ പണിയിച്ചു തുടങ്ങീട്ടിയില്ലായിരുന്നു.

ലോകവിഖ്യാതയായ ആനിബെസൻറ മതാമ്മ കാശിയിൽ ഒരു മഹാപാഠശാല തുടങ്ങി പ്രശസ്തമായ നിലയിൽ നടത്തിവന്നു. അതാണ് ഇന്നു കാശിയിലെ ഹിന്ദുസർവ്വകലാശാലയായി വളൎന്നു വന്നിട്ടുള്ളതു്. ഈ വളർച്ചയ്ക്കു കാരണം പണ്ഡിതമദനമോഹനമാളവിയയാണ്. സകല സുഖങ്ങളേയും ത്യജിച്ചു് ഈ സർവ്വകലാശാലയുടെ അഭിവൃദ്ധിക്കുവേണ്ടി അഹോരാത്രം അശ്രാന്തമായി പരിശ്രമിച്ചിട്ടുള്ള ഈ ദേശാഭിമാനി ആൎയ്യാവൎത്തനിവാസികളുടെ ഒരു ആരാധ്യപുരുഷനാണ്; സംശയമില്ല. ചുരുക്കത്തിൽ രണ്ടായിരം കുട്ടികൾക്ക് അവിടെ താമസിച്ചു പഠിക്കാനുള്ള സൌകൎയ്യമുണ്ട്. കാശിപുരിയിൽനിന്നു നാലുനാഴിക വടക്കു തിരക്കില്ലാത്ത ഒരു സ്ഥലത്താണ് വിദ്യാമന്ദിരങ്ങളും മററു കെട്ടിടങ്ങളും കിടക്കുന്നതു്. ഒരു വൃത്താർദ്ധത്തിന്റെ ആകൃതിയാണ് സ്ഥലം; വ്യാസത്തിന്മേൽ തൊട്ടാണ് വിദ്യാമന്ദിരങ്ങൾ പണിചെയ്തിട്ടുള്ളതു്. അതിനു തൊട്ടു പിന്നിൽ വിദ്യാർത്ഥികൾക്കുള്ള കെട്ടിടങ്ങളും ഭോജനശാലകളും കിടക്കുന്നു. പിന്നെ ആസ്പത്രി, തോട്ടം, കളിസ്ഥലം എന്നിവയുണ്ട്. അദ്ധ്യാപകന്മാൎക്കുള്ള വാസഗൃഹങ്ങൾ പരിധി തൊട്ടും

കിടക്കുന്നു. എല്ലാംകൂടി നോക്കിയാൽ നാലു ചതുരശ്ര നാഴിക വിസ്താരമുണ്ടാകും. അവിടെ പ്രധാനപ്പെട്ട വിഷയങ്ങളിൽ ഉപരിപാഠങ്ങൾ അതിനിപുണന്മാർ കൊടുത്തുവരുന്നുണ്ട്. പല ഭാഷകളെയും അവിടെ പഠിപ്പിക്കുന്നു. പുസ്തകശാല നടന്നു നോക്കിയ സമയം, മലയാളഭാഷയിലുള്ള ബുക്കുകൾ ഒന്നും കണ്ടില്ല. ഈ ന്യൂനതയെക്കുറിച്ചു ഞാൻ മഹാനായ പണ്ഡിതരെ അറിയിച്ചു. പണമില്ലായ്മയുണ്ട്; ഈ അതിക്രമം അദ്ദേഹം അറിയുകയുമുണ്ടായില്ല എന്നു പറഞ്ഞു. ഈ ഭാഷാവിഭാഗം ആരംഭിക്കുവാൻ കുറെ ബുക്കുകൾ ഞാൻ സംഭാവന ചെയ്താൽ നന്നെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതനുസരിച്ചയച്ച ബുക്കുകൾ അവിടെ കിട്ടിയതോടുകൂടി മേലിൽ ബുക്കുകൾ വരുത്തുവാൻ കൊല്ലംതോറും ഒരു സംഖ്യ സർവ്വകലാശാല കൊടുക്കുന്നതാണെന്നു എന്നെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപോലെ, ബറോഡയിൽ വെച്ച്, അവിടത്തെ പൌരസ്ത്യഗ്രന്ഥാലയത്തിലെ വിലപിടിച്ച പ്രസിദ്ധീകരണങ്ങളെ എന്റെ അപേക്ഷപ്രകാരം നമ്മുടെ ഗവൺമെന്റു ഗവേഷണശാലയിലേക്കു അയപ്പിക്കുവാനും മേലിലും അയയ്ക്കുവാനും ഉള്ള ഒരു ഉത്തരവു സമ്പാദിക്കുവാനും എനിക്കു ഭാഗ്യമുണ്ടായി.

കാശിയിൽനിന്നു മൂന്നര നാഴിക വടക്ക് സാരനാഥ് എന്നൊരു ദിക്കുണ്ട്. സാരംഗനാഥ് എന്നതിന്റെ സംക്ഷേപമാണ് സാരനാഥ് എന്നതു്. ആ പ്രദേശത്തിനെ മൃഗദാവ എന്നും പറയും. അവിടെ ബുദ്ധൻ വളരെക്കാലം താമസിച്ചിട്ടുണ്ട്. അതിനുമുമ്പ് അതൊരു തപോവനമായിരുന്നു; അവിടെ അനവധി മൃഗങ്ങളുമുണ്ടായിരുന്നു. ഒരിക്കൽ, കാശിരാജാവു ഗർഭമുള്ള ഒരു മാൻപേടയെ കൊല്ലുവാൻ ഒരുങ്ങിയ സമയം,

അതിന്റെ സങ്കടത്തെ കാണ്മാൻ സംഗതിയായ ബുദ്ധദേവൻ അതിനു പകരം തന്നെ കൊന്നാൽ കൊള്ളാമെന്നു് രാജാവിനോടപേക്ഷിച്ചതിനാൽ, അന്നുമുതൽ അവിടെ നായാട്ടു നടത്തുകയില്ലെന്നു നരപതി വാഗ്ദാനം ചെയ്തു.

സാരനാഥത്തെ, ബുദ്ധമതക്കാർ ബുദ്ധഗയ, കപിലവസ്തു, കുശിനഗരം എന്നിവയെപ്പോലെ ഒരു പുണ്യക്ഷേത്രമായിട്ടാണു് ഇന്നും ആചരിച്ചുവരുന്നതു്. ബുദ്ധദേവന്റെ താമസക്കാലത്തെ അനുസ്മരിപ്പിക്കുന്ന വിഹാരങ്ങൾ, സ്തൂപങ്ങൾ, പലതരം കെട്ടിടങ്ങൾ, സംഘാരാമങ്ങൾ എന്നിവയുടെ അവശിഷ്ടങ്ങൾ അവിടെയുണ്ടു്. ഇവയെല്ലാം ഇൻഡ്യാഗവൎമ്മേണ്ടിൽനിന്നു വളരെ സൂക്ഷിച്ചു രക്ഷിച്ചുവരുന്നു. സാരനാഥത്തിൻെറ പല ഭാഗങ്ങളിൽനിന്നും കിട്ടീട്ടുള്ള ബുദ്ധവിഗ്രഹങ്ങളെയും മററും പലതരം പ്രതിമകളെയും പ്രത്യേകം ഒരു കാഴ്ചബങ്ക്ളാവിൽ വൃത്തിയായി വെച്ചിട്ടുണ്ടു്. വൎത്തുളാകൃതിയിൽ 150 അടി പൊക്കവും 100 അടി വ്യാസവുമായി ധൎമ്മമുഖസ്തൂപമെന്നൊരു തൂണുണ്ടു്. അതിന്മേൽ പല രൂപങ്ങളും, നീതി മത-പരങ്ങളായ ചില ശാസനങ്ങളും കൊത്തീട്ടുണ്ടു്. ഇപ്പോൾ കമനീയാകൃതിയിൽ ഒരു വിഹാരം പണിയിച്ചിട്ടുണ്ടു്. ഞാൻ ചെന്നസമയം, ജപ്പാൻ ദേശക്കാരനായ രണ്ടു ചിത്രമെഴുത്തുകാർ അതിൻെറ ചുമരിന്മേലും മച്ചിന്മേലും ബുദ്ധൻെറ ജീവചരിത്രത്തിലെ പല പ്രധാന സംഗതികളെയും എണ്ണച്ചായത്തിൽ വരച്ചിരുന്നു. ഈ പുതിയ വിഹാരത്തിനധികം അകലെയല്ലാതെ ഒരു പഴയ ശിവക്ഷേത്രം ഉണ്ടു്. അതും കാണേണ്ടതാണു്.

---

# അദ്ധ്യായം ൧൫

ഗയ.

കാശിയിൽനിന്ന പോയതു് ഗയയ്ക്കാണു്. അതു തീരെ ശുചിയില്ലാത്ത പ്രദേശമാണെന്നും അവിടെ താമസിക്കുവാൻ സൌകൎയ്യമുള്ള വീടുകളൊന്നുമില്ലെന്നും, ഗയാവാളികൾ കയ്യിലുള്ളതെല്ലാം തട്ടിപ്പറപ്പിക്കുമെന്നും മററും ഞാൻ പറഞ്ഞുകേട്ടു. ഞാൻ ഗയയ്ക്കു പുറപ്പെട്ടതിൻെറ തലേനാൾ അവിടെ പോയിവന്ന ചിലരെ കാണുവാൻ സംഗതിവന്നു. അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു സാധുസ്ത്രീയുടെ കയ്യിലുണ്ടായിരുന്ന അമ്പതു രൂപയും വാങ്ങീട്ടു് അനുഗ്രഹിക്കുന്നതിനുപകരം ഒരു ഗയാവാളി അവരെ ശകാരിച്ചുവിട്ടു എന്നും, പിന്നീടു ആ സ്ത്രീക്കു കടംവാങ്ങിക്കൊടുത്തു ആശീൎവ്വചനം വാങ്ങേണ്ടിവന്നു എന്നും അവരിലൊരാൾ പറഞ്ഞുകേട്ടു. ഈ കാരണങ്ങൾകൊണ്ടു ഞാൻ കൃഷ്ണാജിയുമായി ഇങ്ങനെ ശട്ടംകെട്ടി: "ഞാൻ തീവണ്ടിയാപ്പീസിലാണു് താമസിക്കുക. ക്രിയാദികളെല്ലാം കഴിഞ്ഞു് പത്തുമണിക്കുമുമ്പെ എനിക്കു താമസസ്ഥലത്തു തിരിച്ചെത്തണം. സകല കൎമ്മങ്ങളും ദക്ഷിണയും ഞാൻ കൊടുത്തിരുന്ന സംഖ്യകൊണ്ടു കഴിച്ചുകൊള്ളണം." കൃഷ്ണാജി ഏററുപറഞ്ഞു. തത്സമയം ഒരാളെ ഗയയ്ക്കയച്ചു. ഞാൻ പിറേറദിവസം ഗയയിൽ രാവിലെ 6 മണിക്കെത്തി. നദിയിൽ വെള്ളമില്ലായിരുന്നു. ഒരു കുളം കുഴിച്ചിരുന്നു; അതിലാണു് സ്നാനംചെയ്യേണ്ടതു്. അതിൽ കുളിച്ചാൽത്തന്നെ സകല പാപങ്ങളും പോകും! അതു ചീഞ്ഞയായിരുന്നു അതിലെ ജലം. ഒരു ദിവസം എത്രപേരാണു് അതിൽ കുളിക്കുന്ന

ളൂ്! ഒടുവിൽ വിഷ്ണുപാദത്തിങ്കലെത്തി ശ്രാദ്ധങ്ങളും കഴി ച്ചു. ഒടുവിലത്തെ പിണ്ഡം വെച്ചു കഴിഞ്ഞതോടുകൂടി, ഗയാവാളി വന്നു. ഞാനവിടെ ചെല്ലുന്നസമയം, ആ ആൾ ഉറക്കം കഴിഞ്ഞു എഴുന്നേററിട്ടു മുഖവും കൂടികഴു കാതെ ഒരിടത്തു ഇരിക്കുകയായിരുന്നു. എന്റെ സമീപ ത്തുവന്നപ്പോൾ, നെററിയിൽ ചന്ദനക്കുറിയിട്ടിട്ടുണ്ടു്. മുട്ടുവരെ എത്തുന്ന ഒരു വെള്ളക്കുപ്പായവും ഇട്ടിരുന്നു അ ടുത്തുവന്നു വിഷ്ണുപാദത്തിങ്കൽ വെച്ചു ചെയ്യുന്ന ശ്രാദ്ധ ത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു കീൎത്തിക്കുവാൻ തുട ങ്ങി. ഹിന്ദി, സംസ്കൃതം, ഇംഗ്ലീഷ്, ചില അടയാളപദ ങ്ങൾ എല്ലാം കൂട്ടിയൊരു മിശ്രഭാഷയിലായിരുന്നു പ്രസം ഗം. "അതൊക്കെ എനിക്കറിയാം. കാൎയ്യം നടക്കട്ടെ നേരം വൈകുന്നു" എന്നു ഞാൻ പച്ചമലയാളത്തിൽ പറഞ്ഞു. എന്റെ കൂടെയുണ്ടായിരുന്ന കൃഷ്ണാജിയുടെ ആൾ ഞാൻ പറഞ്ഞതു ഗയാവാളിയെ ധരിപ്പിച്ചു. സാ ധാരണ ഒരുമണിക്കുശേഷമാണു് ശ്രാദ്ധം ഊട്ടാറു്. അ പ്പോൾ ഒമ്പതു മണിയേ ആയിട്ടുള്ളു എന്നുംപറഞ്ഞു; ദക്ഷിണയിന്മേലേക്കുള്ള പ്രസംഗം തുടങ്ങി. ഞാൻ കൂടെ വന്നാളുടെ മുഖത്തു അല്പം കോപഭാവത്തോടെ ഒന്നു നോക്കി; "അയാൾ പറയുന്നതൊന്നും വകവെക്കേണ്ട, ഒരു രൂപ എടുത്തു് കൊടുത്തിരിക്കും" എന്നു് ആ ആൾ പറഞ്ഞു: എന്തോ ഗയാവാളിയോടും അല്പം സ്വരമൊ ന്നു മൂപ്പിച്ചു പറഞ്ഞു. ഉടനെ ഗയാവാളി രൂപയും വാ ങ്ങി, "സന്തോഷമായി, പിതൃക്കൾക്കും പ്രീതിയായി." എന്നു പറഞ്ഞു എന്നെ അനുഗ്രഹിച്ചു. ഞാൻ പത്തുമ ണിക്കുമുമ്പു് ആഫീസിലും തിരിച്ചെത്തി.

ഈ ഗയാവാളികൾ, പണ്ടു ഗയയ്ക്കു പുറത്തുപോ യാൽ, മററു ബ്രാഹ്മണരായി കൂടികഴിഞ്ഞിരുന്നില്ല. ഇ ന്നും അങ്ങനെ തന്നെയെന്നു കേൾക്കുന്നു. ഐതരേയ

ബ്രാഹ്മണത്തിൽ ശുനശ്ശേഫന്റെ കഥയുണ്ടല്ലോ. ഈ ഗയാവാളികളുടെ പൂർവ്വന്മാർ അതിൽ വിശ്വാമിത്രമഹർഷിയാൽ ശപിക്കപ്പെട്ടവരാണത്രെ. അതാണവർ ഒരു നൈചശാഖയായി തീർന്നതു്. ഗയാ മാഹാത്മ്യത്തിൽ, ബ്രഹ്മാവിനു യാഗങ്ങളിൽ സഹായിച്ചതായി കാണുന്ന മാഗബ്രാഹ്മണരും ഇവർ തന്നെയാണ്. ശ്രൌതസൂത്രത്തിൽ, ബ്രഹ്മബന്ധുക്കളായ ബ്രാഹ്മണരെ മഗധരാജ്യക്കാരായി പറഞ്ഞിരിക്കുന്നു. മഗന്ദ, മഗധ എന്ന പദങ്ങൾ പര്യായങ്ങളാണ്. വേദത്തിലെ കീകടപ്രദേശം തന്നെയാകുന്നു മഗധരാജ്യം. ഗയ ഇതിന്റെ ഒരു ഭാഗവുമാകുന്നു. മാഗന്മാർ സൂര്യോപാസകന്മാരായിരുന്നു. ഋഗ്വേദത്തിൽ, വിഷ്ണു, സൂര്യഭഗവാൻ, സവിതൃ ആണല്ലോ. അങ്ങനെയായിരിക്കണം ഗയയും വിഷ്ണുപദവുമായി ചേർച്ചയുണ്ടായതു്.

ഗയ പുണ്യഭൂമിയാണ്. വിഷ്ണുപദം ഗയയിൽവെച്ച് ഏററവും ശ്രേഷ്ഠമായിട്ടുള്ള സ്ഥലമാകുന്നു. കൃഷ്ണാർജ്ജുനന്മാർ ശിവനെ കാണുവാൻ പോകുന്ന അവസരത്തിൽ, മന്ദരപർവ്വതത്തിൽ ഉദയഗിരി എന്നൊരു സ്ഥലത്തു ചെന്നതായിട്ടു ഉദ്യോഗപർവ്വത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ ഉദയഗിരിയിന്മേൽ വിഷ്ണുപദമുണ്ടായിരുന്നു. അഗസ്ത്യമഹർഷി ഉദ്യന്തകശൃംഗത്തെ അവിടെനിന്നായിരിക്കുമോ ഗയയ്ക്കു കൊണ്ടുവന്നതു്?

ഗയമുതൽ മഹേന്ദ്രഗിരിവരെ ഒരു കുലപർവ്വതമുള്ളതായിട്ടു ഭാരതത്തിൽ പറഞ്ഞുകാണുന്നുണ്ട്. അതിനെ ഗീതനാദിതം എന്നു വർണ്ണിച്ചിരിക്കുന്നു. അതിലെ കലകലശബ്ദംകൊണ്ടു അതിന്നു കോലാഹലം എന്നും ഒരു പേരുണ്ടത്രെ. വായുപുരാണത്തിൽ അന്തർഗ്ഗതമായ ഗയാമാഹാത്മ്യത്തിൽ ഗയാസുരവധം ഇവിടെവച്ചാണ് നടന്നതെന്നു പറയുന്നു. ശിരോഗയാ, നാഭിഗയാ, പാദഗയാ

എന്നിങ്ങനെ മൂന്നു സ്ഥലങ്ങളുമുണ്ടു്. വിഷ്ണുപാദത്തിങ്കൽ വെച്ച ശ്രാദ്ധം ഊട്ടിയാൽ ഇരുപത്തൊന്നു തലമുറ പിതൃക്കൾക്കു മോക്ഷം കിട്ടുമെന്നും വായുപുരാണത്തിൽ കാണുന്നു.

പ്രഭാതത്തിൽ സൂൎയ്യൻ ഉദയഗിരിയിൽനിന്നു പുറപ്പെട്ടു. വൈകുന്നേരം അസ്തഗിരിയിൽ വിശ്രമിയ്ക്കും. ഇടയ്ക്കു അർദ്ധനിമിഷം കാലൂന്നിയ സ്ഥലമാണു് വിഷ്ണുപദം എന്നു അനുശാസനപൎവ്വത്തിൽ പറഞ്ഞിരിക്കുന്നു. അസ്തംഗിരി നിഷധപൎവ്വതത്തിലാണെന്നും അവിടെ ഒരു വിഷ്ണുക്ഷേത്രവും വിഷ്ണുപദമെന്നൊരു സരസ്സും ഉണ്ടെന്നും വായുപുരാണത്തിൽ കാണുന്നു. സരസ്വതീനദിയുടെ ഉത്ഭവം ഈ സരസ്സിൽനിന്നാണത്രെ.

വലിയൊരു വിഹാരവും ശ്രുതിപ്പെട്ടൊരു സൎവ്വകലാശാലയും ഉണ്ടായിരുന്ന ഉദ്ദാന്തപുരി കീകടമെന്ന ദക്ഷിണമഗധയിലായിരുന്നു എന്നു നവീനന്മാരായ ഗവേഷണശാസ്ത്രപടുക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

---

## അദ്ധ്യായം ൧൩.

---

കൽക്കട്ട, ബോസ് ഇൻസ്റ്റിട്യൂട്ട്, രാമകൃഷ്ണാശ്രമം, സരോജനളിനിസഭ, വ്രതചാരിസ്ഥാപനം.

തിരിച്ചുവരാനുള്ള തിടുക്കംകൊണ്ടു ഗയയിൽനിന്നു കൽക്കട്ടയിലേക്കാണു് പോയതു്. ആ നഗരത്തെ വൎണ്ണിക്കേണമെന്നു ഞാൻ വിചാരിക്കുന്നില്ല. അവിടത്തെ സൎവ്വകലാശാല, വിക്ടോറിയാമ്യൂസിയം, തോട്ടങ്ങൾ, കച്ചവടസ്ഥലങ്ങൾ എന്നിവയെ പോയിക്കണ്ടു; കാളിഘട്ടത്തിൽ പോയി ദേവിയെ ദർശിക്കുകയും ചെയ്തു. വംഗിയ

സാഹിത്യപരിഷത്തുവക ഗ്രന്ഥശാല കാണേണ്ടതാണു്. അതൊരു അസുലഭമായ ഗ്രന്ഥശേഖരത്തെ സംരക്ഷിച്ചു വരുന്ന സ്ഥലമാണു്. ബങ്കാളികളുടെ ഭാഷാഭിമാനം ഒന്നു വേറെത്തന്നെയാണു്. മലയാളികൾ അതു കണ്ടു പഠിക്കേണ്ടതാണു്. വലിയ ഉദ്യോഗസ്ഥന്മാർ, ദ്വിഭാഷികൾ, ബിലാത്തിയിൽപ്പോയി വന്നിട്ടുള്ളവരായാൽക്കൂടി, അധികവും അവരുടെ ഭാഷയെ അവർ ഉപയോഗിക്കു. ഇംഗ്ലീഷും ബങ്കാളിയും കലർത്തി വെങ്കലഭാഷ അവർ തീരെ വജ്ജിച്ചാണു് ഇരിക്കുന്നതു്. ബങ്കാളി ഭാഷയെപ്പോലെ അത്ര അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള മറെറാരു നാട്ടുഭാഷയുമില്ല.

വിശ്വവിശ്രുതനായിരുന്ന ജഗദീശചന്ദ്ര (ഭൂഷൻ) ബോസിൻെറ സയൻസ് ഇൻസ്റ്റിട്യൂട്ടു് കാണുവാൻ എനിക്കു ഭാഗ്യമുണ്ടായി. "ബോസിനു സുഖമില്ല. എങ്കിലും നിങ്ങളുടെ സ്നേഹിതനെ വേണ്ടതെല്ലാം കാട്ടിക്കൊടുപ്പാൻ ആളെ നിയമിച്ചിട്ടുണ്ടു്. രണ്ടരമണിക്കു വന്നോളു" എന്നു് ലേഡി ബോസ് എൻെറ ആതിത്ഥ്യകൃത്തിനോടു ഫോണിൽ വിളിച്ചു പറഞ്ഞു. ഞങ്ങൾ കൃത്യസമയത്തിനു അവിടെ എത്തി. ലേഡി ബോസ് ഞങ്ങളെ സൽക്കരിച്ചു് ഇരുത്തി, വത്തമാനം തുടങ്ങി. അല്പനേരം കഴിഞ്ഞപ്പോൾ, സർ ബോസ് മുകളിൽനിന്നു ഇറങ്ങി വന്നു. അദ്ദേഹത്തിനു രണ്ടു മുട്ടുകളിന്മേലും ഒരുതരം രക്തവാതം (ഗൌട്ടു്) കൊണ്ടു വേദന തുടങ്ങീട്ടു് കുറെ നാളായി കിടപ്പിലായിരുന്നു. വൈകുന്നേരം കാററുകൊള്ളുന്നതിനു സാവാരിചെയ്യാൻ മാത്രമേ താഴെ ഇറങ്ങി വന്നിരുന്നുള്ളു. "ഒരു നായർ, ഒരു കൊച്ചിക്കാരൻ, എന്നെല്ലാം കേട്ടപ്പോൾ കണ്ടേ കഴിയൂ എന്നു തീച്ച്യാക്കി വന്നതാണു്." എന്നു പറഞ്ഞു.

"നമ്മൾ തമ്മിൽ കാണേണ്ടതിന്നു വേറെ ഒരു കാരണമുണ്ട്." എന്നു ഞാൻ പറഞ്ഞു.

"അതെന്താ?"

"ദക്ഷിണഇൻഡ്യയിൽനിന്നു ഇൻസ്റ്റിട്യൂട്ടിലേക്കു ഒന്നാമതായി ഒരു സംഭാവന കിട്ടിയതു് എന്നിൽനിന്നാണെന്നു കാണിച്ചു് ഒരെഴുത്തും നിങ്ങളുടെ ഒരു ഛായയും എനിക്കു നിങ്ങൾ അയച്ചുതന്നിട്ടുണ്ടു്.

അതു ഞാൻ പറഞ്ഞ സമയം, അദ്ദേഹം ഇരുന്നിരുന്നേടത്തുനിന്നു എഴുന്നേററു് എന്നെ ഒന്നു തൊഴുതു് വീണ്ടും ഇരുന്നു. ഞാനും തിരിച്ചു തൊഴുതു.

"എന്നെ നിങ്ങൾ രണ്ടുമൂന്നു തവണയായി കൊച്ചിയിലേക്കു ക്ഷണിക്കുന്നു. മദിരാശിയിൽവെച്ചു തീപ്പെട്ട മഹാരാജാവും എന്നെ ക്ഷണിക്കുകയുണ്ടായിട്ടുണ്ടു്. അതു കാണേണ്ട ചരിത്രപ്രസിദ്ധമായതും കൌതുകമേറിയതുമായ രാജ്യമാണെന്നു് എനിക്കറിയാം. ഇവിടത്തെ പണിത്തിരക്കും എൻെറ സുഖക്കേടും പ്രതിബന്ധങ്ങളായിരിക്കയാണു്. എങ്കിലും ഞാനതു വന്നുകാണും." എന്നിങ്ങനെ അദ്ദേഹം കാപ്പിസൽക്കാരത്തോടുകൂടി സംഭാഷണം തുടൎന്നു. വിദേശങ്ങളിൽ അദ്ദേഹത്തിന്നുണ്ടായിട്ടുള്ള ചില അനുഭവങ്ങൾ, ഡാൎജിലിങ്ങിലുള്ള അദ്ദേഹത്തിൻെറ തോട്ടം, എന്നിവയെക്കുറിച്ചെല്ലാം പറഞ്ഞു. കൊച്ചിയെപ്പററി പലതും എന്നോടു ചോദിച്ചു. എന്നാൽ ലോകത്തിൽ അദ്ദേഹത്തിൻെറ കീൎത്തിയെ പ്രതിഷ്ഠിക്കുവാൻ കാരണങ്ങളായ അദ്ദേഹത്തിൻെറ സ്വകപോലശക്തിയുടെ ഫലങ്ങളെക്കുറിച്ചു് ഒരു വാക്കുപോലും പറഞ്ഞില്ല. മഹാന്മാരുടെ പരിപാവനമായ വിനയം!

നമ്മൾ ഇങ്ങനെ സംസാരിച്ചിരുന്നാൽ, നിങ്ങൾക്കു വന്നകാൎയ്യം സാധിച്ചില്ലെന്നുവരാം." എന്നു് അദ്ദേഹം പറഞ്ഞു. "ശാസ്ത്രത്തിന്നായി സൎവ്വസ്വദാനം ചെയ്തിരിക്കുന്ന

നിങ്ങളെ രണ്ടുപേരേയും കാണ്മാൻ എനിക്കു അതി മോഹമുണ്ടായിരുന്നു; അതൊരു ദേവദൎശനമായിട്ടാണ് ഞാൻ കരുതുന്നതു്." എന്നു ഞാൻ പറഞ്ഞു. അപ്പോൾ ചിരിച്ചുംകൊണ്ടു, "നായന്മാർ മുഖസ്തുതിക്കാരല്ല എന്നാണല്ലൊ ഞാൻ കേട്ടിരിക്കുന്നതു്". എന്നു ബോസ് പറഞ്ഞു. "അതു പരമാൎത്ഥമാണ്. അവർ മഹാജനങ്ങളെ പൂജിക്കുന്നവരാണ്; കാരണവന്മാരെ കുലദൈവങ്ങളായി കരുതിവരുന്നവരാണ്. ഇതവിടുന്നു കേട്ടിട്ടില്ലെ?" എന്നു ഞാനും അല്പം ഉന്മേഷത്തോടുകൂടി പറഞ്ഞു. അതു രസിച്ചു. ഉടനെ യാത്ര പറഞ്ഞു. രണ്ടു പ്രധാന അദ്ധ്യാപകന്മാരൊരുമിച്ചു് എന്നെ ഇൻസ്റ്റിട്യൂട്ടിലേക്കു പറഞ്ഞയച്ചു.

അവിടെകണ്ട കാഴ്ചകളെല്ലാം വൎണ്ണിക്കുവാൻ ഞാൻ അശക്തനാണ്. ഒരു ശാസ്ത്രശാല അങ്ങനെ ഇരിക്കേണമെന്നു എനിക്കു തോന്നി. എന്തു വൃത്തിയും വെടിപ്പുമാണ്! അനാവശ്യമായ ഒരു കരടുപോലും അവിടെ എങ്ങും ഞാൻ കണ്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗമണ്ഡപം കാണേണ്ട ഒരു കാഴ്ചയാണ്. എഴുതേണ്ട ബോർഡുകൾ വലിച്ചുടുപ്പിക്കുവാനും അകലെ നീക്കുവാനും താഴ്ത്തുവാനും പല നിറത്തിലുള്ള വിളക്കുകളിൽ വേണ്ടതു കുളത്തുവാനും കിടത്തുവാനും നിന്ന നിലയിൽ ഒരു കുട്ടിക്കുകൂടി സാധിക്കും. പതുക്കെ പറഞ്ഞാൽ പോലും ദൂരെ ഇരിക്കുന്നവൎക്കു കേൾക്കാം. പ്രസംഗിക്കുവാൻ ആയാസപ്പെടേണ്ട. ചെറിയ ചെടികളുടെ ഹൃദയസ്പന്ദനങ്ങളെയും നാഡികളുടെയും രക്തവാഹിനികളുടെയും ചലനങ്ങളെയും പ്രകാശിപ്പിക്കുന്ന സൂക്ഷ്മയന്ത്രങ്ങൾ കൂടി ശ്രീ: ബോസിന്റെ മേൽനോട്ടത്തിൽ കല്കട്ടയിൽ വെച്ചുണ്ടാക്കിയവയാകുന്നു. അവ വിദേശങ്ങളിൽ നിന്നു വരുത്തിയവയല്ല. ചെടികൾക്കു വിഷം കൊടു

ക്കുക, അതിന്നു പിന്നെ മരുമരുന്നു കൊടുക്കുക, ചെടികളെ സൂശികൊണ്ടു കുത്തിയൊ വടികൊണ്ടടിച്ചൊ വേദനിപ്പിക്കുക, എന്നിങ്ങനെ ചെയ്യുമ്പോൾ അവരുടെ വ്യത്യാസങ്ങളെ കാണിച്ചുകൊടുക്കുക എന്നുള്ളതു് അവിടെയുള്ളവൎക്കു ഒരു നേരംപോക്കായിട്ടേ അവർ വകവെച്ചിട്ടുള്ളൂ. അവിടെ കാണിച്ചതന്ന പല ഇനങ്ങളിൽ ഒരു പരീക്ഷണത്തെ കുറിച്ചു രണ്ടു വാക്കു പറയാം. അവയ്ക്കു വേണ്ട ആഹാരംകഴിക്കുന്നതിന്നു സസ്യങ്ങൾക്കു സൂൎയ്യരശ്മിയുടെ സഹായം ആവശ്യമാണു്. ഒരു ചാൺ പൊക്കമുള്ള ഒരു ചെടിയെ സ്ഫടികപ്പാത്രത്തിൽ വെള്ളം ഒഴിച്ചു് അതിൽ വെച്ചു വളൎത്തുന്നുണ്ടു്. മററൊരു സ്ഫടികപ്പാത്രംകൊണ്ടു അതിനെ നല്ലപോലെ മൂടിട്ടുമുണ്ടു്. ഒരു ചെറിയ യന്ത്രം അടുത്തു വെച്ചിട്ടുണ്ടു്. അതിന്റെ ഒരു ചെറിയ കമ്പി ചെടിയുടെ അടിത്തണ്ടിന്മേൽ തൊടീച്ചിരുന്നു. ആഹാരം കഴിക്കുന്ന സമയം യന്ത്രത്തിലുള്ള ഒരു ചെറിയ മണി അടിക്കും. ചെടിയുടേയും സൂൎയ്യന്റേയും എടയ്ക്കു മുകളിൽ മേഘമോ താഴെ വല്ല കടലാസൊ മററൊ വന്നാൽ, ഉടനെ മണിയടി നില്ക്കും. ഇങ്ങനെ, കണ്ടതെല്ലാം ചുരുക്കത്തിലായാലും, വിവരിക്കുന്നതായാൽ അധികം സ്ഥലം എടുക്കും. അതുകൊണ്ടു നമുക്കു ഇനി രാമകൃഷ്ണാശ്രമത്തിന്റെ കേന്ദ്രസ്ഥാനത്തേക്കു പോകുക.

അതു ഹൂഗ്ലിയുടെ ഇരുകരകളിലായി കിടക്കുന്നു. ഒരുവശത്തു അദ്ദേഹം തപസ്സുചെയ്തിരുന്ന പഞ്ചവടി, പൂജിച്ചിരുന്ന ഭഗവതിക്ഷേത്രം, താമസിച്ചിരുന്നസ്ഥലം, ഇവയും, മറുവശത്തു ആശ്രമംവക ആപ്പീസ്, പുസ്തകശാല, പരമഹംസരുടേയും വിവേകാനന്ദസ്വാമിയുടേയും സമാധിസ്ഥലങ്ങൾക്കുമീതെ കെട്ടിയിരിക്കുന്ന ക്ഷേത്രങ്ങൾ, സന്ന്യാസിമാൎക്കു താമസിക്കുവാനുള്ള കെട്ടിടങ്ങൾ

എന്നിവയും ഉണ്ട്. എല്ലാം നദിയുടെതന്നെയാണു് കിടക്കുന്നതു്. പഞ്ചവടി എന്ന സ്ഥലത്തു അഞ്ചു വൃക്ഷങ്ങളുണ്ടു്. അവയുടെ നടുക്കു് ഒരാൾക്കു ഇരുന്നുപെരുമാറത്തക്ക സ്ഥലമുണ്ടു്. അതിനടുത്തൊരു മാളികയുടെ താഴത്തെ മുറിയിലായിരുന്നു പരമഹംസർ താമസിച്ചിരുന്നതു്. പഞ്ചവടിയും താമസസ്ഥലവും വളരെ മോശമായിട്ടാണു് കണ്ടതു്. മുറിയുടെ വാതലുകളും ജനേരികളും എല്ലാം തുറന്നു കിടന്നിരുന്നു. ചില കതകുകൾ ഇല്ല. രണ്ടടിക്കും അടിച്ചുതളിച്ചിട്ടു വളരെ നാളായിരിക്കണം ശ്രീമതി രാശാമണിയുടെ കാലശേഷം, ഇവയൊന്നും ആരും ശ്രദ്ധവെച്ചു സൂക്ഷിക്കാറില്ലെന്നു അവിടെ പറഞ്ഞുകേട്ടു. ഇവയുടെ സമീപമാണു് ദേവീക്ഷേത്രവും. ഏകദേശം ഒരു രണ്ടേക്കർ സ്ഥലത്തു് നടുഭാഗം ഒഴിച്ചിട്ടിട്ടുണ്ടു്. അവിടെ ഇഷ്ടക വിരിച്ചിരിക്കുന്നു. അതിനു് ഇരുഭാഗത്തും നീളത്തിൽ പല മുറികളോടുകൂടിയ രണ്ടു കെട്ടിടങ്ങളുണ്ടു്. ഒന്നിൽ മുഴവനും ശിവലിംഗങ്ങളെയാണു് പ്രതിഷ്ഠിച്ചിരിക്കുന്നതു്. മറേറതിലും ശിവലിംഗങ്ങളാണു് ഒട്ടുമുക്കാലെണ്ണം മുറികളിലുമുള്ളതു്. ശേഷം മുറികളിൽ വേറെ ദേവന്മാരേയും ദേവികളേയും പ്രതിഷ്ഠിച്ചു കണ്ടു. ഞാൻ ചെന്ന സമയം രാമകൃഷ്ണപരമഹംസർ പൂജിച്ചിരുന്ന ക്ഷേത്രത്തിൽ മാത്രം പൂജ നടക്കുന്നുണ്ടായിരുന്നു. അതിലെ പുരോഹിതൻ ഭക്തിശ്രദ്ധയോടുകൂടി പുഷ്പാഞ്ജലിയും ദീപാരാധനയും നടത്തുന്നതു കണ്ടു.

മറുഭാഗത്തു വിശാലങ്ങളും മനോഹരങ്ങളുമായ കെട്ടിടങ്ങളുണ്ടു്. അവയെ ശുചിയായി വെച്ചിട്ടുമുണ്ടു്. രാമകൃഷ്ണപരമഹംസനായിക്കൊണ്ടു ഒരു ക്ഷേത്രം പണിയിക്കുവാൻ അമേരിക്കയിൽനിന്നൊരു ഭക്ത ലക്ഷം രൂപ അയച്ചുകൊടുത്തിരുന്നു. മാർബിൾകൊണ്ടാണു് കെട്ടിടം നിർമ്മിക്കുന്നതു്. ഞാൻ ചെന്നസമയം പണിപകുതി

യായിരുന്നു. ഇപ്പോഴുംതന്നെ പരമഹംസക്കും വിവേകാനന്ദസ്വാമിക്കും ഓരോ ക്ഷേത്രമുണ്ട്. ബേലൂർ മഠത്തിനോടു അനുബന്ധിച്ചു ഒരു ഒന്നാംതരം പുസ്തകശാലയുണ്ട്. സന്ന്യാസിമാർക്കും ശിഷ്യജനങ്ങൾക്കും താമസിക്കുവാനുള്ള സ്ഥലങ്ങൾ, പാകശാല, ചതുഷ്പതി, ഗോശാല, പ്രാർത്ഥനമന്ദിരം, ധ്യാനമുറി, കാര്യാനുഷ്ഠാനഗൃഹം, ധർമ്മശാല, ആസ്പത്രി, അതിഥിമന്ദിരം എന്നിങ്ങനെ പല കെട്ടിടങ്ങളെയും അവിടെ കണ്ടിരിക്കുന്നു. ഇവയ്ക്കും പുറമെ, പാഠശാലകൾ, കരകൌശലങ്ങളെ അഭ്യസിപ്പിക്കുവാനുള്ള പള്ളിക്കൂടം എന്നിവയും ഉണ്ട്.

വിവേകാനന്ദസ്വാമി അമേരിക്കയിൽ നിന്നു വന്നതിനുശേഷം, 1897 മേമാസത്തിലാണ് ബേലൂര് രാമകൃഷ്ണപ്രേരണസംഘം ആരംഭിച്ചതു്. ഇൻഡ്യയിൽ 82 കേന്ദ്രങ്ങളുണ്ട്. അമേരിക്കയിലും യൂറോപ്പിലും കൂടി പത്രണ്ടെണ്ണമുണ്ട്. ലോകത്തെ ഏതെല്ലാം പ്രകാരത്തിൽ സഹായിക്കാമോ സേവിക്കാമോ അതിനെല്ലാം ബദ്ധശ്രദ്ധയോടുകൂടി ഒരുങ്ങിയിരിക്കുന്നവരാണ് ഈ ആശ്രമസന്ന്യാസികൾ. അഗതികളെ സഹായിക്കുക, രോഗികളെ ശുശ്രൂഷിക്കുക, വെള്ളപ്പൊക്കം, ക്ഷാമം, അഗ്നിബാധ എന്നിവയാൽ കഷ്ടപ്പെടുന്നവരെ രക്ഷിക്കുക, വിദ്യാധനം വിതരണംചെയ്യുക, വ്യവസായങ്ങളെ പോഷിപ്പിച്ചു സാധുക്കളുടെയും തൊഴിലില്ലാത്തവരുടെയും ഇടയിൽ ധനാഗമമാർഗ്ഗങ്ങളെ ഉണ്ടാക്കുക, ജനങ്ങളെ ഈശ്വരസേവയിൽ ജാഗരൂകരാക്കുക എന്നിങ്ങനെ ഓരോ സദ്വിഷയങ്ങളിൽ അവർ ഏർപ്പെട്ടുകൊണ്ടിരിക്കും. ഇവരുടെ നിഷ്കളങ്കമായ ദീനവത്സലതയും ലോകസേവനവും കണ്ടിട്ടു് അനവധി ധനികന്മാർ ഓരോ സൽക്കർമ്മങ്ങൾക്കായി വളരെ സ്വത്തു് ഇവരെ ഏല്പിച്ചിട്ടുണ്ട്. നാല്പതു കേന്ദ്രങ്ങളുടെ കണക്ക് എന്റെ മുമ്പിൽ കിടപ്പുണ്ട്.

അതിൽനിന്നു 1933-ൽ അവയിൽ 13,56,829 രൂപ മൂലധനം ഉള്ളതായും ആ കൊല്ലം 6,15,832-ക വരവും 4,80,071-ക ചിലവും ഉള്ളതായും കാണുന്നു.

ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുള്ളതു് ശാന്തവും ആനന്ദപ്രദവുമായിട്ടുള്ള പ്രദേശങ്ങളിലാകുന്നു. ശ്രീ ബോസ് കണ്ടുപിടിച്ചിട്ടുള്ള പല സംഗതികൾക്കുമുള്ള ഈശ്വര പ്രേരണ അദ്ദേഹത്തിന്നു കിട്ടീട്ടുള്ളതു് ഹിമവൽപ്രദേശത്തുള്ള മായാവതി ആശ്രമത്തിൽവെച്ചായിരുന്നു എന്നു അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്.

കൽക്കട്ട വിടുന്നതിന്നു മുമ്പു ഇനി ഒരു സ്ഥാപനത്തെക്കുറിച്ചുകൂടി അല്പം ചിലതു് പറയേണ്ടതുണ്ടു്. അതിനെ സംബന്ധിച്ചു കൂടുതൽവിവരം നമ്മുടെ സ്ത്രീജനങ്ങൾ സമ്പാദിക്കേണ്ടതുമാകുന്നു. സരോജനളിനീസ്മാരകസഭയിലേക്കാണു് ഞാനിനി നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നതു്. സരോജനളിനി ബാബു ജി. എസ്. ഡട്ടിൻെറ ഭാൎയ്യയായിരുന്നു. അദ്ദേഹം ബങ്കാൾ സംസ്ഥാനത്തു പല ജില്ലകളിലും കലക്ടർ ഉദ്യോഗം പ്രശസ്തമായരീതിയിൽ ഭരിച്ചു് ഇപ്പോൾ ആ ഗവമ്മെണ്ടിലെ റവന്യൂ സെക്രട്ടറിയായിരിക്കുന്നു. സ്ത്രീകളുടെ അഭ്യുന്നതിയെ ലക്ഷ്യമാക്കി അദ്ദേഹം ഇരുന്നിട്ടുള്ള ദിക്കുകളിലെല്ലാം സഭകൾ, പാഠശാലകൾ, പുസ്തകശാലകൾ, വ്യവസായമന്ദിരങ്ങൾ എന്നിവയെ സരോജനളിനി സ്ഥാപിച്ചു പോന്നു. ഇതിന്നുപുറമെ, ആ സ്ത്രീരത്നം ഗർഭരക്ഷ, പ്രസവശുശ്രൂഷ, ശിശുപരിപാലനം എന്നിവയ്ക്കു വേണ്ട ഏൎപ്പാടുകളും ചെയ്തിരുന്നു. അവർ 1825 ജനുവരിയിൽ അവരുടെ 37-ാമത്തെ വയസ്സിൽ ദിവംഗതയായി. അവരുടെ ഗുണഗണങ്ങൾ അറിഞ്ഞു മാനിച്ചിരുന്ന പല മഹതീമഹാന്മാരുംകൂടി ആ മാർച്ചുമാസത്തിൽ ഈ സഭ ആരംഭിച്ചു. ഇന്നു ബങ്കാളത്തു് ഈ സഭയുടെ കീഴിൽ

നാന്തുറിൽ കൂട്ടതലായി സമിതികളുണ്ട്. ഈ സമിതികൾ ദേശകാലങ്ങളെ അനുസരിച്ചു പലതരം വ്യവസായങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടാണിരിക്കുന്നതു്. കുടിൽവ്യവസായം, വിദ്യാപ്രദാനം; ആരോഗ്യരക്ഷ, വിശ്രമം, വിനോദം എന്നിങ്ങനെ തുടങ്ങിയിട്ടുള്ള നാനാവിധത്തിലുള്ള വഴികളിൽകൂടി അവ:യുടെ ഉത്സാഹത്തെ പ്രദർശിപ്പിക്കുന്നുണ്ട്. ഈ വക ഉദ്യമങ്ങളിൽ സമിതികളെ സഹായിക്കുവാൻ വേണ്ട മനസ്സും തക്ക പ്രാപ്തിയുമുള്ള സ്ത്രീകളെ പഠിപ്പിച്ചയച്ചുകൊടുക്കുന്ന ജോലി സഭ ഏററു നടത്തിവരുന്നു. അത്യാവശ്യം വേണ്ട ദിക്കുകളിൽ ധനസഹായവും ചെയ്തുകൊടുക്കും. ഈ സഭയ്ക്കു ആണ്ടുവീതം ഗവൎമ്മെണ്ടിൽനിന്നു 7400 രൂപയും കല്ക്കട്ടാ മുനിസിപ്പാലിററിയിൽനിന്നു 6000കയും ധനസഹായം ലഭിക്കുന്നുണ്ട്. ആജീവനസദസ്യരായും മററുതരം അംഗങ്ങളായും അനവധി ആളുകൾ ഈ സഭയായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവരുടെ കൂട്ടത്തിൽ ജഡ്ജിമാർ, കലക്ടർമാർ, പ്രഭുക്കന്മാർ, മററു ധനികന്മാർ, വലിയ വക്കീലന്മാർ തുടങ്ങിയവർ ഉൾപ്പെട്ടിട്ടുണ്ട്. ഈ സഭയുടെ നാനാമുഖങ്ങളായ പ്രവൃത്തികളിൽനിന്നു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുണങ്ങൾ അമൂല്യങ്ങളും അനന്തങ്ങളുമാണെന്നുവേണം പറയുവാൻ.

സ്കൌട്ടുപ്രസ്ഥാനത്തിന്റെ സദൃശമായി ബങ്കാളത്തു് വ്രതചാരിപ്രസ്ഥാനമുണ്ട്. ഇതിന്നു ബങ്കാളത്തു് നല്ല പ്രചാരം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. പാട്ടുകളെല്ലാം ബങ്കാളിഭാഷയിലാണു്; കളികളും നാടൻ മട്ടാണു്. ഇതിൻെറ ജനയിതാവു് മുൻപറഞ്ഞ ഗുരുസദെ ഡട്ടു് തന്നെയാകുന്നു. ഒരാൾ വ്രതചാരിയായി ചേരുന്ന സമയം ചെയ്യേണ്ട പ്രതിജ്ഞാവാചകങ്ങൾ ഇവ മൂന്നാകുന്നു: "ഞാൻ ബങ്കാളത്തെ സ്നേഹിക്കുന്നു; ഞാൻ ബങ്കാളത്തെ

സേവിച്ചുകൊള്ളാം; ഞാൻ ബങ്കാളത്തെ ഒരു വ്രതചാരിയായിരിക്കുന്നതാണ്." കുട്ടികളെങ്കിൽ പ്രതിജ്ഞകൾക്കു അല്പം വ്യത്യാസമുണ്ട്. അവയിൽ ചിലവയെ താഴെ കാണിക്കാം:

"ഞാനോടിക്കളിച്ചു ചിരിച്ചോളാം.

ഞാനെല്ലാവരെയും സ്നേഹിച്ചുകൊള്ളാം.

ഞാൻ ഗുരുജനങ്ങളെ അനുസരിച്ചു നടക്കുന്നതാകുന്നു.

ഞാൻ ഭൂതദയയോടുകൂടെ ഇരിക്കും.

ഞാൻ എഴുതുകയും വായിക്കുകയും പഠിക്കുകയും ചെയ്യാം.

ഞാൻ സത്യമേ പറയുകയുള്ളൂ".

ഇരുകൂട്ടരും ജ്ഞാനം സമ്പാദിക്കുക, സത്യത്തെ പരിപാലിക്കുക, ജീവജാലങ്ങളെ സ്നേഹിക്കുക, ശരീരശക്തിയും മനഃപ്രസാദവും വർദ്ധിപ്പിക്കുക, ശീലഗുണങ്ങളെ പോഷിപ്പിക്കുക, സംഘബലം കൂട്ടുക, സ്വരാജ്യത്തെ സ്നേഹിക്കുക, സ്വാശ്രയശീലത്തെ മാനിക്കുക എന്നിങ്ങനെയുള്ള പ്രവൃത്തികളിൽ ജാഗരൂകരായിരിക്കണം. ഇതു നിർബ്ബന്ധമായിട്ടുള്ള ഒരു ശാസനയാണ്. ഈവക പ്രശംസാവഹങ്ങളും അപരിത്യാജ്യങ്ങളും ആയ പ്രവൃത്തികളിൽ ഔത്സുക്യം ജനിപ്പിക്കത്തക്ക പാട്ടുകളാണ് ഇവരുടെ വിശ്രമവിനോദാവസരങ്ങളിൽ പാടിവരുന്നതു്. സ്വദേശികളും വിദ്യാഭ്യാസവിചക്ഷണന്മാരും ആയ പല പല മഹാന്മാരും ഈ സ്ഥാപനത്തെ അതികേമമായി സ്തുതിച്ചു വരുന്നുണ്ടു്. ശ്രീമാൻ ഡട്ടവർകൾ തന്നെയാണ് എന്നെ വ്രതചാരിയായി നാമകരണം ചെയ്തതു്. പക്ഷെ, എന്റെ പ്രതിജ്ഞാവാചകങ്ങളിൽ ബങ്കാൾ എന്നതിനു പകരം കൊച്ചി എന്ന വാക്കാണ് ഞാൻ ഉപയോഗിച്ചതു്.

## അദ്ധ്യായം ൧൦

### പൂരി—ജഗന്നാഥം

കൽക്കട്ടായിൽനിന്നു ഞാൻ പൂരിയിലേക്കാണു് പോയതു്. അവിടെയാണു് പ്രസിദ്ധമായ ജഗന്നാഥ ക്ഷേത്രമുള്ളതു് പൂരി ഒറിസാ സംസ്ഥാനത്താകുന്നു. കൊച്ചിയിലുള്ളവർ ചൊവ്വരയ്ക്കും നീലഗിരിയ്ക്കും പോകുംപോലെ ബങ്കാളികൾ വേനൽക്കാലത്തു പൂരിയിൽ പോയി താമസിക്കും. എനിക്കു ടാഗോറിനേയും, ശാന്തി നികേതത്തേയും കാണേണമെന്നുണ്ടായിരുന്നു. അന്വേഷിച്ച സമയം, ശാന്തിനികേതനത്തിൽ സൂക്ഷിപ്പുകാരനല്ലാതെ ആരുമില്ലെന്നും ടാഗോർ പൂരിയിലാണെന്നും മറുപടി കിട്ടി. വൈകുന്നേരമായാൽ, പൂരിയിൽ കടപ്പുറത്തു നല്ല തിരക്കായിരിക്കും. രാവിലെ ചിലർ സ്നാനത്തിനു വരുന്നതു കാണാം. രാത്രി പത്തു പതിനൊന്നു മണിവരെ കടപ്പുറത്തു ലാത്തുവാനും സല്ലാപത്തിനും വരുന്നവരെ കാണാം. കടപ്പുറം പട്ടണത്തിൽനിന്നും ക്ഷേത്രത്തിൽനിന്നും രണ്ടുനാഴിക അകലെയാണു്. ക്ഷേത്രത്തിനടുത്തു സത്രങ്ങളുണ്ടെങ്കിലും, കടപ്പുറത്തു താമസിക്കുന്നതാണു് സുഖം. പത്തുപതിനഞ്ചു ദിവസം കടപ്പുറത്തു കൂടാമെന്നായിരുന്നു എന്റെ മോഹം. പക്ഷെ, രണ്ടുനാൾ ചെന്നപ്പോൾ, ഇവിടെ ചന്ദ്രി കമ്പനിയിൽ പണിക്കായി വന്നിരുന്ന ഒരു ഇഞ്ചിനീയർ അവിടെ വന്നു. അദ്ദേഹത്തിൻെറ ഉത്സാഹത്തിന്മേൽ ഞാൻ വേഗം തിരിച്ചു പുറപ്പെട്ടു. ക്ഷേത്രദർശനത്തിൽ കുറച്ചു ബുദ്ധിമുട്ടുണ്ടു്. ഏതു ദിവസവും ത്രിസന്ധ്യകളിൽ തിരക്കുതന്നെ ആയിരിക്കും. ഞാൻ താമസിച്ചിരുന്ന സ്ഥലത്തിൻെറ ഉടമസ്ഥൻ ബങ്കാളിയുടെ സഹായംകൊ

ണ്ടു് ക്ഷേത്രകാര്യങ്ങളെല്ലാം യഥാവിധി ബുദ്ധിമുട്ടുകൂടാതെ കഴിച്ചുകൂട്ടി. ദേവാലയത്തിന്റെയും അതിന്റെ ഗോപുരങ്ങളുടേയും അത്ഭുതകരമായ നിർമ്മാണരീതി, അനവധി മൺകലങ്ങൾ മേലയ്ക്കുമേലെവെച്ച് അവിടെ നിവേദ്യം ഉണ്ടാക്കുന്ന സമ്പ്രദായം, ഇതൊക്കെ എല്ലാവക്കും അറിവുള്ളതാകകൊണ്ടു ഞാൻ ആ വക വിവരണത്തിനു ഒരുങ്ങുന്നില്ല.

പൂരിയിലെ ജഗന്നാഥക്ഷേത്രം അതിപുരാതനവും പാവനവും ആയിട്ടുള്ള ഒന്നാണ്. മൈത്രോപനിഷത്തു്, മഹാഭാരതം, സ്കന്ദം, കൂർമ്മം, ബ്രഹ്മാണ്ഡം, പത്മം, നാരദം എന്നീ പുരാണങ്ങളിൽ ഈ ക്ഷേത്രത്തേയും ജഗന്നാഥസ്വാമിയേയും കുറിച്ചു പറഞ്ഞു കാണുന്നുണ്ടു്. പുരാണങ്ങളിൽ പുരുഷോത്തമക്ഷേത്രം എന്നാണ് പറഞ്ഞിട്ടുള്ളതു്. സ്കന്ദപുരാണത്തിൽ ഉള്ള ഭാഗത്തെ സംക്ഷേപിച്ച് ഒറിസായിൽ പുരുഷോത്തമമാഹാത്മ്യം എന്നൊരു ഗ്രന്ഥമുണ്ടു്. ബിംബം ഇന്ദ്രനീലക്കല്ലുകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഇതാദ്യം കടപ്പുറത്തു മണലിൽ താണു കിടന്നിരുന്നു എന്നും ജംബൂഫലത്തെ തേടി നിന്നിരുന്ന പൃഥു എന്നൊരു കിരാതബാലനാണ് അതിനെ ആദ്യം കണ്ടതെന്നും, ആ കുട്ടിയുടെ സ്വജനങ്ങൾ അവിടെ എല്ലാം വെട്ടി നന്നാക്കി ആരാധിച്ചു തുടങ്ങിയെന്നും മററും പത്മപുരാണത്തിൽ പറഞ്ഞിരിക്കുന്നു. കാഞ്ചിരാജാവായ രത്നഗ്രീവനാണ് ക്ഷേത്രനിർമ്മാണം ചെയ്തെന്നും പ്രസ്താവിച്ചിരിക്കുന്നു. ബ്രഹ്മാണ്ഡപുരാണത്തിൽ അമ്പലം പണിയിച്ചതു് അവന്തീരാജാവായ ഇന്ദ്രദ്യുമ്നനെന്നും, സ്കാന്ദത്തിൽ ഇന്ദ്രദ്യുമ്നൻ ഉജ്ജയിനിയിലെ രാജാവായിരുന്നു എന്നും കാണുന്നു. ചില താമ്രശാസനങ്ങളിൽ ദേവാലയം ഉണ്ടാക്കിയതു് ഗംഗരാജനായ ഗംഗേശ്വരദേവനെന്നും മററു ചിലതിൽ മനോര

ഥനെന്ന ഒരു ഗയാബ്രാഹ്മണനെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഒറിസയിൽ നാട്ടുകാരുടെ ഇടയിൽ ക്ഷേത്രനിർമ്മാണത്തെപ്പററി ഒരു പഴയ പാട്ടുണ്ട്. അതിലെ കഥ മറെറാരു വിധമാണ്. അതു രസാവഹമായിട്ടുള്ളതാകയാൽ ഇവിടെ ചേർക്കുന്നു. ശ്രീകൃഷ്ണഭഗവാൻെറ ശവസംസ്കാരസമയം, അദ്ദേഹത്തിൻെറ നാഭിമാത്രം ദഹിക്കാതെ കിടന്നു. അതിനെ ഒരു പരമഭക്തൻ ദ്വാരകയിൽനിന്ന് പൂരിയിൽ കൊണ്ടുവന്നു നീലഗിരിയിൽ സ്ഥാപിച്ചു. അതുകാരണമാണ് ജഗന്നാഥസ്വാമിയെ നീലമാധവൻ എന്നു പറഞ്ഞുവരുന്നത്. കലികാലത്ത്. ഇന്ദ്രദ്യുമ്നനെന്നു പ്രസിദ്ധനായ പാണ്ഡ്യരാജേന്ദ്രൻ ഭക്തന് മോക്ഷംകൊടുക്കുന്ന ഒരു ഈശ്വരനെ കണ്ടുപിടിക്കേണമെന്ന് അദ്ദേഹത്തിന്റെ പുരോഹിതൻ വിദ്യാപതിയോടു പറഞ്ഞു അദ്ദേഹം അതിന്നായി പല ദിക്കുകളിലും അലഞ്ഞുനടന്ന് ഒടുവിൽ പൂരിയിൽ ചെന്നു. അക്കാലത്തവിടെ ആര്യന്മാർ ഉണ്ടായിരുന്നില്ല; വിശ്വാവസു എന്നൊരു ശബരനായിരുന്നു അവിടെ അധികാരിയായിരുന്നത്. വിദ്യാപതി യാത്രാക്ലേശംകൊണ്ടും മററും വളരെ ക്ഷീണിച്ചിരുന്നകാരണം, വിശ്വാവസുവിനെ ശരണം പ്രാപിച്ചു. വിശ്വാവസു തൻെറ മകളെ വിദ്യാപതിക്കു വേണ്ട ശുശ്രൂഷകൾ ചെയ്യാൻ ഭാരമേല്പിച്ചു. പതിവായി, വിശ്വാവസു അതിരാവിലെ താമസസ്ഥലം വിടുന്നതും നേരം വളരെ വൈകീട്ടുമാത്രം തിരിച്ചു വരുന്നതും വിദ്യാപതി കണ്ടു. ശബരകന്യകയോടു അതിനുള്ള കാരണം ചോദിച്ചു നീലഗിരിയിൽ നീലമാധവനെ സേവിക്കുകയാണ് അച്ഛൻ ചെയ്യുന്നതെന്നു അവൾ പറഞ്ഞു. തനിക്കും അവിടെ പോയാൽ കൊള്ളാമെന്നു വിദ്യാപതി ആവശ്യപ്പെട്ടു എങ്കിലും, വിശ്വാവസു അതിനു സമ്മതിച്ചില്ല. വിദ്യാപതിയിൽ മകൾ അനു

രക്തയായി; വിദ്യാപതിയും അവളെ സ്നേഹിച്ചു. നീലമാധവനെ ദർശിക്കുവാൻ സൌകര്യം കിട്ടിയാൽ, വിവാഹം ചെയ്യാമെന്നു വിദ്യാപതി സമ്മതിച്ചു. കണ്ണുകെട്ടി വിദ്യാപതിയെ വിശ്വാവസു ദേവസന്നിധിയിൽ കൊണ്ടുപോയി. ശബരൻ കാണാതെ പുരോഹിതൻ വഴിക്കു കടുകുമണികൾ തൂകികൊണ്ടു പോയിരുന്നു. നീലമാധവൻെറ സന്നിധാനത്തിൽ ചെന്നസമയം, വിദ്യാപതിക്കു എന്തെന്നില്ലാത്ത ഒരു തേജസ്സ് അവിടെ കാണ്മാൻ ഇടയായി. തൻെറ സ്വാമിക്കുവേണ്ട ക്ഷിപ്രപ്രസാദിയായ ഭഗവാൻ അതുതന്നെ എന്നു തീർച്ചയാക്കി തിരിച്ചു രാജ്യത്തിൽ വന്നു രാജാവിനെ കൂട്ടിക്കൊണ്ടുപോയി. കടുകുചെടികളുടെ സഹായത്തോടുകൂടി രണ്ടുപേരും നീലമാധവനെ ദർശിച്ചു. രാജാവു അവിടെ അതികേമമായൊരു ക്ഷേത്രം പണിയിക്കുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തു. മേൽനോട്ടത്തിനു വിദ്യാപതിയേയും അദ്ദേഹത്തിൻെറ ശ്വശുരനായ ശബനെയും ഏല്പിച്ചു നാട്ടിലേക്കു തിരിച്ചു. ആ ക്ഷേത്രത്തിലെ സ്വാമിയെ ഭക്തിയോടുകൂടി കൈക്കുപ്പി ഞാനും നാട്ടിലേക്കു മടങ്ങി, കാലഭൈരവപ്രീതിയും കഴിച്ച്, സുഖമായി വസിച്ചു.

---

165376
38304
U6:2:N2
32H2
UNIVERSITY LIBRARY MADRAS
MUL
165376

Printed at the B. V. Book Depot & Printing Works, Trivandrum

25 NOV 1955